# നവജീവൻ

പുസ്തകം ൧൩ | തിരുവനന്തപുരം | ലക്കം ൧൨




1938 ജൂൺ 27, 1113 മിഥുനം 13 തിങ്കൾ

## വിദ്യാഭ്യാസച്ചെലവ്

തിരുവിതാംകൂറിൽ വിദ്യാഭ്യാസത്തിനു ഇൻഡ്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു ഇതുലോം പുരോഗതി പ്രാപിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. കൂടുതൽ പുരോഗതി വരുത്തുവാൻ വേണ്ടി ഒരു യൂനിവേഴ്സിററിതന്നെ സ്ഥാപിച്ചു. മുക്തഹസ്തമായി ധനവ്യയംചെയ്തും ഗവൺമെൻറിൽനിന്നു പല വഴിക്കു പല ശ്രമങ്ങളും ചെയ്തുവരുന്നുമുണ്ട്. ക്ഷേത്രപ്രവേശനവിളംബരത്തോടുകൂടി സ്കൂൾപ്രവേശനപ്രതിബന്ധം പല സമുദായങ്ങൾക്കും ഉണ്ടായിരുന്നതു എല്ലാ സ്കൂളുകളെ സംബന്ധിച്ചും ഇപ്പോൾ നിവാരിതമായി തീരുകയും ചെയ്തിരിക്കുന്നു. ഏതു കുട്ടിക്കും രണ്ടുമൈലിൽ കൂടുതൽ നടക്കാതെ ഏതെങ്കിലും പള്ളിക്കൂടത്തിൽ ചേൎന്നു പഠിക്കുവാൻ തക്കവണ്ണം നാട്ടിൻെറ നാനാഭാഗങ്ങളിലും പാഠശാലകൾ ഉണ്ടായിത്തീരുകയും ചെയ്തിരിക്കുന്നു. വിദ്യാഭ്യാസത്തിനു അഭിരുചി നമ്പൂതിരി മുതൽ നായാടിവരെയുള്ള സമസ്തസമുദായക്കാൎക്കും വൎദ്ധിച്ചു വരികയും ചെയ്തിരിക്കുന്നു. തിരുവിതാംകൂറിലെ സമുദായസ്ഥിതി ആലോചിച്ചാൽ ഇപ്പോഴത്തെ വിദ്യാഭ്യാസച്ചെലവു നിൎവഹിക്കുവാൻ അശക്തരായ സമുദായക്കാരാണു ഇവിടെ അധികമുള്ളതെന്നു ആൎക്കും അറിയാവുന്നതാണ്. സമുദായങ്ങളുടെ ഉച്ചനീചക്രമം അനുസരിച്ചു ഓരോ സമുദായങ്ങളുടേയും വിദ്യാഭ്യാസസ്ഥിതിയും വിദ്യാഭ്യാസച്ചെലവു നിൎവഹിക്കുവാനുള്ള കഴിവും അതിനുള്ള മററു സൗകൎയ്യങ്ങളും കൂടുതൽ കൂടുതലായുള്ള സമുദായങ്ങളാണ് ഇവിടെ ഉയൎന്ന സമുദായങ്ങളായി ഗണിക്കപ്പെട്ടിരിക്കുന്നതെന്നു കാണുവാൻ കഴിയുന്നതാണ്. പണമുള്ളവൎക്കു പഠിപ്പ്, പഠിപ്പുള്ളവൎക്കു ഉദ്യോഗം, പണവും പഠിപ്പുമുള്ളവൎക്കു പ്രഭുത്വം, പ്രഭുത്വമുള്ളവൎക്കു കൂടുതൽ പഠിപ്പ്, കൂടുതൽപണം, കൂടുതൽ ഉദ്യോഗം ഈ ക്രമത്തിനാണുപൊയ്ക്കൊണ്ടിരിക്കുന്നതെന്നു കാണുവാൻ കഴിയും. തിരുവിതാംകൂറിലെ മദ്ധ്യസ്ഥിത ജനസമുദായങ്ങളിൽപെട്ട ഒരു സമുദായത്തിൻെറ സാമാന്യമായ വരവു എത്ര ഉദാരമായി കണക്കുകൂട്ടിയാലും ദിവസമൊന്നിന് അരരൂപയിൽ കവിഞ്ഞിരിക്കുമെന്നു വിചാരിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. ഒരു കുടുംബമെന്നു പറയുന്നതു ഒരു പിതാവും ഒരു മാതാവും വല്ലതും ജോലിചെയ്യുവാൻ പ്രാപ്തിയുള്ള ഒരു പുത്രനും അവരെമാത്രം ആശ്രയിച്ചു കഴിയേണ്ട രണ്ടോ മൂന്നോ കുട്ടികളും കൂടിയതാണെന്നു പറയാം. ഈ മൂന്നു കുട്ടികളുടേയും വിദ്യാഭ്യാസച്ചെലവിനു അരരൂപാ വരവിൽനിന്നു കഷ്ടിച്ചു നിത്യാവശ്യങ്ങളെല്ലാം നിൎവഹിച്ചു കഴിഞ്ഞാൽ ബാക്കിയൊന്നും ശേഷിക്കയില്ലെന്നു നിശ്ചയമാണ്. നാലാംക്ലാസ്സിനുമേലുള്ള വിദ്യാഭ്യാസം മദ്ധ്യസ്ഥിതിയിലുള്ള ജനങ്ങൾക്കുപോലും നിൎവഹിക്കുവാൻ സാധ്യമല്ലെന്നുള്ള സ്ഥിതിയാണ് പ്രത്യക്ഷപ്പെട്ടുകാണുന്നതു്. സ്കാളർഷിപ്പുകൊടുത്തും ഉദ്യോഗംകൊടുത്തും കേവലം അധഃസ്ഥിതരായിരുന്ന സമുദായക്കാൎക്കുപോലും വിദ്യാഭ്യാസ വിഷയത്തിൽ താല്പൎയ്യം ജനിപ്പിക്കുവാൻ ഗവൺമെൻറും ഈയിടെ ഹിന്ദുമിഷനും ഹരിജനസേവകസംഘവും ഉത്സാഹിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസത്തിൽ സ്വല്പം അഭിരുചി ജനിച്ചിട്ടുള്ള ഒരു വ്യക്തിയുടെയോ സമുദായത്തിൻെറയോ തൃഷ്ണ ഏതുവിധേനയെങ്കിലും വിദ്യാഭ്യാസത്തിൽ കൂടുതൽ കൂടുതൽ അഭിവൃദ്ധി പ്രാപിക്കണമെന്നോ ആയിരിക്കയുള്ളു. സകല ദുഃഖങ്ങൾക്കും അതൃപ്തികൾക്കും നിദാനം ജ്ഞാനംകൊണ്ടു തൃഷ്ണയെ ഒഴിക്കുവാൻ കഴിവില്ലാതിരിക്കയോ തൃഷ്ണയനുസരിച്ചു കാൎയ്യസിദ്ധിവരാതിരിക്കയോ ആണെന്നു അനുഭവബോദ്ധ്യമാണല്ലോ. ഹരിജനങ്ങളും, ഹരിജനങ്ങളിൽ നിന്നു പറയത്തക്ക ഉൽഗതിയൊന്നും പ്രാപിച്ചിട്ടില്ലാത്ത മററനേകസമുദായങ്ങളും ഇപ്പോഴത്തെ വിദ്യാഭ്യാസച്ചെലവു നിൎവഹിച്ചു വിദ്യാഭ്യാസം സമ്പാദിക്കുവാൻ തീരെ കഴിവില്ലാത്തവരായിട്ടാണു തീൎന്നിരിക്കുന്നതു്. ഈ നിലയിൽ സംഗതികൾ നടന്നുപോകുന്നതായാൽ അതൃപ്തിയും അസമാധാനവും നാട്ടിൽ വൎദ്ധിച്ചു വൎദ്ധിച്ചു വരികയല്ലാതെ അതിനു അല്പമെങ്കിലും ഒരു ശാന്തി ഉണ്ടാകുമെന്നു തോന്നുന്നില്ല. സാമ്പത്തികാധഃപതനംകൊണ്ടുണ്ടായ പരവശതയിൽ നിന്നു ജനസമുദായത്തിനു മോചനം ഇതേവരെ ഉണ്ടായിട്ടില്ല. ഇന്നത്തെ ലോകസ്ഥിതികൾ ആലോചിച്ചാൽ വളരെ എളുപ്പത്തിൽ മോചനം വരുമെന്നു വിശ്വസിക്കുവാനോ വീണ്ടും പൂൎവാധികമായ കഷ്ടതയോടുകൂടിയ സാമ്പത്തികാധഃപതനം സംഭവിക്കാതിരിക്കയില്ലെന്നു ധൈൎയ്യപ്പെടുവാനോ നിവൃത്തിയില്ലെന്നാണു കാണുന്നതു്. ഇതുകൊണ്ടും പോരാഞ്ഞിട്ടു തിരുവിതാംകൂറിലെ സ്ഥിതി പറകയാണെങ്കിൽ കപ്പയിലോൺ നാഷണൽ ബാങ്കു ലിക്വിഡേഷനിൽ ആയി തീൎന്നതു കൊണ്ടു അനേക ലക്ഷം രൂപാ നാട്ടുകാൎക്കു വിചാരിച്ചിരിക്കാത്തവണ്ണമുള്ള ഭയങ്കരനഷ്ടമായി വന്നുകൂടുകയും ചെയ്തിരിക്കുന്നു. ഈ ബാങ്കുമായി പററുവരവു ചെയ്തു വ്യവസായ വാണിജ്യാദികൾ നടത്തിക്കൊണ്ടിരുന്ന എത്രയോ ഫാക്ടറികളും കമ്പനികളും അവയുടെ തൊഴിൽ നടത്തിക്കൊണ്ടുപോകുവാൻ നിവാഹമില്ലാത്ത കുഴപ്പത്തിൽ അകപ്പെട്ടുകയും ചെയ്തിരിക്കുന്നു. സാമ്പത്തികമായി എന്തൊരു ഭയങ്കരവിപത്താണ് നാട്ടിനു വന്നുകൂടിയിരിക്കുന്നതെന്നു പറവാൻ ദീൎഘദൎശികൾക്കുപോലും കഴിവില്ലാത്ത ഒരു ഭയങ്കരാവസ്ഥയാണിതെന്നുള്ളതിനു യാതൊരു സംശയവുമില്ല. തിരുവിതാംകൂറിലെ ജനസമുദായങ്ങളിൽ മേൽക്കിടയിലുള്ള മൂന്നു നാലു സമുദായങ്ങൾക്കൊഴിച്ചു ശേഷമുള്ള സമുദായങ്ങൾക്കു ഇപ്പോഴത്തെ ക്രമത്തിലുള്ള വിദ്യാഭ്യാസച്ചെലവു ചെയ്തു തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുവാൻ സാധ്യമല്ലെന്നുള്ളതു എത്രയും വിഷാദമായ ഒരു കാൎയ്യമാകുന്നു. വിദ്യാഭ്യാസം മനുഷ്യരുടെ പ്രഥമാവശ്യങ്ങളിൽ പ്രധാനമായിട്ടുള്ള ഒന്നാണല്ലോ. മനുഷ്യനെ മനുഷ്യനാക്കി തീൎക്കുന്നതുതന്നെ വിദ്യാഭ്യാസംമൂലമുണ്ടാകുന്ന വിവേകമാകുന്നു. രാജ്യഭരണത്തിൻെറയും സമുദായഭരണത്തിൻെറയും മതഭരണത്തിൻെറയും ആവശ്യമോ ഉദ്ദേശ്യമോ തന്നെ രാജ്യത്തിലെ ഏററവും വലിയ സമ്പത്തായ മനുഷ്യസമ്പത്തിൻെറ കഴിവുകളെ കൂടുതൽ ആവിഷ്കരിക്കുന്നതിനു വേണ്ട മാൎഗ്ഗങ്ങൾ തെളിയിച്ചുകൊടുക്കുകയാകുന്നു. എന്നാൽ ഗവൺമെൻറുകളും സമുദായങ്ങളും മതങ്ങളും ഇതുവരെ ചെയ്ത ശ്രമങ്ങൾകൊണ്ടു ചില സമുദായങ്ങൾക്കു ഉയൎച്ചയും പലസമുദായങ്ങൾക്കും താഴ്ചയും വരുത്തിത്തീൎക്കുവാനേ കഴിഞ്ഞിട്ടുള്ളു. 'സാഹോദൎയ്യം, സമത്വം, സ്വാതന്ത്ര്യം' എന്നെല്ലാം നല്ല ഭംഗിയിൽ സംസ്കാരങ്ങൾനിരന്നുവരുന്ന വാചകങ്ങളിൽ മനുഷ്യപുരോഗതിക്കുള്ള കോലാഹലങ്ങൾ മുഴക്കിത്തുടങ്ങിയിട്ടു നൂററാണ്ടുതന്നെ കഴിഞ്ഞിട്ടും ഇതേവരെ ജനസമുദായങ്ങൾക്കു സാഹോദൎയ്യമോ സമത്വമോ

സ്വാതന്ത്ര്യമോ ഉണ്ടാക്കിത്തീർക്കുവാൻ കഴിഞ്ഞിട്ടില്ല. സമുദായവ്യത്യാസം കൂടാതെ എല്ലാ സമുദായങ്ങളിലും വിദ്യാഭ്യാസപ്രചാരം ഒരുപോലെയുണ്ടാകുന്ന കാലത്തല്ലാതെ സമത്വസാഹോദര്യങ്ങളും സ്വാതന്ത്ര്യവും ജനസമുദായത്തിൽ പ്രത്യക്ഷപ്പെട്ടുകാണുവാൻ സാദ്ധ്യമല്ലതന്നെ. ഇപ്പോഴത്തെ വിദ്യാഭ്യാസനയം ഈ സ്ഥിതി വരുത്തുവാൻ തീരെ പര്യാപ്തമല്ലെന്നു അനുഭവംകൊണ്ടു വ്യക്തമായി കഴിഞ്ഞിരിക്കുന്നു. അഭ്യസ്തവിദ്യർക്ക് തൊഴിലില്ലായ്മ എന്നൊരു വൈഷമ്യം വന്നുകൂടിയിരിക്കുന്നതിനു പരിഹാരമുണ്ടാക്കുവാൻ വലിയ ഉത്സാഹം എല്ലാവരും കാണിച്ചുവരുന്നുണ്ട്. അഭ്യസ്തവിദ്യരുടെ സ്വന്തം ആളുകളാണു ഈ ഉത്സാഹം കാണിക്കുന്നത്. വിദ്യയുമില്ല തൊഴിലുമില്ല ഇവരണ്ടും ഉണ്ടാക്കുവാൻ കഴിവുമില്ല എന്നുള്ള നിലയിൽ ജീവിതഭാരംവഹിച്ചുപോരുന്നവർക്കു വിദ്യാഭ്യാസമെങ്കിലും പ്രദാനംചെയ്യണേ എന്നു പ്രാർത്ഥിക്കുവാൻ ഇന്നത്തെ പ്രക്ഷോഭകന്മാരിലോ നേതാക്കന്മാരിലോ ആരും ഇല്ല. ദിവാൻജിയുടെയോ ഹൈക്കോർട്ടു ജഡ്ജിമാരുടെയോ മററു വലിയ ഉദ്യോഗസ്ഥന്മാരുടെയോ മക്കളോ മരുമക്കളോ അഭ്യസ്തവിദ്യരായിതീർന്നാൽ അവർക്കു സർക്കാർഉദ്യോഗമാകുന്ന തൊഴിൽ ഉടൻ കിട്ടുമെന്നുള്ളതു നാം കണ്ടുവരുന്ന കാര്യമാണ്. ഇത്തരക്കാരുടെ ഇടയിൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മപ്രശ്നമേ ഉത്ഭവിച്ചുകാണുന്നില്ല. വല്ലവിധേനയും കഷ്ടപ്പെട്ടും വീട്ടിലുള്ളവരെ അരപ്പട്ടിണിയിട്ടും അഭ്യസ്തവിദ്യരായി തീർന്നവരുടെ തൊഴിലില്ലായ്മക്കാര്യമാണ് നാട്ടിൽ വലിയ ബഹളമായി കേട്ടുവരുന്നത്. ശുദ്ധപാവങ്ങളുടെ ഇടയിലാണ് തൊഴിലില്ലായ്മയും തന്മൂലമുള്ള കഷ്ടതകളും അത്യന്തം രൂക്ഷമായി തീർന്നിരിക്കുന്നതെങ്കിലും അവരുടെ ആവലാതി പറയുവാൻ ഹൃദയവും കേൾക്കുവാൻ ദൈവവുമല്ലാതെ മററാരും ഇല്ലെന്നായിരിക്കുന്നു. ഈ കഷ്ടതരമായ സ്ഥിതിക്കു പരിഹാരം വരുത്തി എല്ലാവർക്കും സെക്കൻഡറി വിദ്യാഭ്യാസം സൗജന്യമായി ലഭിക്കുവാനുള്ള ശ്രമമാണ് മററു സകല കാര്യങ്ങൾക്കും ചെയ്യുന്ന ശ്രമങ്ങളെക്കാൾ മുഖ്യമായും ചെയ്യേണ്ടത്. ഗവമ്മെൻറും നമ്മുടെ ഇപ്പോഴത്തെ വിദ്യാഭ്യാസപ്രവർത്തകന്മാരും നിയമസഭക്കാരും ഈ വിഷയത്തിൻെറ ഗൗരവത്തെപ്പററി ഗാഢമായി ചിന്തിച്ചു ഇപ്പോഴത്തെ വിദ്യാഭ്യാസച്ചെലവു എത്രത്തോളം കുറയ്ക്കുവാൻ കഴിയുമോ അത്രത്തോളം കുറയ്ക്കുകയാണ് വിദ്യാഭ്യാസവിഷയമായി ഇന്ന് അത്യാവശ്യം ചെയ്യേണ്ട കാര്യം. അവരെയെല്ലാം കൊണ്ടു അതു ചെയ്യിക്കുന്നതിനു സംഘടിതമായ ഒരു പ്രക്ഷോഭണം ആവശ്യമായി തീർന്നിട്ടുണ്ടെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. വിദ്യാഭ്യാസച്ചെലവ് എത്ര അനാവശ്യമായി വർദ്ധിച്ചിട്ടുണ്ടെന്നു കണക്കെടുക്കുന്നതിന് ഓരോ പ്രൈവററുസ്കൂളുകളുടേയും മാനേജ്മെൻറു നടത്തിവരുന്നവർക്കു അവർ മാനേജർമാർ ആയതിനു ശേഷമുണ്ടായിട്ടുള്ള സമ്പാദ്യത്തിൻെറ കണക്കെടുത്താൽ ആക്കും ബോദ്ധ്യപ്പെടുന്നതാണ്. പ്രൈവററുസ്കൂൾസ്ഥാപനത്തിനുവേണ്ടി പണംമുടക്കുന്നതു ആദായകരമായവ്യവസായങ്ങൾക്കു പണം മുടക്കുന്നതുപോലെയുള്ള ഒരു ഇൻവസ്ററുമെൻറു ആയി തീർന്നിരിക്കുകയാണ്. പഠിപ്പില്ലാത്തവർക്കു പഠിപ്പുണ്ടാക്കിക്കൊടുക്കേണ്ട പരമമായ ധമ്മകാര്യങ്ങളിൽപോലും ചൂഷണം തൊഴിലാക്കിയിരിക്കുന്നവരെയും അതിനുവേണ്ട സൗകര്യം ഉണ്ടാക്കിക്കൊടുത്തിരിക്കുന്നവരെയും സംബന്ധിച്ചു എന്താണു പറയേണ്ടതെന്നു അറിഞ്ഞില്ല.

---

# അരനൂററാണ്ട്

(സി. വി. കുഞ്ഞുരാമൻ)

പഠിപ്പും സൽസ്വഭാവവുമുള്ള കുടിപ്പള്ളിക്കൂടംആശാന്മാരുടെ അടുക്കൽ ഇങ്ങനെ വിദ്യാഭ്യാസം ചെയ്യുന്നതു വളരെ രസവും സുഖവുമുള്ള ഒരു കാര്യമായിരുന്നു. നേരേമറിച്ചു മൂർഖന്മാരായ ചില ആശാന്മാരുമുണ്ടായിരുന്നു. കെട്ടിത്തൂക്കി അടിക്കുക, വയ്ക്കോലിട്ടുപുകയ്ക്കുക, പച്ചുവമ്പിൻെറ കൂട്ടുകൊണ്ടുവന്നു ദേഹംമുഴവനും കുടഞ്ഞിടുക മുതലായ പല ക്രൂരപ്രവൃത്തികളും ചെയ്യുന്ന നിർദ്ദയന്മാരായ ആശാന്മാരെക്കുറിച്ചു പല കഥകളും എല്ലാവരും കേട്ടിട്ടുണ്ടായിരിക്കുമല്ലൊ. അങ്ങനെയുള്ള ആശാന്മാർക്കു ഇരിക്കുവാനുള്ള പീഠത്തിലെ തട്ടുകിന്നുതാഴെ ആശാൻ ഇരിക്കുമ്പോൾ കൊണ്ടുകയറത്തക്കവണ്ണം കള്ളിമുള്ളുവയ്ക്കുന്ന ശിഷ്യന്മാരും അക്കാലത്തുണ്ടായിരുന്നു. "സാന്ദീപനിം മുനിം ഗത്വാ" ഗുരുകുലവാസം ചെയ്തിരുന്ന ശ്രീകൃഷ്ണകുചേലാദികളെപോലെ "മഹാ വനം വിറകിനുപോയി മഹാവൃഷ്ടിചൊരിഞ്ഞനേരം നനഞ്ഞുംശേഷം വഴിയുംപിഴച്ചു" രാത്രിമുഴവൻ കാട്ടുചുററിയിരുന്ന ശിഷ്യന്മാരുടെ കാലവും ഉണ്ടായിരുന്നുവല്ലൊ. ഏതായാലും ഒരു കാര്യം തീർച്ചതന്നെ. വിജ്ഞാനവിതരണം ആദായകരമായ ഒരു വ്യവസായമാക്കി അക്കാലത്തു ഗുരുക്കന്മാർ കരുതിയിരുന്നില്ല. ഗുരുക്കന്മാർക്കു യാതൊരാവശ്യത്തിനും മുട്ടുകൂടാതെ അവരെ സംരക്ഷിക്കുവാനുള്ള മുഴവൻ ചുമതലയും ഗ്രാമവാസികൾ ലുബ്ധുകൂടാതെ ഏറെറടുത്തിരുന്നു. ഇഷ്ടദേവതാപൂജപോലെ ഗുരുപൂജയും ഒരു പരിശുദ്ധകമ്മമാക്കിതന്നെ അന്നുള്ളവർ കരുതിയിരുന്നു.

സാമാന്യവിദ്യാഭ്യാസം അഥവാ സാക്ഷരത്വം സാവ്ത്രികമാക്കി തീക്കണമെന്നുള്ള അഭിപ്രായം ജനങ്ങൾക്കുമുണ്ടായിരുന്നില്ല, സക്കാരിനുമുണ്ടായിരുന്നില്ല. ഈ സന്ദർഭത്തിലാണു യൂറോപ്യൻ മിഷനറിമാർ ഇവിടെ എത്തി, എന്തുദ്ദേശത്തോടുകൂടിയായിരുന്നാലും വേണ്ടില്ല, ധമ്മപ്പള്ളിക്കൂടങ്ങൾസ്ഥാപിച്ചു ഇന്നു നടപ്പിലിരിക്കുന്ന വിദ്യാഭ്യാസരീതിയുടെ ആദിമമാതൃക സക്കാരിനുതന്നെയും കാട്ടിക്കൊടുത്തത്. മൺറോവിൻെറ കാലത്തു ജനങ്ങളുടെ വിദ്യാഭ്യാസച്ചുമതല സക്കാർ ഏറെറടുത്തിരിക്കുന്നതായി പാവ്തിറാണിതിരുമനസ്സിലെ ഒരു തിരുവെഴുത്തു വിളംബരം ഉണ്ടായിട്ടുണ്ടെങ്കിലും വിദ്യാഭ്യാസച്ചുമതല കാര്യമായി സക്കാരിൽനിന്നു ഏററുനടത്തിത്തുടങ്ങിയതു സർ ടി. മാധവരായരുടെയും ആയില്യംതിരുനാൾ മഹാരാജാവുതിരുമനസ്സിലെയുംകാലംമുതല്ക്കാകുന്നു. ഇന്നുകാണുന്ന രീതിയിലുള്ള രാജ്യഭരണത്തിൻെറ മാതൃക കണ്ടുപിടിച്ചുവരും ആ മഹാരാജാവും മന്ത്രിവരനുംകൂടിയായിരുന്നു. വിദ്യാഭ്യാസകാര്യത്തിൽ തിരുവിതാംകൂറിനോളം പുരോഗതി പ്രാപിച്ചിട്ടുള്ള ഒരു പ്രദേശവും ഭാരതഖണ്ഡത്തിൽ ഇല്ലതന്നെ. വിദ്യാഭ്യാസത്തിനു തിരുവിതാംകൂറിനെപോലെ പൊതുമുതൽ വ്യയം ചെയ്യുന്ന ഗവമ്മെൻറുകളും വേറെയില്ലതന്നെ. തറവാടുവിററിട്ടെങ്കിലും, മിന്നുതാലി പണയം വച്ചിട്ടെങ്കിലും, പട്ടിണികിടന്നിട്ടെങ്കിലും കുട്ടികളെ പഠിപ്പിക്കേണ്ടതു തങ്ങളുടെ ഒഴിച്ചുകൂടാത്ത കത്തവ്യകമ്മമായി കരുതിപ്പോരുന്ന മാതാപിതാക്കന്മാർ ഇന്നത്തെപ്പോലെ അക്കാലങ്ങളിൽ ഉണ്ടായിരുന്നില്ല. ജനങ്ങളുടെ വരവുചിലവുകളെയും സാമ്പത്തികശക്തിയെയും അശേഷം പരിഗണിക്കാതെ വിദ്യാഭ്യാസച്ചെലവു പൌരന്മാരുടെ ദുർവഹച്ചിലവുകളിൽ പ്രഥമഗണനീയമാക്കിത്തീർത്തുകൊണ്ടുള്ള സാമ്പത്തികവൈഷമ്യമാണു മറെറല്ലാവൈഷമ്യങ്ങളെക്കാൾ ഘോരാകൃതിയിൽ ജനങ്ങളെ ഇപ്പോൾ അഭിമുഖീകരിച്ചിരിക്കുന്നത്. ഒരു കുട്ടിയെ കാളേജ്‌വിദ്യാഭ്യാസം ചെയ്യിക്കണമെങ്കിൽ 30-ം 50-ം 100-ം ഉറുപ്പികവരെ ഇൻഡ്യയിൽ തന്നെയായാലും പ്രതിമാസം ചിലവാക്കേണ്ടിവരുന്ന ഇന്നാട്ടിലെ പൌരന്മാർക്കു തീയതി തെററാതെ മാസംതോറും ഈ തുകകൾ മണിയാഡർചെയ്തയക്കുന്നതിനു എങ്ങനെ സാധിക്കുമെന്നു ആലോചിക്കുവാനുള്ള ദയ വിദ്യാഭ്യാസപ്രവത്തകന്മാക്കോ പൊതുജനനേതാക്കന്മാക്കോ ഗവമ്മെൻറിനോ തന്നെ ഇതുവരെ ഉദിച്ചിട്ടില്ല. എഫിഷ്യൻസിയുടെ പേരും പറഞ്ഞു അദ്ധ്യാപകന്മാരുടെ ശമ്പളവും കുട്ടികളുടെ ഫീസും ഉയത്തും തോറും എഫിഷ്യൻസി താണുതാണു വരുന്ന ഒരു കാഴ്ചയാണു നാം ഇന്നു കാണുന്നത്.

സാക്ഷരത്വം സാവ്ത്രികമാക്കണമെന്നു എൻെറ ബാല്യത്തിൽ ആക്കുംതന്നെ അഭിപ്രായം ഉണ്ടായിരുന്നില്ലെങ്കിലും എല്ലാജനങ്ങളുടേയും ഇടയിൽ ഒരു വിധം സംസ്കാരം വളത്തുന്നതിനുള്ള ഏപ്പാടുകൾ അന്നു പലതുമുണ്ടായിരുന്നു. ക്ഷേത്രോത്സവങ്ങൾക്കു ഇന്നത്തെക്കാൾ തുലോം പ്രാധാന്യം ജനങ്ങൾ കല്പിച്ചിരുന്നു. ക്ഷേത്രം എന്നുപറയാൻ കെട്ടിടമൊന്നും ഇല്ലെങ്കിലും ഒരു വിളക്കുകല്ലോ ആൽത്തറയോ മാത്രമുണ്ടായിരുന്നാലും അവിടെയൊരു ദേവതാവാസം സങ്കല്പിച്ചുകൊണ്ടു വളരെ കോലാഹലമായി ഉത്സവങ്ങൾ നടത്തിവന്നിരുന്ന സ്ഥലങ്ങളും ഉണ്ടായിരുന്നു. ഉത്സവങ്ങൾ കാണ്മാൻ പോകുന്നതിനുള്ള ഉത്സാഹം എല്ലാകുട്ടികൾക്കും എല്ലാക്കാലത്തും എല്ലാ രാജ്യത്തും ഉണ്ടായിരുന്നതുപോലെ എനിക്കുമുണ്ടായിരുന്നു. ഹിന്ദുക്ഷേത്രങ്ങളിലെ ഉത്സവത്തിനേ പോകാവൂ എന്നു ഒരു നിർബന്ധം എൻെറ ബാല്യത്തിൽ ഈഴവക്കാക്കും ഉണ്ടായിരുന്നില്ല. മഹമ്മദീയരുടെ പത്തുനോമ്പിനു "ചല്ലാലി പുല്ലാലി" വേഷം കെട്ടി കാവടിക്കാരെപ്പോലെ തെണ്ടിനടക്കുവാൻ ഈഴവബാലന്മാക്കു ഒരു പ്രത്യേക ഉത്സാഹമുണ്ടായിരുന്നു. ഞാൻ 'ചല്ലാലിപുല്ലാലി' വേഷംകെട്ടിയില്ലെങ്കിലും ആ വേഷം കെട്ടിയ സമവയസ്കരോടൊന്നിച്ചു വീട്ടുതോറും ഓടിനടക്കുന്ന വിനോദം എനിക്കുമുണ്ടായിരുന്നു.

കഥകളിയുടെ കേളികൊട്ടു വല്ലയിടത്തും കേട്ടുവെങ്കിൽ കൂട്ടുകാരനായ പക്കിഅയ്യപ്പനും കൊച്ചിരാളുമായി അന്നുരാത്രി ശബ്ദവേധികളെപോലെ കേളികൊട്ടു കേട്ടസ്ഥലത്തു ഞങ്ങളെത്തുമെന്നുള്ളതു നിശ്ചയമാണ്. ആയിടയ്ക്കുതൊടിയിൽ കുഞ്ഞേരയാശാൻ എന്നൊരാൾ കുറെ ഈഴവബാലന്മാരെയും യുവാക്കന്മാരെയും ചേത്തു ഒരു കഥകളിയോഗം ഉണ്ടാക്കിയിരുന്നു. ആ കഥകളിയോഗത്തിൽ സ്ത്രീവേഷം കെട്ടിക്കാൻ എന്നേയും കൂടി അയച്ചുകൊടുക്കണമെന്നു കുഞ്ഞേരയാശാൻ വന്നു അച്ഛനോടു ആവശ്യപ്പെട്ടു. ഭാഗ്യംകൊണ്ടോ ഭാഗ്യം ഇല്ലാഞ്ഞി

# നാളത്തെ സർവ്വാധിപതികൾ

(ടി. കെ. വേലായുധൻപിള്ള)

## ഇപ്പോഴത്തെ സ്ഥിതി

യൂറോപ്പിലെ മൂന്ന് വലിയ ഭൂവിഭാഗത്തിന്റെ ഭരണയന്ത്രങ്ങൾ ഹിററ്ലർ, മുസ്സോളിനി, സ്റ്റാലിൻ എന്നീ മൂന്നു മിടുക്കന്മാരുടെ കൈവശമാണിരിപ്പുള്ളത്. ഇററലിക്ക് മുസ്സോളിനിയും, ജർമ്മനിക്കു ഹിററ്ലരും, റഷ്യക്കു സ്റ്റാലിനും സർവ്വാധിപതികളാണ്. ഇവരും മററുള്ളവരെപോലെ വളർന്നുകൊണ്ടുതന്നെ വരുന്നു. ഇവർക്കു പ്രായം ഒന്നിനൊന്നു കൂടിവരുന്നു. അതുപോലെതന്നെ വിരോധികളുടെ സംഖ്യയും. ഇവരുടെ അഭാവത്തിൽ അതതു സാമ്രാജ്യങ്ങൾ നായകനില്ലാത്തതായി തീരുമോ? ഒരിക്കലും ഇല്ല. എന്തുകൊണ്ട്? ഇവർ മൂന്നുപേരും പിൻഗാമികളെ തിരഞ്ഞെടുത്തു കഴിഞ്ഞു.

## ഇററലിക്ക് സിയാനോ

മുസ്സോളിനിയുടെ പിൻഗാമി അദ്ദേഹത്തിന്റെ സീമന്തപുത്രിയായ എട്ടാ എന്ന യുവതിയുടെ ഭർത്താവായ സിയാനോ എന്ന ദേഹമാണ്. സിയാനോ ഇപ്പോൾ ഇററലിയിലെ വിദേശമന്ത്രിയാണ്. സമർത്ഥനായ വൈമാനികൻ; നയചതുരൻ. എത്യോപ്യയിൽ ആദ്യമായി ആഗ്നേയാസ്ത്രങ്ങൾ വർഷിച്ചതും, ആദ്യമായി ആഡിസ് അബാബായിൽ ഇറങ്ങിയതും ഈ ധീരനാണ്. മുസ്സോളിനിയുടെ മരുമകൻ സിയാനോവും പുത്രരായ വിറേറാറിയോ, ബ്രൂണോ എന്നിവരും ചേർന്ന് ആബിസീനിയായിൽ നടത്തിയ ബാംബുവർഷത്തെപ്പററി സ്തുതിച്ച്, ഈ മൂന്നു പേരുടെയും പേരുകൾ വെണ്ടക്കാ അക്ഷരത്തിൽ ഇട്ട് വാർത്തകൾ പ്രസിദ്ധപ്പെടുത്തുവാൻ ഇററാലിയൻ പത്രങ്ങൾ തയാറായി. "പയ്യന്മാർ അഹംഭാവികളായിത്തീരും" എന്നുകരുതി മുസ്സോളിനി അതിനനുവാദം നൽകിയില്ല.



മുസ്സോളിനി

അഞ്ചുപേർക്കിരിക്കത്തക്ക സലൂൺ മോട്ടോർകാർ അതിവേഗത്തിൽ ഓടിക്കാൻ സിയാനോ വളരെ മിടുക്കനാണ്. തന്റെ ഭാര്യയുടെ അപേക്ഷയനുസരിച്ച് അവരുടെ സഖികളെയും ഇദ്ദേഹം കാറിൽകയററി അവരവരുടെ വസതികളിൽ കൊണ്ടുവിടാറുണ്ട്.

സിയാനോ ദിവസവും ഒരുതവണവീതം മുസ്സോളിനിയെ തനിയേകണ്ടു സംസാരിക്കുക പതിവാണ്. രണ്ടുപേർക്കും പരസ്പരം സാദൃശ്യം പ്രത്യക്ഷത്തിൽ കാണാൻകഴിയും. യൂണിഫാറം അണിഞ്ഞ് മുസ്സോളിനിക്കു പതിവുള്ള ചില അഭിനയങ്ങളും കാണിച്ച്, ശബ്ദം ഘനപ്പിച്ച് സംസാരിച്ചാൽ സിയാനോ ഒരു മുക്കാൽ മുസ്സോളിനിതന്നെ. ഈ യുവാവിനെ മുസ്സോളിനി തിരഞ്ഞെടുത്തതിൽ എന്തതിശയിക്കാനുണ്ട്?

## ജർമ്മനിയിലേക്ക്

ഹിററ്ലർ ഒരൊററവെടിപോലും വയ്ക്കാതെയും ഒരുതുള്ളിരക്തം ചിന്താതെയും ആസ്ത്രിയാ



ഹിററ്ലർ

പിടിച്ചടക്കി. ഇനിയും വലിയ ആശകൾ അദ്ദേഹത്തിനുണ്ട്. എന്നാൽ അദ്ദേഹം സർവ്വാധിപത്യം ഒഴിഞ്ഞ് മൂന്നാംറീച്ചിന്റെ ആധിപത്യം ഏററ് സമാധാനമായി ജീവിക്കുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നുള്ള പദവിയും ഇല്ലാതില്ല.

ഹിററ്ലർ ആവിധം അടങ്ങിജീവിച്ചാൽ ജർമ്മനിയുടെ ഗതി എന്ത്? വേറെ നേതാക്കന്മാർ അവിടെ ഉണ്ടോ? നേതാക്കന്മാരില്ലെന്നുള്ള കുറവ് ഉണ്ടാകുമോ? ഇപ്പോഴത്തെ ജർമ്മൻ സർവ്വാധിപതി ഹിററ്ലർതന്നെയെങ്കിലും, ഗോറിംഗ്, കേയെബെൽസ്, ഹിററ്ലർ എന്നുള്ള ത്രിമൂർത്തികളാണവിടെ ഭരണം നടത്തുന്നത്. കേയെബെൽസിനെക്കാൾ ഗോറിംഗ് ആണു ജർമ്മൻ ജനതയുടെ സ്നേഹബഹുമാനങ്ങളെ കൂടുതലായി ആകർഷിച്ചിട്ടുള്ളത്. ആകയാൽ ജർമ്മനിയിലെ നാളത്തെ സർവ്വാധിപത്യം ഗോറിംഗിനു തന്നെ കിട്ടുമെന്നു വിചാരിക്കപ്പെടുന്നു. വീരാവേശം, യുദ്ധമർദ്ദനം, കാരുണ്യം ഈ മൂന്നു യോഗ്യതകൾ ഗോറിംഗിനുണ്ട്. പിന്നെയെന്തുവേണം?

## ഗോറിംഗിന്റെ ഭാര്യ

മഹായുദ്ധകാലത്തു ഗോറിംഗ് ജർമ്മൻ കൈസർ ചക്രവർത്തിയുടെ വിമാനസൈന്യത്തിൽചേർന്നു. ഫ്രഞ്ചുപക്ഷത്തുള്ള ഡേനിഷ് എന്ന പ്രബലവിമാനസൈന്യാധിപതിയുടെ പൗത്രനായ വാൻഫ്രഡ് എന്ന വൈമാനികനുമായി പിണങ്ങി, ഗോറിംഗ് തന്റെ പട്ടം പദവികളെ വലിച്ചെറിഞ്ഞിട്ടും ഡൻമാർക്കിലും സ്വീഡനിലും ശമ്പളത്തിനു വിമാനം ഓടിച്ചു ജീവിച്ചു. അക്കാലത്തൊരിക്കൽ വിമാനം അററകുററപ്പെട്ടു, അതു നന്നാക്കാനായി ഇദ്ദേഹം ചേരൻസ്ഗാറിൻ എന്ന ധനികയുടെ മാളികക്കെട്ടക്കൽ വിമാനവുമായി ഇറങ്ങി. അവിടെ വച്ച് അവർ തമ്മിൽ പരിചയപ്പെട്ടു. ആ പരിചയം പ്രണയത്തിൽ അവസാനിച്ചു. 1934-ൽ ഗാറിന്റെ മരണംവരെ ആ സ്ത്രീരത്നം തന്നെ അദ്ദേഹത്തിന്റെ പതിയായിരുന്നു. അതിനുശേഷം ഗോറിംഗ്, എമ്മി എന്ന സിനിമാതാരത്തെ വിവാഹം കഴിച്ചു.

## ഒരു കുറവുമാത്രം

ജർമ്മൻ വിപ്ലവകാലത്ത്, ഹിററ്ലരുടെ സ്നേഹിതനായി നിന്നു ശത്രുക്കളെ തുരത്തവേ ഒരു വെടിയുണ്ട ഗോറിംഗിന്റെ ദേഹത്തു വന്നു പതിച്ചു. ഒരു പഴയ മുറിവിലാണതു വീണത്. തന്നിമിത്തം വീണ്ടും ഉണ്ടായ മുറിവ് ഇതേവരെ ഭേദപ്പെട്ടിട്ടില്ല. പഠിച്ചപണി പതിനെട്ടും നോക്കിയിട്ടും മുറിവുണക്കാൻ കഴിയാഞ്ഞതിനാൽ, ഡാക്ടർമാർ, ഗോറിംഗിനെ ഔഷധപ്രയോഗംചെയ്തു തടിയനും കുടവയറനുമായി മാററി. 1934—ൽ നാസിക്കക്ഷിയുടെ വിരോധികളായ പലരെയും നശിപ്പിക്കുന്നതിനു ഗോറിംഗ് ഹിററ്ലരുടെ വലതുകൈയ്യായിനിന്നു വേലചെയ്തു. ഗോറിംഗിനുള്ള വലിയ കുറവ് എന്താണെന്നുവച്ചാൽ ഏതുകാര്യം പ്രവർത്തിക്കാനും ഹിററ്ലരോടു ചോദിച്ച് അധികാരംവാങ്ങണമെന്നുള്ളതാണ്.

## സ്റ്റാലിന്റെ പിൻഗാമി

സോവിയററ്റഷ്യായെ അനന്തരകാലത്തു ഭരിക്കാൻ സ്ററാലിൻ ഇപ്പോഴെ ആരെനോക്കിവച്ചിരിക്കുന്നതായുള്ള ശ്രുതി യൂറോപ്പിൽ പ്രബലപ്പെട്ടുവരുന്നു.

അടുത്തകാലത്തു റഷ്യയിൽനടന്ന ഗൂഢാലോചനക്കേസിൽ പല പഴയ റഷ്യൻനേതാക്കന്മാരും കൊല്ലപ്പെട്ടു. ഇതു തന്റെ അനന്തരഗാമിയുടെ രക്ഷയ്ക്കുവേണ്ടി സ്ററാലിൻചെയ്ത



സ്റ്റാലിൻ

മുൻകരുതലാണ്പോലും. ആരാണീ അനന്തരഗാമി? "നമ്മുടെ കളിം" എന്ന സോഷ്യലിസ്ററുകൾ കൊണ്ടാടുന്ന സേനാധിപതി മാർഷ്യൽ കളിമെൻഡി വാർഷിലാവ് എന്ന ദേഹംതന്നെ. വാർഷിലാവും സ്റ്റാലിനും ആത്മാർത്ഥതയുള്ള സ്നേഹിതന്മാരായിട്ടാണ് ഇന്നും കഴിഞ്ഞു വരുന്നത്.

ഒരു ദരിദ്രകുടുംബത്തിൽ ഒരു പട്ടാളക്കാരന്റെ മകനായി വാർഷിലാവ് ജനിച്ചു. സഹോദരി കുറേക്കാലം ഭിക്ഷയെടുത്ത് അനുജനെ വ

---

ട്ടോ അച്ഛൻ എന്നെ അതിനു വിട്ടില്ല. എങ്കിലും മാസത്തിൽ ഒരു അഞ്ചുപത്തു കളിയെങ്കിലും ഞാൻ കാണാത്തമാസം ഉണ്ടെങ്കിൽ അതു വർഷകാലത്തായിരിക്കും. (തുടരും)

# ജനറൽഫ്റാങ്കൊ

1936 ജൂലൈ 17-നു-വരെ ബാഹ്യലോകത്തിനു മിക്കവാറും അജ്ഞാതനായിരുന്ന സ്പാനിഷ് ദേശീയഗവമ്മെൻറ് സാരഥിയായ ജനറൽഫ്രാങ്കോ ഇന്നു ലോകത്തിനു സുജ്ഞാതനായ ഒരു വ്യക്തിയായി സ്പെയിനിലെ രക്തവർണ്ണക്കു കണ്ടകകാടാലിയായി കത്തോലിക്കസ്പെയിനിന്നു ആലംബമായി ലാലസിക്കുന്നു.

ധീരസേനാനിയും വീരപോരാളിയുമായ ജനറൽഫ്രാങ്കോ മൂന്നു പുത്രന്മാരുടെ പിതാവായ ഒരു നാവിക കമാൻഡരുടെ ദ്വിതീയപുത്രനാണ്. അഭിനവദേശീയസ്പെയിനിന്റെ പിതാവായ ജനറൽഫ്രാങ്കോയുടെ സഹോദരന്മാർ രണ്ടുപേരും അവരുടെ കുടുംബപാരമ്പര്യത്തിനനുസരണമായി സൈനികവൃത്തിയിൽ പേരെടുത്തവരാണ്. മൂത്തസഹോദരൻ നിക്കോളസ് നാവികസേനാവിഭാഗത്തിലാണ്. ജനറൽഫ്രാങ്കോയുടെ നില സുവിദിതമാണല്ലൊ. കനിഷ്ഠസഹോദരനായ റാമൺ വ്യോമസൈന്യവിഭാഗത്തിൽ പേരെടുത്ത ഒരാളാണ്. ഈ സഹോദരത്രയങ്ങളിൽ ജനറൽഫ്രാങ്കോയ്ക്കു ക്ഷണത്തിൽ പല ഉദ്യോഗക്കയററങ്ങളും ലഭിച്ചു ഇന്ന് സവ്വസേനാനിയെന്നല്ല ഗവമ്മെൻറു സാരഥിയായിത്തീന്നിരിക്കുന്നു.

ജനറൽഫ്രാങ്കോ കേവലം ഒരു ബാലനായിരുന്നപ്പോൾ അതായതു പതിനാലാമത്തെ വയസ്സിൽ സ്പാനിഷ് ഇൻഫൻററി അക്കാഡമിയിൽചേന്നു. പതിനേഴാമത്തെ വയസ്സിൽ ജനറൽബെറൻഗ്വറുമൊരുമിച്ചു മൊറോക്കോയിൽപോയി. ഇരുപത്തൊന്നാമത്തെ വയസ്സിൽ ഒരു മൊറോക്കൻ സൈനികവിഭാഗത്തിന്റെ ക്യാപ്ററൻ സ്ഥാനത്തെത്തിച്ചേന്നു. ഈ മൊറോക്കൻ സൈനികക്യാപ്ററനായിരിക്കവേ ഒരു യുദ്ധത്തിൽ ഒരു വെടിയുണ്ട ഇദ്ദേഹത്തിന്റെ ഉദരത്തെ ഭേദിച്ചു ഉള്ളിൽപ്രവേശിക്കുവാനിടയായി. ഇരുപത്തിമൂന്നാമത്തെ വയസ്സിൽ ഫ്റാങ്കോ ഒരു കമാൻഡറായിത്തീന്നു. ഇരുപത്തെട്ടാമത്തെ വയസ്സിൽ കർണൽമില്ലൻ അസ്ട്രേയുടെ ഫോറിൻലീജിയനിൽചേന്നു. മൊറോക്കോയിൽ മടങ്ങി എത്തി അവിടത്തെ ഷോക്കുസൈന്യത്തെ സംഘടിപ്പിച്ചു. ഇരുപത്തൊൻപതു വയസ്സു പൂത്തിയായപ്പോൾ ജനറൽഫ്റാങ്കൊ ഒരു ലഫ്ററനൻറു കർണലും ഫോറിൻലീജിയന്റെ നേതാവുമായിത്തീന്നു.

മുപ്പതാമത്തെവയസ്സിൽ ഫ്രാങ്കോ ഒരു മിലിററിമെഡലിനർഹനായിത്തീന്നു. നാലുകൊല്ലംകൂടി കഴിഞ്ഞപ്പോൾ വേറൊരു മിലിററിമെഡൽകൂടി ലഭിച്ചു. പിന്നീട് നാലുകൊല്ലംകൂടി കഴിഞ്ഞപ്പോൾ ഫ്രാങ്കോയുടെ ഉയർച്ചയ്ക്കു പൊടുന്നനവേ ഒരു സ്തംഭനംനേരിട്ടു. സ്പെയിനിലെ ദ്വിതീയ റിപ്പബ്ളിക്കു പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഫ്രാങ്കോയ്ക്കു 38 വയസ്സു പ്രായമുണ്ടായിരുന്നു. ഈ റിപ്പബ്ളിക്കൻഗവമ്മെണ്ട് ഇൻഫൻററിഅക്കാഡമി പിരിച്ചുവിട്ടുകളഞ്ഞു. സ്പെയിനിലെ ഏററവും പ്രായംകുറഞ്ഞ സൈനികജനറലായിരുന്ന ഫ്രാങ്കോയ്ക്കു നയിക്കുന്നതിനു ഒന്നുമില്ലാതായിത്തീന്നു. ഈ നിലയിൽ രണ്ടുകൊല്ലക്കാലം നിശബ്ദതയിൽ വത്തിക്കേണ്ടിവന്നു.

നാല്പതുവയസ്സുപ്രായമുണ്ടായിരുന്നപ്പോൾ ജനറൽഫ്രാങ്കോ അസ്ററൂറിയാസിലുണ്ടായ ഒരു വിപ്ലവത്തിൽ സജീവമായി പങ്കെടുത്തു. അദ്ദേഹം വിപ്ലവകാരികളെ പലായനംചെയ്യിക്കയും മൊറോക്കോയിലെ ജനറൽ കമാൻഡ

പത്രങ്ങളുടെ തിരുവനന്തപുരം ഏജൻസി
എടുക്കാൻ തയ്യാർ
ഉടൻ അപേക്ഷിക്കുക
**The Standard News Agency**
Pettah, Trivandrum.



ജനറൽ ഫ്രാങ്കൊ

റായിത്തീരുകയുംചെയ്തു. 41-ാമത്തെ വയസ്സിൽ ജിൽറോബിൾസ് ജനറൽഫ്രാങ്കോയെ ജനറൽസ്റ്റാഫിന്റെ നേതാവാക്കി ഉയത്തി. സൈനികപുനഃസംഘടനയിൽ ഇദ്ദേഹം ബദ്ധശ്രദ്ധനായിത്തീരുകയുംചെയ്തു. അടുത്തകൊല്ലത്തിൽ സ്പെയിനിലെ പോപ്പുലർ ഫ്രണ്ടുഗവമ്മെണ്ടു സൈന്യത്തെ മർദ്ദിക്കുകയും, ജനറൽഫ്രാങ്കോയെ കാനറീസുദ്വീപുകളിലേക്കു ബഹിഷ്കരിക്കുകയും ചെയ്തു. രണ്ടുകൊല്ലക്കാലം ഫ്രാങ്കോ അവിടെത്തന്നെ കഴിച്ചുകൂട്ടി. ആ രണ്ടുകൊല്ലത്തിനുശേഷം, 1936 ജൂലൈ 17-ാം തീയതിയിലെ സുപ്രഭാതത്തിൽ 43-ാമത്തെ വയസ്സിൽ ജനറൽഫ്രാങ്കോ മൂന്നു ചിറകുകളോടുകൂടിയ ഒരു വിമാനത്തിൽ ഒരു അഭിനവസ്പെയിൻ സംസ്ഥാപിക്കുവാനായി കാനറീസ് ദ്വീപിൽനിന്നും സ്പെയിനിൽ വന്നിറങ്ങി. ആ ജൂലൈ 13-നു-യാണു കാൽവോ സോറെറല്ലാ ഹതനായതു്. 17-നു- ഫ്രാങ്കോ സ്പാനീഷു ഭൂമിയിൽ കാലുകുത്തുകയും ചെയ്തു. മൊറോക്കൻ സൈന്യങ്ങളുടെ ആഗമനത്തോടുകൂടി ഹുവെൽവാ, ബഡാജോസ്, മറീഡാ, കാർസേഴ്സ്, തൊലേദോ എന്നി സ്ഥലവാസികളും രക്തവർണ്ണഗവമ്മെൻറിനെതിരായി വാളുയത്തി. സമരം ധീരമായി നടന്നു. ഇന്നു ജനറൽഫ്രാങ്കോ ദേശീയസ്പെയിനിന്റെ അധിനാഥനായി സ്ഥിതിചെയ്യുന്നു.

ജനറൽഫ്രാങ്കോ എന്തു ചെയ്യുവാൻ പോകുന്നു? അഭിനവ സ്പെയിനിന്റെ സംസ്ഥാപനം എങ്ങനെ ഈ സേനാനി സാധിക്കുവാനിരിക്കുന്നു? പലരിലുംനിന്നും ഉദിച്ചുവരുന്ന ഒരു പ്രശ്നം. ഇതിനു സമാധാനം അദ്ദേഹംതന്നെ നൽകീട്ടുണ്ട്. "സമാധാനത്തിനും രാജ്യാഭിവൃദ്ധിക്കുംവേണ്ടി, തൊഴിലാളികളുടേയും മദ്ധ്യവിഭാഗക്കാരുടേയും സമുഹ്യാഭിവൃദ്ധിക്കുവേണ്ടി, മനസ്സാക്ഷി സ്വാതന്ത്ര്യത്തിനും മതസ്വാതന്ത്ര്യത്തിനും വേണ്ടി, കുടുംബൈശ്വയ്യത്തിനും സമാധാനത്തിനുംവേണ്ടി, നമ്മുടെ നാഗരികതയ്ക്കുവേണ്ടി, നമ്മുടെ പതാകയുടെ അഭിമാനസംരക്ഷണത്തിനുവേണ്ടി, സ്വരാജ്യത്തിനു സ്വാതന്ത്ര്യത്തിനുവേണ്ടി, ഒരു പുതിയ സ്പെയിനിനു, സ്വതന്ത്രസ്പെയിനിനു, മഹനീയമായ ഒരു സ്പെയിനിനുവേണ്ടി" എന്നിങ്ങനെയാണ് ഈ ധീരസേനാനിയുടെ തന്നെ ഒരു പ്രഖ്യാപനത്തിൽ അദ്ദേഹം തന്റെ ആദശങ്ങളെ നിർവചിച്ചിരിക്കുന്നതു്.

---

ളത്തി. പിന്നീടു വാർഷിലാവ് ഒരു ആട്ടിടയനായിത്തീന്നു. പന്ത്രണ്ടാമത്തെ വയസ്സുവരെ ഈ വിധം നിരക്ഷരകുക്ഷിയായി വളന്നു. പിന്നെ ജയിലിൽപോയി. തന്നത്താനെ പഠിച്ചു. കാറൽമാർക്സ്, ഏഞ്ജൽസ് ഇവരുടെ ഗ്രന്ഥങ്ങളിലെ ഏതുവശം ചോദിച്ചാലും ഇപ്പോൾ കാണാപ്പാഠം പറയും. റഷ്യൻ വിപ്ലവകാലത്തു സ്റ്റാലിന്റെ കൂടെ പല സമരങ്ങളിലും പങ്കെടുത്തു. ട്രാട്സ്കിയെപ്പോലെ വാർഷിലാവ് അത്ര അപാര അറിവുള്ള ആളല്ല; എങ്കിലും ധീരനാണ്. അതിനെ വെളിവാക്കുന്ന ഒരു കഥയുണ്ട്.

"ആഹാ! എന്തഴക്"

ഒരിക്കൽ മാസ്കോവിൽ പട്ടാളക്കാർ അണിനിരക്കുന്നതിന് അല്പംമുമ്പ് വാർഷിലാവ് ഒരു കുതിരപ്പുറത്തു കയറിച്ചെന്നു. "ആഹാ! എത്ര അഴകേറിയ മനുഷ്യൻ" എന്നു ജനങ്ങൾ ആത്തുവിളിച്ചു. അതിന്റെ പിന്നാലെ ഒരു കുതിരപ്പുറത്തു വന്ന ട്രാട്സ്കിയെകണ്ടു്, ജനങ്ങൾ "ആഹാ! എത്ര അഴകേറിയ കുതിര" എന്നാണു വിളിച്ചുപറഞ്ഞതു്.



ട്രാട്സ്കി

1925 മുതൽ വാർഷിലാവ് കാലാൾപടയുടെയും കടൽസൈന്യത്തിന്റെയും നായകനായിരിക്കയാണ്. വാർഷിലാവ് ആരെപ്പററിയും സംശയിക്കാത്ത മനുഷ്യനാണ്. പിന്നീടു സംഭവിക്കാൻപോകുന്നതിനെ മുൻകൂട്ടി ഊഹിച്ചറിയാനുള്ള ദീർഘദൃഷ്ടിയും ഇദ്ദേഹത്തിനുണ്ട്. വാർഷിലാവിന്റെ വിരോധികളെ ഉന്മൂലനാശം ചെയ്യാൻ സ്റ്റാലിൻ ബദ്ധശ്രദ്ധനായിരിക്കുന്നു. റഷ്യയിൽ ഭാവിയിലെ സവ്വാധിപതി വാർഷിലാവാണെന്നാണ് ഇന്നത്തെ നിശ്ചയം.

---

# വർത്തമാനസംഗ്രഹം

## കേരളം

ഫിനാൻസ്കമ്മററി യോഗം ഈ മാസം 22-നു കൂടുവാൻ ഇടയുള്ളതായി അറിയുന്നു.

* * *

തിരുവിതാംകൂർ കമ്പനി റെഗുലേഷൻ ഭേദഗതി ബില്ലിൻെറ സിലക്ട് കമ്മററി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

* * *

കോട്ടയം സവേ് സ്കൂളിലേക്കുള്ള പ്രവേശനപ്പരീക്ഷ ഈ മാസം 31-നു കോട്ടയം സവേ് സ്കൂളിൽ വച്ചു നടത്തപ്പെടുന്നതാണ്.

* * *

ട്രെയിനിംഗ്കാളേജു സീനിയർ ലക്ചറർ മി. എൻ. കുപ്പുസ്വാമിഅയ്യങ്കാർ എം. എ. എൽ. ടി. പെൻഷൻെറ പ്രാരംഭമായി 4 മാസത്തെ അവധിക്കപേക്ഷിച്ചിരിക്കുന്നു.

* * *

മദ്ധ്യവേനലൊഴിവു കഴിഞ്ഞു സ്ഥലത്തെ കാളേജുകൾ തുറന്നിരിക്കുന്നു. അദ്ധ്യയനസമയം കാലത്തു നൽ മുതൽ വൈകിട്ടു നൽ വരെ ആക്കി മാററിയിരിക്കുന്നു.

* * *

കൊച്ചിയിലെ പുതിയ ഭരണനിയമം തയ്യാറാക്കുന്നതിൽ ഭാഗഭാക്കായിരുന്ന മി. എൻ. ഡി. വരദാചാരിക്കു മഹാരാജാവു തിരുമനസ്സുകൊണ്ടു ഒരു വീരശൃംഖല സമ്മാനിച്ചിരിക്കുന്നു.

* * *

തിരുവിതാംകൂർ പോലീസുകമ്മിഷണർ മി. പിച്ചുഅയ്യങ്കാരുടെ ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുവാൻ ഇടയില്ലെന്നും, അദ്ദേഹം ഈ കർക്കടകമാസത്തിൽ പെൻഷൻപററി പിരിയുന്നതാണെന്നും അറിയുന്നു.

* * *

തിരുവിതാംകൂർ സ്റ്റേററ്കാൺഗ്രസു ജായൻറ്സിക്രട്ടറി മി. കെ. പി. നീലകണ്ഠപിള്ളയെ കൈയ്യേറ്റംചെയ്തവരിൽ രണ്ടു മഹമ്മദീയർ ഉൾപ്പെടെ ആകെ 3 പേരെ അറസ്ററു ചെയ്തിരിക്കുന്നു.

* * *

ഇക്കഴിഞ്ഞ സ്കൂൾഫൈനൽ പരീക്ഷക്കു സ്റ്റേററിൽ ഒന്നാമതായി മല്ലപ്പള്ളി ഹൈസ്കൂളിലെ ഒരു ക്രിസ്ത്യൻ വിദ്യാർത്ഥിയും രണ്ടാമതായി കൊട്ടാരക്കര സ്കൂളിലെ ഒരു ബ്രാഹ്മണ വിദ്യാർത്ഥിയും വിജയികളായിരിക്കുന്നു.

* * *

നാഷണൽ ആൻഡ് ക്വയിലോൺബാങ്കിൻെറ ബ്രാഞ്ചുകളിൽ തുടർച്ചയായുള്ള റൺനിമിത്തം ഏർപ്പെടുത്തേണ്ട നടപടികളെപ്പററി ആലോചിച്ചു തീരുമാനിക്കുന്നതിനായി ജൂലൈ 1-നുവരെ ബാങ്കിൻെറ പ്രവർത്തനം നിറുത്തിവച്ചിരിക്കുന്നു,

* * *

ഞായറാഴ്ച നടന്ന അവിട്ടംതിരുനാൾ രാജകുമാരൻെറ അന്നപ്രാശനംസംബന്ധിച്ചു മഹാറാണി സേതുപാർവ്വതിഭായി തിരുമനസ്സുകൊണ്ടു സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആശുപത്രിയിലെ 60-ഓളം കുട്ടികൾക്കു പുതിയ ഉടുപ്പുകൾ സമ്മാനിച്ചിരിക്കുന്നു.

* * *

ധനപരിപോഷണക്കമ്മിററിയുടെ അടുത്ത യോഗം ജൂൺ 28—ം 29—ം തീയതികളിൽ ആർട്ട്സ് കാളേജിൽ വച്ചു ബോർഡിൻെറ പ്രസിഡൻറായ ലാൻറു റവന്യൂ കമ്മിഷണർ മി. കെ. ജാജ്ജിൻെറ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്.

* * *

1938 ജൂലൈമാസംമുതൽ ആരംഭിക്കുന്ന മദ്രാസ്മെഡിക്കൽ കാളേജിലെ എം. ബി. ബി. എസ്. കോഴ്സിനുചേരുവാൻ മി. ആർ. ചന്ദ്രശേഖരൻനായർ, മിസ്സ് റോസാമ്മ ജാൺ എന്നിവരെ ഗവണ്മെൻറിൽനിന്നു തിരഞ്ഞെടുത്തിരിക്കുന്നു.

* * *

സ്റ്റേററ്പീപ്പിൾസു കൺവെൻഷൻ മീററിംഗു നടത്തുവാൻ അനുവാദം ആവശ്യപ്പെട്ടുകൊണ്ടു തൽപ്രവർത്തകന്മാർ ബോധിപ്പിച്ച അപേക്ഷയനുസരിച്ചു, തിരുവനന്തപുരം ഡിസ്ത്രിക്ട് മജിസ്ട്രേട്ടു അതിലേക്കു അനുവാദം നൽകിയിരിക്കുന്നതായറിയുന്നു.

* * *

സ്റ്റേററ് കാൺഗ്രസ്സുകാർ മഹാരാജാവു തിരുമനസ്സിലേക്കു സമർപ്പിച്ച മെമ്മോറിയലിൻെറ അനുബന്ധമായ മെമ്മോറാണ്ടത്തിൻെറ പ്രചരണത്തെ 15 ദിവസത്തേക്കു നിരോധിച്ചുകൊണ്ടുണ്ടായ ഡിസ്ത്രിക്ട് മജിസ്ട്രേട്ടിൻെറ ഉത്തരവിനെ തുടന്നു നിലവിലിരിക്കത്തക്ക വിധം ഗവർമ്മെൻറിൽനിന്നും സ്ഥിരപ്പെടുത്തിയിരിക്കുന്നു.

* * *

കൊച്ചി ദിവാൻ സർ ഷണ്മുഖംചെട്ടി കർക്കടകം 16-നു മുതൽ ഇൻഡ്യൻ പ്രതിനിധിയായി യൂറോപ്പിൽ പോകാൻ മൂന്നു മാസത്തെ അവധിയെടുക്കുമ്പോൾ പകരം ദിവാനായി ഹൈക്കോടതി ജഡ്ജി മി. ഔസേപ്പിനേയൊ, ദിവാൻ പേഷ്ക്കാർ മി. അച്യുതമേനവനേയൊ, ഭരണസംഘടനാ വിദഗ്ദ്ധൻ മി. എൻ. ഡി. വരദാചാരിയേയൊ നിയമിക്കുമെന്നു കേൾക്കുന്നു.

* * *

ഗാർഹികവും വ്യവസായികവുമായ ആവശ്യങ്ങൾക്കു കൊല്ലത്തും തിരുവനന്തപുരത്തും വിദ്യുച്ഛക്തി വിതരണത്തിനുള്ള താരിപ്പു നിരക്കുകൾ ഗവണ്മെൻറു വദിച്ചിട്ടുള്ളതു് ദേവികുളവും ചിത്തിരപുരവും ഒഴിച്ചുള്ള തിരുവിതാംകൂറിലെ എല്ലാ സ്ഥലങ്ങളേയും ബാധിക്കുന്നതാണെന്നും എലക്ട്രിക്കൽ ഡിപ്പാർട്ടുമെൻറു മുഖേന വിദ്യുച്ഛക്തി വിതരണം നടത്തുന്നതാണെന്നും കാണിച്ചു ഒരു പ്രസ്സ്നോട്ടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

* * *

തിരു: യൂണിവേഴ്സിററിയിൽ ഭൂമിശാസ്ത്രത്തിനു ഡിപ്ലോമാ കോഴ്സ് ഏർപ്പെടുത്തുന്നതു സംബന്ധിച്ചു് നിയമിക്കപ്പെട്ട മി. മുത്തുകൃഷ്ണഅയ്യർ ട്രെയിനിംഗ് കാളേജ് ലക്ചററായി ചാർജ്ജ് എടുത്തിരിക്കുന്നു. ഇദ്ദേഹം അണ്ടർഗ്രാഡ്വേററുകൾക്കും എൽ. ററി. കാർക്കും ഭൂമിശാസ്ത്രത്തിനു ഡിഗ്രി കോഴ്സിനുള്ള പരിശീലനം നൽകുന്നതാണെന്നും അറിയുന്നു. ഡിപ്ലോമാ കോഴ്സിനു വൈകുന്നേരം പ്രത്യേകം ക്ലാസ് ഏർപ്പെടുത്തുവാനും ആലോചിച്ചു വരുന്നു.

* * *

സ്റ്റേററ് കാൺഗ്രസ് ജായിൻറു സെക്രട്ടറി മി. കെ. പി. നീലകണ്ഠപ്പിള്ളയെ കഠിന ദേഹോപദ്രവം ഏൽപ്പിച്ചതിനെ പ്രതിഷേധിച്ചുകൊണ്ടു് തമ്പാനൂർ റയിൽവേസ്റ്റേഷൻ മൈതാനത്തു വച്ചു മി. പട്ടത്തിൻെറ അദ്ധ്യക്ഷതയിൽ ഒരു മഹായോഗം കൂടുകയുണ്ടായി. കാൺഗ്രസ് ആഫീസിൽനിന്നു ഒരു ഘോഷയാത്രയും യോഗസ്ഥലത്തേക്കുണ്ടായിരുന്നു. പ്രസ്തുത യോഗത്തിൽ ഇരുപത്തിനാലായിരത്തിൽപരം ആളുകൾ സന്നിഹിതരായിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

* * *



പോലീസ് കമ്മിഷണർ മി. പിച്ചുഅയ്യങ്കാർ

ഇദ്ദേഹത്തിൻെറ ഉദ്യോഗകാലാവധി കർക്കടകം 20-നു അവസാനിക്കുന്നതാണെന്നറിയുന്നു.

സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനായി ധനപരിപോഷണകമ്മിററിയിൽനിന്നു നിയോഗിച്ചിട്ടുള്ള സബ്കമ്മിററിയുടെ ഒരു യോഗം ആർട്ട്സ്കാളേജിൽ വച്ചു് വിദ്യാഭ്യാസഡയറക്ടർ മി. ഗോപാലമേനവൻെറ അദ്ധ്യക്ഷതയിൽക്കൂടി. മെ. ഈ. എ. പൊള്ളാർഡ്, ചങ്ങനാശേരി പരമേശ്വരൻപിള്ള, പി. എൻ. കൃഷ്ണപിള്ള, ഡാക്ടർ യൂ. ശിവരാമൻനായർ എന്നീ മെമ്പറന്മാർ സന്നിഹിതരായിരുന്നു. ആലപ്പുഴയും നെയ്യാററിൻകരയും രണ്ടു മാതൃകാകേന്ദ്രങ്ങളായി എടുത്തു അവിടത്തെ സ്ഥിതിവിവരക്കണക്കുകൾ ആദ്യമായി ശേഖരിക്കുന്നതിനു തീരുമാനിച്ചതായി അറിയുന്നു.

* * *

സ്റ്റേററ് കാൺഗ്രസിൻെറ പ്രചരണാർത്ഥം നെടുങ്ങാണ്ടയും പരിസരപ്രദേശങ്ങളിലും ഉള്ള മാന്യന്മാരുടെ ആഭിമുഖ്യത്തിൽ മി. പട്ടംതാണുപിള്ളയുടെ ആദ്ധ്യക്ഷത്തിൽ നടത്താൻ ഉദ്ദേശിച്ചിരുന്ന യോഗത്തെ ചട്ടമ്പികളുടെ ശല്യം നിമിത്തം അദ്ധ്യക്ഷനു പിരിച്ചുവിടേണ്ടിവന്നു. പോലീസ് അധികൃതന്മാരുടെ കൺമുമ്പിൽവച്ചു അക്രമികൾ മി. പട്ടത്തിനെ പിടിച്ചുതള്ളിയതായും അതിൽ പോലീസ് മൗനം അവലംബിച്ചതായും റിപ്പോർട്ടുചെയ്തിരിക്കുന്നു.

പ്രസ്തുത മീററിംഗിൽ തനിക്കുണ്ടായ അനുഭവത്തെ പരാമർശിച്ചു മി. പട്ടം ഒരു സ്റ്റേററുമെൻറു പുറപ്പെടുവിച്ചിരിക്കുന്നു.

* * *

ചേർത്തലവച്ചു മി. സി. കേശവൻെറ അദ്ധ്യക്ഷതയിൽ നടന്ന ഈഴവയൂത്ത്ലീഗിൽ റൗഡികൾ അക്രമംകാണിക്കുകയും ശ്രോതാക്കളിൽ ചിലരെ തല്ലുകയും മീററിംഗ് അലങ്കോലപ്പെടുത്തുകയും ചെയ്തതായി ഇവിടെ അറിവുകിട്ടിയിരിക്കുന്നു. പോലീസ് സിൽബന്ധികളുടെ പിൻബലം ഈ റൗഡികൾക്കുണ്ടായിരുന്നു എന്നുള്ളതു വ്യക്തമാണ്. ആളുകൾ അടിപേടിച്ചു ഓടിയപ്പോൾ മീററിംഗ് സ്ഥലത്തിൻെറ പ്രവേശനദ്വാരത്തിൽനിന്നു പോലീസുകാർ പൊതുജനങ്ങളെ ലാത്തിപ്രഹരം നടത്തുകയുംചെയ്തു. ലാത്തിപ്രഹരം ഏററു ഒരാൾ ആശുപത്രിയെ അഭയംപ്രാപിച്ചിരിക്കുന്നു.

* * *

കേരളീയപ്രാന്തീയഹിന്ദിപ്രചാരകസഭാകാര്യദശിയായ പണ്ഡിററ് ദേവദൂത് വിദ്യാർത്ഥി എഴുതുന്നതു്: — വിദ്വാൻ കെ. എൻ. പരമേശ്വരപ്പണിക്കർ ബി. എ., രാഷ്ട്രഭാഷവിശാരദ്, ജൂൺ 14-നുമുതൽ കേരള ഹിന്ദിപ്രചാരകസഭയുടെ തിരുവിതാംകൂർ സ്റ്റേററുകമ്മററി പ്രസിഡൻറായി നിയമിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം പ്രസ്തുത ജോലിക്കു പുറമെ ഇൻറർമീഡിയററ്, ബി. എ. എന്നീ പരീക്ഷകൾക്കു ഹിന്ദി പഠിപ്പിക്കയും മദ്രാസ് യൂണിവേഴ്സിററിയുടെ വിദ്വാൻ, ദക്ഷിണഭാരത

ഹിന്ദി പ്രചാരസഭയുടെ 'രാഷ്ട്രഭാഷാവിശാരദ്' എന്നീ ഉപാധി പരീക്ഷകൾക്കു വിദ്യാർത്ഥികളെ പഠിപ്പിച്ചു തയ്യാറാക്കുകയും ചെയ്യുന്നതാണ്.

* * *

മി. സി. രാജഗോപാലാചാരി കോഴിക്കോട്ടുവച്ചു മന്ത്രിയെ തിരഞ്ഞെടുക്കേണ്ട വിധത്തെപ്പററി ഇപ്രകാരം പറയുകയുണ്ടായി:—

പ്രാപ്തനോ, നിസ്സ്വാർത്ഥിയോ ബുദ്ധിമാനോ എന്നു നോക്കിയാണ് നിങ്ങൾ പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കേണ്ടതു്. ഞാൻ സ്വാർത്ഥിയാണെന്നും കാര്യങ്ങൾക്കു കൊള്ളാത്ത ആളാണെന്നും നിങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽ എനിക്കു സരസ്വതിയുടെ ബുദ്ധിയുണ്ടെങ്കിൽക്കൂടി നിങ്ങൾ എന്നെ പുറം തള്ളണം. എനിക്കു പ്രാപ്തിയും ബുദ്ധിയുമില്ലെങ്കിൽ ഹരിശ്ചന്ദ്രനെപ്പോലെ സത്യവാനാണെങ്കിൽ കൂടി എന്നെ സ്വീകരിക്കരുതു്. എന്നാൽ സരസ്വതിയുടെ ബുദ്ധിയും ഹരിശ്ചന്ദ്രന്റെ സത്യവുമുള്ള ഒരാളെ ഈ 1938-ൽ ലഭിക്കയില്ല.

——

# ഭാരതം

ഗവമെന്റു കാളേജുകളിൽ ഹരിജൻ വിദ്യാർത്ഥികൾക്കു ഫീസ് വേണ്ടെന്നു വയ്ക്കുവാൻ മദ്രാസ് ഗവമെന്റു ആലോചിച്ചു വരുന്നു

* * * *

മദ്രാസിലെ വെസ്റ്റേൺ ഇന്ത്യാ തീപ്പെട്ടിഫാക്ടറിയിലെ പണിമുടക്ക് തുടർന്നുവരുന്നു. പണിമുടക്ക് ആരംഭിച്ചിട്ടു മൂന്നാഴ്ചയിലധികമായിരിക്കുന്നു.

* * *

സ്ഥാനമാനങ്ങൾ മുഖേന ഉദ്യോഗസ്ഥന്മാർക്കു കൈക്കൂലിനൽകുന്ന സമ്പ്രദായത്തെ സർദാർ വല്ലഭായിപട്ടേൽ ശക്തിമത്തായി ആക്ഷേപിച്ചിരിക്കുന്നു.

* * *

ശ്രീമതി സ്വരൂപറാണി നെഹ്റുവിന്റെ (മിസ്സസ്സ് മോട്ടിലാൽനെഹ്റു) സ്മാരകമായി ഋഷീകേശത്തിൽ ഒരു കാൺഗ്രസ്സ്മന്ദിരം സ്ഥാപിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു.

* * *

എസ്. എൻ. ഡി. പി. യോഗത്തിനു ആലോചിക്കാൻ കൂടുതൽ സമയംകൊടുക്കണമെന്നു കൽക്കട്ടായിലെ ഈഴവർ തിരു: ഗവമെന്റിനോടു അഭ്യർത്ഥിച്ചിരിക്കുന്നു.

* * *

ബംഗാൾ ഗവർണ്ണരായ ബ്രാബോൺ പ്രഭു ജൂൺ 25-നു പകൽ 4 മണിക്കു വൈസ്രായി മന്ദിരത്തിൽ വച്ചു ആക്ടിംഗ് ഗവർണ്ണർ ജനറലായി ചാർജ്ജെടുക്കുന്നതാണ്.

* * *

പഞ്ചാബിൽ 3 പൊലീസ് കാൺസ്റ്റബിൾ ഉദ്യോഗത്തിനൊഴിവു വന്നപ്പോൾ അതിലേക്കു ബി. എ. ക്കാരും സ്കൂൾഫൈനൽ കാരുമായി 3000-ത്തിൽപരം അപേക്ഷകർ ഉണ്ടായിരുന്നതായി കാണുന്നു.

* * *

ഹിന്ദി നിർബന്ധവിഷയമാക്കപ്പെട്ടിരിക്കുന്ന 125 സ്കൂളുകളിലെ രണ്ടും മൂന്നും ഫാറം ക്ലാസ്സുകളിലേക്കുള്ള ഹിന്ദുസ്ഥാനി പാഠ്യപുസ്തകങ്ങൾ തയ്യാറാക്കുവാൻ മദ്രാസ് ഗവമെന്റുവേണ്ട ഏർപ്പാടുകൾ ചെയ്തിരിക്കുന്നു.

* * *

വാർദ്ധായിലെ ഗ്രാമീണവ്യവസായ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കടലാസ്നിർമ്മാണം പഠിക്കുന്നതിനു സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി 10പേരെ മദ്രാസ്ഗവമെന്റു തിരഞ്ഞെടുത്തിരിക്കുന്നു.

* * *

മദ്രാസിലെ നിയമസഭകളിൽ സന്നിഹിതരാകുന്ന ആന്ധ്രാദേശ പ്രതിനിധികൾ തെലുങ്ക് ഭാഷയിൽ സംസാരിക്കണമെന്നുള്ള അവരുടെ ആഗ്രഹം അവർ ജൂലൈമാസത്തിൽ കൂടുന്ന പാർട്ടിമീററിങ്ങിൽ പ്രസ്താവിക്കുന്നതാണെന്നറിയുന്നു.

* * *

മദ്രാസ് കാർപ്പറേഷനിലെ 6000 താണ ജോലിക്കാർ അടുത്ത ആഗസ്റ്റ 1-നു മുതൽ പണിമുടക്കുന്നതാണെന്നു നോട്ടീസുകൊടുത്തിരിക്കുന്നു. അല്ലാത്തപക്ഷം ആ തീയതിക്കുമുമ്പായി അവരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നു അഭ്യർത്ഥിക്കപ്പെട്ടിരിക്കുന്നു.

* * *

ജൂലൈ 15-നു-മുതൽ അവധിയിൽ പ്രവേശിക്കുന്ന സർ ഇഹബ്ബക്കിനു പകരം മി. ജി. ററിബോഗിനെ ഒറീസ്സാഗവർണ്ണരായി നിയമിച്ചതിനെ ചക്രവർത്തി തിരുമനസ്സുകൊണ്ടു് അംഗീകരിച്ചിരിക്കുന്നതായി ഒരു കമ്യൂണിക്ക് പ്രസ്താവിക്കുന്നു.

* * *

മദ്രാസ് കൃസ്ത്യൻകാളേജിൽ ഇക്കൊല്ലം പ്രവേശനത്തിനു പതിവിലധികം അപേക്ഷകൾ തിരുവിതാംകൂറിൽനിന്നു വന്നിട്ടുള്ളതായി അറിയുന്നു. തിരു: സർവ്വകലാശാലയുടെ ആവിർഭാവം നിമിത്തം ഇങ്ങനെ വരുമെന്നു ആശിച്ചിരുന്നതല്ല.

* * *

നിരക്ഷരത്വത്തെ നീക്കംചെയ്വാനുള്ള വിദ്യാർത്ഥികളുടെ സംരംഭത്തിൽ ഏർപ്പെട്ടിരുന്ന ഗിരിധരിലാൽനന്ദ, ചൈതന്യമിശ്ര, പ്രാണബന്ധു, അഗസ്തി എന്നീ വിദ്യാർത്ഥികളെ നീലഗിരിസ്റ്റേററിൽവച്ചു അറസ്ററുചെയ്തിരിക്കുന്നു.

* * *

ശരിയായ പരിശീലനം ലഭിച്ച അദ്ധ്യാപകന്മാരുടെ അഭാവത്താൽ വാർദ്ധാപദ്ധതി നടപ്പാക്കുന്നതു ഒരു വർഷം കഴിഞ്ഞു മതിയെന്നു മദ്രാസ് ഗവമെന്റു നിശ്ചയിച്ചിരിക്കുന്നു. അടുത്ത വർഷത്തേക്കു മേട്ടൂരിൽ വച്ചു വാർദ്ധാപദ്ധതിയനുസരിച്ചു 50-അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതാണ്.

* * *

കർണ്ണൂർ ഗുണ്ടകണ്ടല എന്ന ഗ്രാമത്തിൽ ഒരു വീട്ടിൽ പോലീസ്സുപ്രണ്ടു നടത്തിയ അന്വേഷണഫലമായി ഒരു പത്തായത്തിൽനിന്നു പഞ്ഞിയിൽപൊതിഞ്ഞ രണ്ടു ബോംബുകൾ കണ്ടെടുത്തിരിക്കുന്നു. വീട്ടുടമസ്ഥനറിയാതെയാണു പത്തായത്തിൽ ബോംബുവച്ചതെന്നും, അറിവുകൊടുത്തയാളെതന്നെ പോലീസുകർ അറസ്ററുചെയ്തുവെന്നും അറിയുന്നു.

* * *

കാർപ്പൊറേഷനിലെ കാൺഗ്രസ്സുകക്ഷിനേതാവായ മി. സത്യമൂർത്തി അവതരിപ്പിച്ച ഒരു പ്രമേയത്തെ എതിർത്തതിന്റെ ഫലമായി സാമ്രാജ്യനിയമസഭാസാമാജികനായ മി. സ്വാമി വെങ്കിടാചലംചെട്ടിയെ മദ്രാസ് കാർപ്പൊറേഷൻ കാൺഗ്രസ്സുകക്ഷിയിൽനിന്നു തള്ളിക്കളയാൻ തമിൾനാട്ടു കാൺഗ്രസ്സുകമ്മിററി തീരുമാനിച്ചിരിക്കുന്നു.

* * *

ഈയിടെവരെ കൃന്തൂർ സബ്കളക്ടരായിരുന്ന മി. ഡബ്ളിയു ററി. ബ്രയൻറ ഐ. സി. എസ്സ്. മദ്രാസ് ഗവർണ്ണരുടെ പ്രൈവററ സെക്രട്ടറിയായി ചാർജ്ജെടുത്തിരിക്കുന്നു. മൈസൂറിലെ ജയചാമ രാജരാജകുമാരന്റെ സഹചാരിയായി ജൂൺ 23-നു അവധിയിൽ പോയ മി. ഡി. എച്ച്. എൽവിനു പകരമാണ് ഈ നിയമനം.

* * *

ആന്ധ്രാസർവ്വകലാശാല വൈസ്ചാൻസലർ സ്ഥാനം സംബന്ധിച്ച കർത്തവ്യങ്ങളിൽനിന്നു തന്നെ മോചിപ്പിക്കണമെന്നു ബഹു: വി. എസ്. ശ്രീനിവാസശാസ്ത്രി സർവ്വകലാശാലാധികൃതന്മാരോടു അപേക്ഷിച്ചെങ്കിലും ഒരു വർഷംകൂടി വൈസ്ചാൻസലരായിരിക്കണമെന്നു അവർ അദ്ദേഹത്തോടു അപേക്ഷിച്ചിരിക്കുന്നതായറിയുന്നു.

* * *

സമുദായങ്ങൾതമ്മിൽ ശത്രുതയോ സംഭ്രമമോ ഭയമോ ഉണ്ടാക്കാൻ പര്യാപ്തമായ കേൾവികളെ പ്രചരിപ്പിക്കുന്നതിനെ കുററകരമാക്കുന്നതിനും ഗവമെന്റു ജീവനക്കാരെ അവരുടെ കൃത്യനിർവ്വഹണത്തിൽ കയ്യേററത്തിൽനിന്നു രക്ഷിക്കാനുമായി പഞ്ചാബ് നിയമസഭയിൽ ഒരു ബിൽ അവതരിപ്പിക്കുന്നതാണെന്നു ഗവർണർ ഒരു പ്രസംഗത്തിനിടയിൽ പ്രസ്താവിക്കയുണ്ടായി.

* * *

കിഴക്കെബങ്കാളിൽ ബ്രഹ്മൻബാരിയിലെത്തിയ കാൺഗ്രസ്സ് പ്രസിഡണ്ടു ശ്രീ. സുഭാഷ് ബോസിനെയുംകൊണ്ടു ഘോഷയാത്രപോയിരുന്ന ജനക്കൂട്ടത്തിലേക്കു മുസ്ലീം ലീഗുകാരായ ചിലർ കല്ലുകൾ എറിയുകയാൽ മി. ബോസും ബങ്കാൾ കാൺഗ്രസ്സുസിക്രട്ടറി മൌലവിയും ഉൾപ്പെടെ 15 പേർക്കു പരുക്കുകൾപററിയിരിക്കുന്നു.

* * *

തെന്നിന്ത്യാ തൊഴിലാളിയൂണിയന്റെ ദ്വിതീയവാർഷിക സമ്മേളനം മദ്രാസിലെ പ്രധാനമന്ത്രി മി. സി. രാജഗോപാലാചാരി ഗോൾഡൻ റാക്കിൽവച്ചു ഉൽഘാടനം ചെയ്തിരിക്കുന്നു. തൊഴിലാളികളുടെ സ്ഥിതി നന്നാക്കാൻ ആയി മാത്രം സംഘടിതമാകുന്ന ഏതു യൂണിയൻ വേണമെങ്കിലും അംഗീകരിക്കാൻ ഗവമെന്റു സുസന്നദ്ധമാണെന്നു അദ്ദേഹം അപ്പോൾ പ്രസ്താവിച്ചു.

* * *

അഹമ്മദബാദിൽ മദ്യനിരോധനം ആരംഭിക്കാനുള്ള പദ്ധതികളെല്ലാം പൂർത്തിയായിരിക്കുന്നു. രണ്ടു ദിവസത്തിനകം ഈ പദ്ധതിയുടെ പൂർണ്ണവിവരങ്ങളടങ്ങിയ ഒരു കമ്മ്യൂണിക്ക് ഔപചാരികമായി പ്രഖ്യാപനം ചെയ്യപ്പെടും. അഹമ്മദബാദ് മദ്യനിരോധനത്തിനു സജ്ജമായിരിക്കയാണെന്ന് അവിടെ നിന്നു പ്രത്യാഗതനായ പ്രധാനമന്ത്രി മി. ബി. ജി. ഖേർ പ്രസ്താവിക്കയുണ്ടായി.

* * *

ജിന്നാ—ബോസ് സംവാദങ്ങളെപ്പററി നേതാക്കന്മാർ തമ്മിലുള്ള ആധുനികസംഭാഷണങ്ങൾ സുനിശ്ചിതമായ തീരുമാനങ്ങളിലേക്കു നയിക്കുവാനിടയില്ലെന്നു ഇപ്പോൾ അറിവായിരിക്കുന്നു. അവസാനതീരുമാനത്തിനായി ഈ വിഷയം പ്രവർത്തകസമിതിയിൽ അടുത്തുതന്നെ സമർപ്പിക്കപ്പെടുമെന്നാണ് ഇപ്പോഴത്തെ പ്രതീക്ഷ. രണ്ടാഴ്ചക്കകം പ്രവർത്തകക്കമ്മററി വാർദ്ധായിൽവച്ചുകൂടുന്നതാണ്.

* * *

ഒരു കുടിയാൻ ബിൽ നിയമസഭയിലവതരിപ്പിക്കാൻ മദ്രാസ് ഗവൺമെൻറുദ്ദേശിക്കുന്നതായി പ്രധാനമന്ത്രി മി.സി.രാജഗോപാലാചാരി തൃശ്ശിനാപ്പള്ളിയിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ സൂചിപ്പിക്കയുണ്ടായി. ജഗദേശന്റെ നിരാഹാരവ്രതത്തെ പ്രധാനമന്ത്രി ആക്ഷേപിക്കയും നിയമസഭയിലെ ഭൂരിപക്ഷം അങ്ങനെ ഒരു നിയമം വേണമെന്നു ആവശ്യപ്പെട്ടപ്പോൾ ഏതാദൃശമായ നിരാഹാരവ്രതങ്ങൾ നീതീകരിക്കത്തക്കതല്ലെന്നു പറയുകയും ചെയ്തു.

* * * *

“മുസ്ലീംജനങ്ങളിൽനിന്നും എനിക്കുകിട്ടിയ മറുപടികൾ എന്റെ പ്രതീക്ഷയിൽ കവിഞ്ഞുള്ളതാണ്. മദ്രാസിലെ ജസ്റ്റീസ് കക്ഷിക്കാരും (അബ്രാഹ്മണർ) ബംഗാളിലെ മുസ്ലീങ്ങളും കാലവിളംബംകൂടാതെ കാൺഗ്രസിൽ ചേരുമെന്നുള്ള ദൃഢവിശ്വാസത്തോടുകൂടിയാണ് ഞാ

ൻ തിരിച്ചുവന്നിരിക്കുന്നതു്" എന്നു അസോസിയേറ്റഡ് പ്രസ്സുമായുള്ള ഒരു അഭിമുഖസംഭാഷണത്തിൽ കാൺഗ്രസ്പ്രസിഡൻറ് മി. സുബാഷ് ചന്ദ്രബോസ് പ്രസ്താവിച്ചിരിക്കുന്നു.

* * *

തൊഴിലില്ലായ്മയെ തടയാനുള്ള പ്രഥമ നടപടിയായി സിലോണിലേക്കുള്ള കുടിയേററത്തെ നിരോധിക്കണമെന്നു മന്ത്രിമാരുടെ ബോർഡിനോടു ശുപാർശ ചെയ്യാൻ തൊഴിൽ—വ്യവസായ—വാണിജ്യ എക്സിക്യൂട്ടിവ് കമ്മററി നിശ്ചയം ചെയ്തിരിക്കുന്നു. കുടിയേററത്തിൻെറ നിയന്ത്രണം എന്നതിനു പകരം കുടിയേററത്തിൻെറ നിരോധനം എന്നു പ്രമേയത്തിലുൾപ്പെടുത്തിയതിൽ ഇൻഡ്യാക്കാർ വളരെ അഡാളിച്ചിരിക്കുന്നു. അവർ പ്രമേയത്തെ വളരെ ശക്തിയായി നിരൂപണം ചെയ്യുകയും കഴിഞ്ഞ ഏതാനും കൊല്ലമായി നീറിക്കൊണ്ടിരുന്ന നില ഇപ്പോൾ ആളിക്കത്തുമെന്നു പ്രസ്താവിക്കയും ചെയ്യുന്നു.

* * *

ബാംബെയിലെ നാഷനലിസ്ററ മുസ്ലീങ്ങൾ ജൂൺ 19-നു രാത്രി കാൺഗ്രസ് മന്ദിരത്തിൽ നിബിഡമായിക്കൂടി ഇപ്രകാരം ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു:—"മുസ്ലിംലീഗ് മുസ്ലിം ഇൻഡ്യയെ മുഴുവൻ പ്രതിനിധീകരിക്കുന്നു എന്നുള്ള മി. ജിന്നായുടെ വാദം ബുദ്ധിശൂന്യവും അത്യന്തം അസാധുകർത്തവ്യവും അസ്വീകാര്യവും ആണെന്നു ഈ യോഗം അഭിപ്രായപ്പെടുന്നു. ഈ വാദം കാൺഗ്രസ് അംഗീകരിക്കുന്നതു് പല തവണയായി മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ ത്യാഗത്തിനായുള്ള നിയന്ത്രണം കേട്ടു മുന്നോട്ടുവന്നിട്ടുള്ള ആ മുസ്ലീങ്ങളേയും മുസ്ലീംസംഘടനകളേയും ഒററുകൊടുക്കുന്നതിനു തുല്യമായിരിക്കും. അതു വർഗ്ഗീയവും പ്രതിപ്രവർത്തനപരവുമായ പ്രക്ഷോഭണങ്ങൾക്കു പ്രാധാന്യം നൽകുകയായിരിക്കും." ബംഗാളിലെ ഒരു ഉൾനാടൻപ്രദേശം സന്ദർശിച്ചപ്പോൾ മുസ്ലിംലീഗ് ഉണ്ടാക്കിയതായി പറയപ്പെടുന്ന ബഹളത്തെയും ഈ യോഗം അപലപിക്കയുണ്ടായി. മുസ്ലിംപ്രദേശങ്ങളിൽ ഫലവത്തായ പ്രചരണം ചെയ്യുന്നതിനെപ്പററി ബാംബെ പ്രാദേശികകാൺഗ്രസ് കമ്മററിയുമായി ആലോചിക്കുന്നതിനു ഒരു കമ്മററിയും നിയമിതമായി.

* * *

ബംഗാൾ പ്രധാനമന്ത്രി മി. ഫാസ്ലുൽ ഹക്ക് ജൂൺ 22-നു രാത്രി പന്ത്രണ്ടേമുക്കാൽ മണിക്കു തനിക്കും തൻെറ 9 സഹപ്രവർത്തകർക്കുംവേണ്ടി രാജിഹർജി സമർപ്പിച്ചു. സയ്യദ് നൗഷാലി തൻെറ രാജി പ്രത്യേകം സമർപ്പിക്കുകയാണുണ്ടായതു്. രാജി സമർപ്പിക്കയും അതു സ്വീകരിക്കപ്പെടുകയും ചെയ്ത ഉടൻ ബ്രാബോൺപ്രഭു നിയമസഭയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവെന്ന നിലയിൽ ഒരു പുതിയ മന്ത്രിസഭ രൂപീകരിക്കാൻ മി. ഫാസ്ലുൽഹക്കിനെ ക്ഷണിച്ചു. അദ്ദേഹം താനുൾപ്പെടെ 10 പേരടങ്ങിയ ഒരു മന്ത്രിസഭ രൂപീകരിച്ചു.

സയ്യദ് നൗഷാലി പ്രധാനമന്ത്രിക്കയച്ച ഒരു കത്തിൽ ഇപ്രകാരം പറഞ്ഞിട്ടുള്ളതായി അറിയുന്നു:—"ഞാൻ രാജിവയ്ക്കാൻ നിശ്ചയിച്ചിട്ടില്ല. ഒരു മന്ത്രിയോടു രാജിവയ്ക്കണമെന്നു ആവശ്യപ്പെടാൻ പ്രധാനമന്ത്രിക്കു അധികാരമുണ്ടോ എന്നു എനിക്കു പ്രബലമായ സംശയമുണ്ട്. ഒരിക്കലും കൂട്ടുചുമതല ഉണ്ടായിട്ടില്ലെന്നു ഞാൻ വാദിക്കുന്നു. മന്ത്രിക്കു പ്രതികൂലമായി ഒരു വോട്ടും ഇല്ലാതെയിരിക്കുന്നിടത്തോളം ഇക്കാര്യത്തിൽ ഗവർണ്ണർക്കു ഇടപെടാമോ എന്നും എനിക്കു സംശയമുണ്ട്. ബംഗാൾ അസംബ്ലിയെ വിളിച്ചുവരുത്തി ആരിലാണ് സഭയ്ക്കു വിശ്വാസമുള്ളതെന്നു പരിശോധിക്കാൻ ഞാൻ പ്രധാനമന്ത്രിയെ വെല്ലുവിളിക്കുന്നു." തൻെറ മന്ത്രിപദം സ്വീകരിക്കാൻ സ്ഥിരമായി വിസമ്മതിച്ചിരുന്ന ഒരാളാണ് മി. സയ്യദ് നൗഷാലി എന്നും ഓർക്കേണ്ടതാണ്.

— —

# വിദേശം

ജപ്പാൻെറ കയററുമതി 52 ശതമാനം കുറഞ്ഞുപോയിരിക്കുന്നു.

* * *

ഫ്രഞ്ചിന്ത്യയിലെ തൊഴിലാളിനേതാക്കന്മാരായ സഖാക്കൾ വി. രാമനാഥൻ, വി. പി രാമസ്വാമി എന്നിവർക്കു ഫ്രഞ്ചിന്ത്യവിട്ടു പുറത്തുപോകണമെന്ന കല്പനകിട്ടിയിരിക്കുന്നു.

* * *

1936 മെയ്മാസത്തിൽ 1500പേരെ ജപ്പാനിൽ കമ്മ്യൂണിസ്ററുകാരാണെന്നു സംശയിച്ചു അറസ്ററുചെയ്തിരുന്നു. അവരിൽ 235 ആളുകളുടെമേൽ രഹസ്യക്കോടതിയിൽ കേസ് വിചാരണയ്ക്കു വച്ചിരിക്കുന്നു.

* * * *

ഹാസ്യചിത്രകാരൻ എന്ന നിലയിൽ പ്രഖ്യാതനായ മി. ശങ്കർ (ശങ്കരപ്പിള്ള ബി. എ) ലണ്ടനിലെത്തി മി. ലോ, മുതലായ പ്രസിദ്ധ ഹാസ്യചിത്രകാരന്മാരുടെയടുക്കൽ ഉപരിപഠനം നടത്തിവരുന്നു.

* * *

വിമാനാക്രമണത്തിൽ ജനങ്ങളെ രക്ഷിക്കുവാനുള്ള സംഘങ്ങളിലേക്കു ബ്രിട്ടനിൽ വാളണ്ടിയർമാരെ ചേർത്തുവരുന്നു. 10 ലക്ഷം വാളണ്ടിയർമാരിൽ പകുതിയും സ്ത്രീകളായിരിക്കുമെന്നാണു പ്രതീക്ഷ.

* * *

ചൈനീസ്ഗവർമ്മെൻറിൻെറ ബാങ്കുകൾ പുതിയ കറൻസിനടപ്പാക്കിയിരിക്കുന്നുവത്രെ. ഹാങ്കോ ശത്രുക്കൾക്കധീനമാകുന്നതുവരെ പഴയ കറൻസിസംബന്ധിച്ചു നടപടികളൊന്നുമുണ്ടാകുമെന്നു വിചാരിക്കുന്നില്ല.

* * *

പരിശീലനം പകുതിയായ 10000 കേഡററുകളെ സൈനികാഭ്യസനം പൂർത്തിയാകുന്നതിനു കാത്തിരിക്കാതെതന്നെ രക്തസേനയിലെ ലഫ്ററനൻറന്മാരായി റഷ്യ നിയമിച്ചിരിക്കുന്നു.

* * *

എസ്സ്. എസ്സ്. തോർപ്പനസ്സ് എന്ന ബ്രിട്ടീഷ് കപ്പലിനെ വാലൻസിയാ തുറമുഖത്തുവച്ചു ബാംബെറിഞ്ഞു മുക്കിയിരിക്കുന്നു. ഗ്ലോക്സിനിയാ എന്ന ബ്രി:കപ്പലിനേയും അപ്രകാരം മുക്കിയതായി വർത്തമാനം പരന്നിരിക്കുന്നു.

* * *

ബ്രിട്ടനും ജപ്പാനും തമ്മിലുള്ള സൌഹാർദ്ദബന്ധം പാരമ്പര്യത്തെ അന്യൂനമായി നിലനിറുത്തുന്നതിനും കൂടുതൽ ദൃഢമാക്കുന്നതിനും താൻ ഉപയോഗപ്പെടുത്തുമെന്നു ജാപ്പനീസ് വിദേശകാര്യമന്ത്രി ഒരു പത്രപ്രവർത്തകസമ്മേളനത്തിൽ പറയുകയുണ്ടായി.

* * *

മേലധികാരികളുടെ ആജ്ഞയെ ലംഘിച്ചു എന്നകാരണത്താൽ, ഒരു ചൈനീസ് സേനാവിഭാഗത്തിൻെറ നായകനായ ജനറൽ ലങ്ങോവിനു ജൂൺ 17-നു വധശിക്ഷ നൽകിയെന്നു ചൈനീസ്ഗവർമ്മെൻറു പ്രഖ്യാപനം ചെയ്തിരിക്കുന്നു.

* * * *

പല തൊഴിൽക്കാരുൾപ്പെടുന്ന 1500-ഓളം യഹൂദന്മാരെ ബർളിനിൽ നിന്നുമാത്രം ഈ ആഴ്ചയിൽ അറസ്ററു ചെയ്തിരിക്കുന്നു. അറസ്ററിൻെറ കാരണം അവരുടെ ബന്ധുക്കൾക്കുപോലും അറിവില്ല. മററു ജർമ്മൻ നഗരങ്ങളിലും അറസ്ററു നടന്നിട്ടുണ്ട്.

* * *

ജർമ്മനിയിലുള്ള സകല യഹൂദവ്യവസായങ്ങളും അടിച്ചമർത്താൻ വേണ്ട കഠിനമായ മാർഗ്ഗങ്ങൾ ഉടൻതന്നെ സ്വീകരിക്കുമെന്നു മാർഷൽഗിബൽസ് പ്രഖ്യാപനംചെയ്തിരിക്കുന്നു.

* * *

ജാംഷെഡ്പൂരിലെ മൊസാബാനി കോപ്പർ ഫാക്ടറിയിലെ പണിമുടക്കത്തിലേർപ്പെട്ട തൊഴിലാളികളുടെ നേർക്ക് വെടിവച്ചതിൻെറ ഫലമായി 16 പേർക്കു കലശലായ മുറിവു പററിയിരിക്കുന്നുവെന്നു ബോംബെ ക്രോണിക്കിളിൻെറ പാററ്നാ ലേഖകൻ പ്രസ്താവിക്കുന്നു.

* * * *

ഗ്രൺപൂൺ എന്ന പർവതപ്രദേശത്തു താമസിക്കുന്ന 28 പേർ അവരുടെ മരിച്ചുപോയ ഒരു നേതാവിൻെറ ശ്രാദ്ധം പ്രമാണിച്ചു തയാറാക്കിയ ഒരു സദ്യയിൽ ചീങ്കണ്ണിമാംസം ഭക്ഷിച്ചതുമൂലം മരണം അടഞ്ഞിരിക്കുന്നു. ഭക്ഷണത്തിൽ വിഷാംശം ചേർന്നിരുന്നു എന്നാണ് പറയപ്പെടുന്നതു്.

* * *

ഐറിഷ് തിരഞ്ഞെടുപ്പിൽ അവസാനത്തെ കക്ഷിനില ഇങ്ങനെയാണ്:—ഡിവാലറാകക്ഷി 77, കോസ്ഗ്രേവ് കക്ഷി 45, ലേബർ 9, സ്വതന്ത്രർ 7. 1927-നുശേഷം ഏതെങ്കിലും ഒരു കക്ഷിക്കു ലഭിച്ചിട്ടുള്ളതിൽ ഏററവും വലിയ ഭൂരിപക്ഷമാണ് ഇപ്പോൾ മി. ഡിവാലറായ്ക്കു ലഭിച്ചിരിക്കുന്നതു്.

* * *

ചൈനയിലെ വെള്ളപ്പൊക്കത്തിൻെറ ഫലമായി 120,000 പേരെ കാണാനില്ല എന്നാണു കൈഫങ്ങിലെ അധികൃതന്മാരിൽ നിന്നറിയുന്നതു്. 3 ലക്ഷത്തിൽപരം വീടുകൾ നശിച്ചിട്ടുണ്ട്.

* * *

മഞ്ഞനദിയിലെ വെള്ളപ്പൊക്കത്തിൽ 3000 ച: മൈൽ വെള്ളത്തിനടിയിലായിട്ടുണ്ട്. അഭയാർത്ഥികൾ മരത്തിൻെറ തൊലി ഉരിച്ചു തിന്നുന്നതു കാണാം. വെള്ളത്തിൽ ചുററപ്പെട്ട ജനങ്ങൾക്കു ജപ്പാൻ വിമാനങ്ങൾ ആഹാരം കൊടുത്തും വള്ളങ്ങളിൽ കയററി പലരെയും രക്ഷിച്ചും വരുന്നു. അഞ്ചു ലക്ഷത്തിൽ പരം ജനങ്ങൾക്കു വീടില്ലാതായിരിക്കുന്നു.

* * *

പൗരജനതയെ നിഷ്ക്കരുണം ബാംബെറിയുന്നതിൽ നിരഭിസന്ധികമായ പ്രതിഷേധം പ്രകടിപ്പിച്ചും വിദേശ്യബന്ധസമിതി ഈ വിഷയത്തെപ്പററി പഠിച്ചു് ഈ സമ്പ്രദായം അവസാനിപ്പിക്കാൻ ഐക്യനാട്ട് കാൺഗ്രസ്സിനു സ്വീകരിക്കാവുന്ന മാർഗ്ഗം നിർദ്ദേശിക്കണമെന്നു അനുശാസിച്ചും സെനററ് ഒരു പ്രമേയം അംഗീകരിച്ചിരിക്കുന്നു.

* * *

ആംഗ്ലോ ഇററാലിയൻ ഉടമ്പടി നടപ്പിലാക്കുന്നതുവരെ ഭാവി യൂറോപ്യൻ സഹപ്രവർത്തനം അപകടത്തിലാണെന്നു ഇററാലിയൻ അധികൃതകേന്ദ്രങ്ങൾ കരുതുന്നു. ബാർസിലോണയുമായി സന്ധിയുണ്ടാക്കാനോ അല്ലെങ്കിൽ അവസാനംവരെ യുദ്ധം ചെയ്യാനോ മുസ്സോളിനി അദ്ദേഹത്തിൻെറ സ്വാധീനശക്തി ഉപയോഗിച്ചു ജനറൽ ഫ്രാങ്കോയെക്കൊണ്ടു സമ്മതിപ്പിക്കുമെന്നും റോമിൽ സൂചിപ്പിക്കപ്പെടുന്നു.

* * * *

ഇൻഡ്യയിലെ സൈന്യച്ചിലവു ആവശ്യത്തിൻെറ പരിധികളുള്ളിൽ പരിമിതമാക്കുന്ന കാര്യം എപ്പോഴും ഗാഢമായ പര്യാലോചനയ്ക്കു വിഷയമായിരുന്നിട്ടുണ്ടെന്നാണ് ഒരു ചോദ്യത്തിനുത്തരമായി ലെഫ്ററനെൻറ് കേണൽ മുയർഹെഡ് പറഞ്ഞതു്. 345 ഇൻഡ്യൻ ആഫീസർമാരുള്ളതിൽ 71 പേർ ക്യാപ്ററൻെറ റാങ്കുള്ളവരാണ്. ഇന്നത്തെ ഭാരതീകരണ വ്യവസ്ഥയിൽ ഇൻഡ്യൻ ആഫീസർമാരുടെ എണ്ണവും ക്രമേണ കൂടിക്കൂടിത്തന്നെ വരുമെന്നു അദ്ദേഹം പറയുകയുണ്ടായി.

* * * *

സ്പെയിനിലും ചൈനയിലുമുള്ള പട്ടണങ്ങളിൽ പരസ്യമായി ബോംബെറിയുന്നതു സംബന്ധിച്ചും സ്പാനിഷ് സമുദ്രങ്ങളിലുള്ള ബ്രിട്ടീഷ്കപ്പലുകളെ ബോംബെറിയുന്നതു സംബന്ധിച്ചും ഉള്ള പ്രശ്നം ലേബർകക്ഷി ചൊവ്വാഴ്ചകൂടുന്ന പ്രഭുസഭയിൽ കൊണ്ടുവരുന്നതാണ്. പ്രസ്തുത സന്ദർഭത്തിൽ ഗവർമ്മെൻറുപക്ഷത്തെ പ്രധാന പ്രാസംഗികൻ മി. നെവിൽ ചേംബർലയിനും മി. ആർ. എ. ബട്ട



ഡിവാലറാ

ഇദ്ദേഹത്തിൻെറ കക്ഷിക്കു ഐറിഷ് തിരഞ്ഞെടുപ്പിൽ ബഹുഭൂരിപക്ഷം ലഭിച്ചിരിക്കുന്നു.

ളരുമായിരിക്കും. ലേബർകക്ഷിയുടെ പ്രധാന പ്രാസംഗികന്മാരെ ഇതുവരെയും തിരഞ്ഞെടുത്തിട്ടില്ല.

* * *

അവിവാഹിതക്കു നികുതി ചുമത്തുന്ന സമ്പ്രദായം ഇപ്പോൾ ഇററലിയിൽ നിലവിലിരിക്കുന്നുണ്ട്. അതിനും പുറമെ അവരെ സംബന്ധിക്കുന്ന ചില കശനമായ നിയമങ്ങൾ ഇപ്പോൾ ഇററലിയിൽ നിമ്മിച്ചിരിക്കുന്നതായും കാണുന്നു. വിവാഹം കഴിക്കാത്തവനൊ, ഭാര്യ മരിച്ചവനൊ, സന്താനങ്ങളില്ലാത്തവനൊ ആയ യാതൊരാളും ഇററലിയിൽ മേയർ, അസിസ്റ്റൻറുമേയർ, ടൗൺകൗൺസിലർ, ഔദ്യോഗിക കമ്മിററിയുടെ ചെയർമാൻ സ്ഥാനം എന്നീ ഉദ്യോഗങ്ങൾ വഹിക്കുവാൻ പാടില്ലെന്നും, മേല്പറഞ്ഞ തരത്തിലുള്ള ആരെങ്കിലും ഇത്തരം ഉദ്യോഗങ്ങൾ വഹിക്കുന്നുണ്ടെങ്കിൽ രണ്ടുമാസത്തിനുള്ളിൽ അതുകൾ ഒഴിഞ്ഞു പൊയ്ക്കൊള്ളണമെന്നുമാണ് പുതിയ കല്പനയിൽ പറയുന്നത്.

* * *

ആസ്ത്രിയായുടെ കടങ്ങൾക്കു ഉത്തരവാദം ചെയ്യണമെന്നു അമേരിക്ക ഗവമ്മെൻറു രണ്ടാമതും ജമ്മനിയോടാവശ്യപ്പെട്ടിരിക്കുന്നു. ഒരു രാജ്യം മറെറാരുരാജ്യത്തെ കീഴടക്കുമ്പോൾ സവരാഷ്ട്രീയ നിയമപ്രകാരം കബളിതരാജ്യത്തിൻെറ കടങ്ങളും ബാദ്ധ്യതകളുംകൂടി സ്വീകരിക്കുന്നുഎന്നാണ് ആ കുറിപ്പിൽ പറയുന്നത്.

ആസ്ത്രിയായുടെ കടത്തിനു തങ്ങൾ നിയമപ്രകാരം ചുമതലക്കാരല്ലെന്നുള്ള അഭിപ്രായത്തെ മറിച്ച് ഗവമ്മെൻറ് മുറുകെപ്പിടിക്കുന്നു എങ്കിലും അവർ ബ്രിട്ടിഷ്ഗവമ്മെൻറ ജാമ്യങ്ങൾ നടപ്പിൽവരുത്തണമെന്നു ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് കടങ്ങളുടെ പലിശകൊടുക്കാൻ വേണ്ടുവോളം പണം ഉണ്ടാക്കാനുള്ള ഒരു തൃപ്തികരമായ കരാറുചെയ്യണമെന്നു അവർ ആഗ്രഹിക്കുന്നു.

* * *

പണ്ഡിത ജവഹരിലാൽനെഹ്രു അദ്ദേഹത്തിൻെറ പ്രക്ഷേപിണി പ്രസംഗത്തിൽ ഫ്രഞ്ചുകാരുടെ സ്വാതന്ത്ര്യപ്രണയത്തെയും യൂറോപ്പിൽ ഈയിടെയുണ്ടായ വൈഷമ്യത്തെയും പരാമശിക്കയും യൂറോപ്പിലെ ജനങ്ങൾ അവരുടെ സ്വന്തകാര്യങ്ങളിൽ ബദ്ധശ്രദ്ധരായിരിക്കുന്നതിനാൽ അവർ ഇന്ത്യയെയും പൌരസ്ത്യദേശങ്ങളെയുംപററി മറക്കാനെളുപ്പമുണ്ടെന്നു പറകയും ചെയ്തു. എങ്കിലും ഇന്ത്യയും ഇന്ത്യൻസ്വാതന്ത്ര്യവും ലോകമഹാപ്രശ്നത്തിൻെറ ഒരംശമാണ്. ഇന്ത്യ സാമ്രാജ്യപ്രഭുത്വത്തിൽനിന്നും വിദേശീയമേധാവിത്വത്തിൽനിന്നും മോചിക്കപ്പെടുകയും സ്വാതന്ത്ര്യം നേടുകയും ചെയ്യുന്നതുവരെ ലോകത്തിൽ ശാശ്വതസമാധാനമുണ്ടായിരിക്കയില്ല. സ്പെയിനിനെ പരാമശിച്ചുകൊണ്ടു പണ്ഡിതനെഹ്റു പറഞ്ഞതു സ്പെയിനിലെ ജനങ്ങളുടെ അജയ്യമായ ധൈര്യത്തെ ഒരിക്കലും അമത്താൻ സാധിക്കയില്ലെന്നാണ്. യുദ്ധം എത്രനാൾ നീണ്ടുനിന്നാലും വിദേശീയസൈന്യങ്ങൾക്കു സ്പെയിനിനെ കീഴടക്കാൻ സാധിക്കയില്ല.

# ഇന്നത്തെ സാമ്പത്തിക ഘടനയും തൊഴിലാളികളും

(പി. സെയിനുദീൻ, ബാലരാമപുരം)

ചില സ്ഥാപിതതാല്പര്യക്കാരുടെ ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കാൻവേണ്ടി ജന്മിത്വത്തിൻേറയും മുതലാളിത്വത്തിൻേറയും മുരടിച്ച ഹസ്തങ്ങളാൽ പണിയപ്പെട്ടിട്ടുള്ള ഇന്നത്തെസാമ്പത്തികഘടന തൊഴിലാളികളേയുംകൃഷകരേയും എത്ര ദയനീയമായവിധത്തിൽ അധഃപതിപ്പിച്ചിട്ടുണ്ടെന്ന് രാജ്യസ്നേഹികളും മനുഷ്യസ്നേഹികളുമായ പൗരലോകം നല്ലതുപോലെ മനസ്സിലാക്കീട്ടുണ്ട്.

രാഷ്ട്രത്തിൻെറ ജീവൻ തൊഴിലാളി. അതിൻെറ സവ്തോമുഖമായ പുരോഗതിക്കു കാരണക്കാരൻ കൃഷിക്കാരൻ. തൊഴിലാളിയുടെ "ചുററിയൽ" കൃഷിക്കാരൻെറ "അരിവാൾ" ഇവയുടെ നിരന്തരപ്രയത്നമാണ് പരമദരിദ്രൻതുടങ്ങി വൈശ്രവണൻവരെയുള്ള സകലരുടേയും ജീവിതത്തിനും ആനന്ദത്തിനും കാരണമെന്നുള്ളത് ലോകം മറക്കത്തക്കതോ മറയ്ക്കത്തക്കതോ അല്ല. രാഷ്ട്രത്തിൽ ഇത്ര മഹത്തും പാരമ്പര്യശുദ്ധിയുമാജ്ജിച്ചിട്ടുള്ള തൊഴിലാളിസമുദായത്തിൻെറ നിർദ്ദയമായ അധഃപതനത്തിൽനിന്നും അവരെ രക്ഷിക്കാൻ (ഇവിടേയ്ക്കുള്ള) വിദേശീയസാമാനങ്ങളുടെ നിരന്തരപ്രവാഹത്തേയും വിദേശീയതാല്പര്യസംരക്ഷണങ്ങളേയും തടഞ്ഞ് സ്വദേശിവ്രതം കൈക്കൊണ്ടും സ്വദേശിവ്യവസായങ്ങളേയും കൈത്തൊഴിലുകളേയും പോഷിപ്പിക്കണമെന്നുള്ള മുറവിളിയെ നിറവേററാൻ നിലവിലിരിക്കുന്ന സാമ്പത്തികഘടനയുടെ ക്രൂരഹസ്തങ്ങൾ തയാറാകുമെന്നു വിചാരിക്കുന്നതു വെറും മൗഢ്യം മാത്രമായിരിക്കും.

തുടരെത്തുടരെയുണ്ടായകൃഷിപ്പിഴ, കാർഷികോല്പന്നങ്ങളുടെ ഭയങ്കരമായ വിലക്കുറവ് എന്നിവയാൽ പട്ടിണിക്കാരായ കൃഷകർ അനുഭവിക്കുന്ന ദുരിതം വീക്ഷിക്കുകപോലും ചെയ്യാത്ത സാമ്പത്തികസംഘടനയും നികുതിപിരിവിലും അവ പങ്കുവച്ചനുഭവിക്കുന്നതിലും കാണിക്കുന്ന ഔത്സുക്യവും നിർദ്ദയത്വവും സാമാന്യജനങ്ങളുടെ വിഷമതയെ പതിന്മടങ്ങു വർദ്ധിപ്പിക്കുകയാണെന്നുള്ളതു പ്രത്യേകം ശ്രദ്ധാർഹമാണ്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രയത്നത്തിൻെറ മുക്കാൽഭാഗം ഫലം, വമ്പിച്ച മുതലാളന്മാർക്കും ശേഷിച്ചതിൻെറ ഒരു ഭാഗം ദല്ലാളികൾക്കുമായി വീതിച്ചുകൊടുത്താൽ മാത്രമേ അവക്ക് തൊഴിൽചെയ്യാനും ജീവിക്കാനും നിവൃത്തിയുള്ളു. ഇതാണ് ഇന്നത്തെ സാമ്പത്തികഘടനയുടെ വിചിത്രരംഗം. ഇനിയൊന്നുള്ളത് അഭ്യസ്തവിദ്യരും രാജ്യക്ഷേമകാംക്ഷികളുമായ യുവജനങ്ങളുടെ പരിതാപകരമായ ജീവിതമാണ്. ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയെ കാംക്ഷിച്ച് ജീവിതത്തിൻെറ മഹനീയഘട്ടം വിദ്യാലയങ്ങളിൽ കഴിച്ച് പുറത്തുവരുന്ന നിർഭാഗ്യവാന്മാരായ യുവജനങ്ങളുടെ ജീവിതാദയാധനത്തിനെ ലാക്കാക്കി ഇന്നത്തെ സാമ്പത്തിക ഘടന എന്തു ചെയ്യുന്നു? അല്ല; നിലവിലിരിക്കുന്ന സാമ്പത്തികഘടനയ്ക്ക് ശപിക്കപ്പെട്ടവരായിത്തീന്നിരിക്കുന്ന ഈ യഥാത്ഥ രാജ്യസ്നേഹികളുടെ നന്മയ്ക്കുവേണ്ടി എന്തുചെയ്യാൻ സാധിക്കും? പ്രകൃതിയിലുള്ള സമ്പത്ത് മുഴുവനും ഏതാനുംചിലരുടെ സുഖത്തിനായി വീതിച്ചുകൊടുത്തു. മററുള്ളവർ അവരെ ചുററിക്കൂടി അവരുടെ ദാസവൃത്തിചെയ്തു കഴിഞ്ഞുകൊള്ളണമെന്ന് ഒരു "മനു"വിൻെറയും 'ചട്ട'വും 'നിയമ'വും ശംസിച്ചിട്ടുള്ളതായി നാം കാണുന്നില്ല.

നിലവിലിരിക്കുന്ന സാമ്പത്തികഘടനയിൽ ആവശ്യമുള്ള ഭേദഗതികൾ ഉണ്ടാക്കുകയെന്ന പ്രാഥമിക കത്തവ്യനിവ്ഹണാത്ഥമുള്ള ധൃതഗതിയാണ് തൊഴിലാളിസംഘടനകളിലും കൃഷകസംഘടനകളിലും നാം ഇന്നു കാണുന്നത്. മുതലാളിമാരേയും ജന്മികളേയും സാരമായി സ്പശിക്കുന്ന പ്രസ്തുത കത്തവ്യനിവ്ഹണത്തിൽ മുതലാളിത്വത്തിനേയും ജന്മിത്വത്തിനേയും വച്ചുപോററാൻ ഉററു ശ്രമിക്കുന്ന പല പ്രബലമായ ശക്തികളോടും തൊഴിലാളികൾക്ക് എതിരിടേണ്ടിവരുന്നു; ഇവിടമാണ് തൊഴിലാളികളുടെ സഹനശക്തി പ്രത്യക്ഷപ്പെടുത്തേണ്ട മഹനീയരംഗം. ഈനിലയിൽ സംഘടിതരായ തൊഴിലാളികൾ കത്തവ്യനിവ്ഹണത്തിൽ ബദ്ധകങ്കണരായി അക്രമപ്രവൃത്തികൾ നിശ്ശേഷം പരിത്യജിച്ച് ബുദ്ധിപൂവം പെരുമാറേണ്ടതാണ്. ഈ ദ്വന്ദ്വയുദ്ധത്തിൽ പ്രതിയോഗികൾ തങ്ങളുടെ താല്ക്കാലിക വിജയത്തിനായി എപ്പോഴും രക്ഷാകവചമായി സ്വീകരിച്ചിട്ടുള്ളതും നിലവിലിരിക്കുന്നതുമായ നിയമശാസനങ്ങളാൽ മനുഷ്യസമുദായത്തിൻെറ പ്രാഥമികപൗരാവകാശങ്ങളായ അഭിപ്രായസ്വാതന്ത്ര്യം, പത്രപ്രവത്തനസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം എന്നീ കത്തവ്യനിവ്ഹണമാഗ്ഗങ്ങൾ തടയുന്നു. ഈ പരിതസ്ഥിതിയിൽ തൊഴിലാളിസംഘങ്ങൾക്ക്, ആദശശുദ്ധിയോടും, രാജ്യസ്നേഹത്തോടും നിലകൊള്ളുന്ന രാഷ്ട്രീയസംഘടനകളുടെ കൂട്ടുകെട്ടിലും അവയുടെ സൃഷ്ടിപരമായ കാര്യപരിപാടിയിലും യോജിച്ച് തങ്ങളുടെ വിജയത്തിനായി അശ്രാന്തം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ലോകത്തിൻെറ വിവിധഭാഗങ്ങളിലെ തൊഴിലാളികളുടെ മഹാവിജയത്തിനുള്ള ഏകമാഗ്ഗം ഇതൊന്നുമാത്രമായിരുന്നുവെന്ന് തൊഴിലാളികൾ എപ്പോഴും ഓർമ്മിക്കണം. ആധുനിക ഇൻഡ്യയിലെ തൊഴിലാളി സംഘങ്ങളുടെ ആദശങ്ങളും ഉദ്ദേശങ്ങളും പ്രസ്തുത രീതിയിൽനിന്നും വ്യത്യസ്ഥപ്പെട്ടതല്ലെന്ന് ഇൻഡ്യൻ നാഷനൽ കാൺഗ്രസിൻെറ മഹത്തായ ആദശങ്ങൾക്ക് വിധേയമായി പ്രവത്തിക്കുന്ന ഇൻഡ്യയിലെ തൊഴിലാളിസംഘടനകൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

ഈ സന്ദർഭത്തിൽ തൊഴിലാളികളുടെ ആദശങ്ങൾക്കനുകൂലമായ പ്രവൃത്തിപരിപാടികളോടുകൂടെ വത്തിക്കുന്ന തിരുവിതാംകൂറിലെ ഏക രാഷ്ട്രീയസംഘടനയായ സ്റേററ്കാൺഗ്രസിൻെറ താല്പയ്യങ്ങൾ മനസ്സിലാക്കേണ്ടത്യാവശ്യമാണ്. തിരുവിതാംകൂർ സ്റേററ് കാൺഗ്രസിൻെറ മഹത്തായ ആദശങ്ങളും ഉദ്ദേശങ്ങളും എന്താണെന്ന് "തിരുവിതാംകൂർസ്റ്റേററ്കാൺഗ്രസ്—അതെന്തിനായി നിലകൊള്ളുന്നു" എന്ന "പ്രബോധിനിയിലെ" തുടർച്ചയായ ലേഖനം നമ്മെ ഉണത്തിക്കുന്നതിനു പുറമെ രാജ്യത്തിൻെറ നന്മയെ കാംക്ഷിക്കുന്ന അതിൻെറ പ്രവത്തകസമിതിയും അപ്പഴപ്പോൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. ഏതൊരു ഭരണവും ഉത്തരവാദിത്വഭരണത്തേക്കാൾ മെച്ചമാകുകയില്ലെങ്കിൽ തീർച്ചയായും തൊഴിലാളികളും കൃഷകരും എപ്പോഴും ആഗ്രഹിക്കുന്ന ഉത്തരവാദഭരണത്തെ ലാക്കാക്കി പ്രവത്തിക്കുന്ന സ്റേററ്കാൺഗ്രസിൽ ചേന്ന് അതിൻെറ വിജയത്തിനായി പരിശ്രമിക്കുന്നതായിരിക്കും കൃഷകരുടേയും തൊഴിലാളികളുടേയും ഇന്നത്തെ ഒഴിച്ചുകൂടാൻ പാടില്ലാത്തകടമ.

# യുവജനപ്രസ്ഥാനം

(പാറയിൽ, പി. എം. ഷംസുദ്ദീൻ, ഇടവാ)

ഇന്നു ലോകത്തിൻെറ ഏതൊരുകോണിലേക്കും നോക്കുന്ന ഏതൊരുവനും ലക്ഷീഭവിക്കുന്ന ഒരു ചൈതന്യമുണ്ട്. ആ ചൈതന്യം സകല തടസ്സങ്ങളേയും തട്ടിത്തരിപ്പണമാക്കുന്നു. അതു് ഏതൊരുവനേയും ശക്തിമാനാക്കി മുന്നോട്ടു തള്ളിവിടുന്നു. അതു് വിപ്ളവാങ്കുരം യുവഹൃദയങ്ങളിൽ ഉല്പാദിപ്പിക്കുന്നു. അതു് വൻകാര്യങ്ങൾകൂടി നിഷ്പ്രയാസംചെയ്യിപ്പിച്ചു് വൻ ജയം വരുത്തിത്തരുന്നു. അതു് ആരെയും ആനന്ദസാഗരത്തിൽ ആറാടിപ്പിക്കുന്നു. അതു് അരങ്ങത്തിറങ്ങി അടിമത്വശൃംഖലയെ അതിലംഘിച്ചു് ആമോദപൂർവ്വം മുമ്പോട്ടുപോകാൻ ആരോടും ആജ്ഞാപിക്കുന്നു. ഈ മഹൽശക്തി ഏതാണ്? ഈ മഹാചൈതന്യം എന്താണ്? ഇതത്രെ 'യുവത്വ' മഹാശക്തി.

രാജ്യത്തിനെന്നല്ല രാഷ്ട്രത്തിനും, സമുദായത്തിനും വേണ്ടി മരിക്കാൻകൂടി മടിക്കാതെ—അണുവോളം പുറകോട്ടുമാറാതെ—നിന്നു പൊരുതുന്ന യുവാക്കൾ, യുവത്വ മഹൽശക്തിയാൽ മുന്നോട്ടു ആനയിക്കപ്പെടുന്നവരാകുന്നു. ഒരുവൻ യുവാവോ വൃദ്ധനൊ ആകുന്നതു വയസ്സുകൊണ്ടല്ല. അതു് നിർണ്ണയിക്കാനുള്ള മാനദണ്ഡം അവരവരുടെ ഹൃദയമാകുന്നു. അക്ഷയമായ ചൈതന്യത്തേയും, അജയ്യമായ ശക്തിയേയും ജനിപ്പിച്ചു് ഏതു പ്രതിബന്ധത്തേയും തട്ടിത്തകർക്കുവാൻ മനുഷ്യനു കെൽപുണ്ടാക്കുന്ന സ്വതന്ത്രഹൃദയമുള്ളവനാണ് യുവാവു്. ഇതുകൊണ്ടാണ് ഒരിക്കൽ ഒരു ചിന്തകൻ, അന്നു 53 വയസ്സുണ്ടായിരുന്ന 'അബ്ബാസ്തയാബ്ജി' യും അദ്ദേഹത്തിൻെറ കണ്ണിൽ ഒരു യുവാവായിട്ടാണ് കാണപ്പെട്ടതെന്നു് പറഞ്ഞതു്.

ഏതൊരു രാജ്യത്തിൻെറയും, രാഷ്ട്രത്തിൻെറയും നിലനിൽപ്പു് യുവാക്കളിലാണ് ആശ്രയമായിരിക്കുന്നതു്. ഒന്നിനെ ഉന്നമിപ്പിക്കുന്നതും, താഴ്ത്തുന്നതും യുവാക്കൾ തന്നെയാണ്. പൊതുവിൽ, ഏതൊന്നിൻെറയും നട്ടെല്ലു് യുവാക്കളാണെന്നു നിസ്സന്ദേഹം പറയാവുന്നതാണ്. നട്ടെല്ലു് വളഞ്ഞുപോയാൽ നിവർന്നുനില്ക്കുന്നതിനു് നിവൃത്തിയുണ്ടാകയില്ലെന്നു, നിരീക്ഷണമൊന്നും കൂടാതെ തന്നെ നിശ്ചയിക്കാവുന്നതാണല്ലൊ.

ഏതൊരു യുവാവിൻേറയും ആർത്തനാദം അവൻെറ രാഷ്ട്രം, അവൻെറ രാജ്യം, അവൻെറ സമുദായം അതു ജയിക്കണമെന്നുള്ളതായിരിക്കും എപ്പോഴും.

യുവത്വത്തിൻെറ—അതെ, ഉല്പതിഷ്ണുത്വത്തിൻെറ—മുമ്പോട്ടുള്ള പാച്ചലിനെ തടുത്തു നില്ക്കുന്ന ഒരു 'കേറാപ്പാറ'യാണ് യാഥാസ്ഥിതികത്വം. 'കാക്കക്കാരണ'വരുടെ കാലടികളെ പിന്തുടൎന്നു് അവർ പതിച്ച കുണ്ടിൽതന്നെ ചെന്നു ചാടണമെന്നുള്ള മാമൂൽ കോട്ടയും കെട്ടിപ്പിടിച്ചു് കാലപ്രവാഹത്തെ തടയുകയാകുന്നു ഇവരുടെ ജോലി. ഒരു പേഷ്യൻ കവി പറയുന്നു:— "യാഥാസ്ഥിതികത്വമാകുന്ന വിറകുകൊള്ളിയെ എരിച്ചുകൊണ്ടു് ആളിക്കത്തട്ടെ ഘോരാഗ്നിയായ യുവശക്തി" എന്നു്. അതെ, യുവശക്തിയാകുന്ന മഹാനദി, യാഥാസ്ഥിതികത്വപ്പാറയേയും ഉല്ലംഘിച്ചുകൊണ്ടു് ആരവത്തോടുകൂടി പാഞ്ഞുപോകുന്നു. യാഥാസ്ഥിതികത്വപാഴ്പാറ പൊട്ടിച്ചിതറി പൊടിയായി പറന്നു പോകുന്നു.

അന്തർജ്ജനത്തിൻെറ ബഹിർഗമനവും, ജാതിയെ ഓടിക്കാനുള്ള പോരാട്ടങ്ങളും ആധുനിക യുവലോകത്തിൻെറ പ്രവൃത്തികളുടെ മാററൊലികളത്രെ.

ആംഗ്ലേയ മഹൽ ശക്തികളെ ആലിലയ്ക്കൊപ്പം വിറപ്പിച്ചു് വിശ്വവിഖ്യാതനായി കീർത്തിപൂരം പരത്തിയ വീരൻ—കേവലം ഒരു ഭടൻ എന്ന നിലയിൽ നിന്നുയൎന്നു് ഫ്രാൻസിലെ ചക്രവർത്തിയായി, പൊന്നുംകിരീടം ശിരസ്സിലേററി സ്വന്തം ജനങ്ങൾക്കു് 'കണ്ണിലുണ്ണി'യായിവാണ സാർവ്വഭൗമൻ—നെപ്പോളിയൻബോണപ്പാർട്ടു്—അദ്ദേഹത്തിനു ഇങ്ങനെ സാധിച്ചു. യുവത്വമഹൽ ശക്തിയാൽ പ്രേരിതനായിട്ടാണ് അദ്ദേഹമിതിനു തുനിഞ്ഞതു്. ആ മഹൽ ശക്തി തന്നെ അദ്ദേഹത്തെ വിജയശ്രീലാളിതനാക്കി.

ആധുനിക തുർക്കിയുടെ പരിഷ്കൃതരാഷ്ട്രങ്ങളുടെ മുന്നണിയിലേയ്ക്കുള്ള ചാട്ടം യുവത്വമഹൽ ശക്തിയുടെ പ്രേരണ ഒന്നുമാത്രം കൊണ്ടുണ്ടായതാണ്.

ഇന്നു ഇററലിയെ പുളകം കൊള്ളിക്കുന്നതു് യുവത്വമല്ലയോ? ജർമ്മനി, ജപ്പാൻ, റഷ്യാ, ചൈനാ, ഐർലാണ്ടു് ആദിയായ രാജ്യങ്ങളുടെ സ്ഥിതി വിസ്മരിക്കാവതല്ല.

സഗലൂൾപാഷാ ഏതൊന്നിൻെറ തണലിൽ നിന്നുകൊണ്ടാണ് സ്വാതന്ത്ര്യകാഹളം മുഴക്കിയതു്? എന്തുകൊണ്ടാണ് അതു് ബ്രിട്ടൻെറ പീരങ്കികളുടെ വൻശബ്ദത്തിനിടയിൽ കൂടി പാഞ്ഞുപോയി അവിടത്തെ ജനങ്ങളുടെ ശ്രോത്രങ്ങളിൽ പതിച്ചതു്?

ഈ മഹൽ ശക്തിയല്ലയോ നമ്മുടെ പൊന്നുതമ്പുരാനെക്കൊണ്ടു് സകല ഹിന്തുക്കൾക്കും വേണ്ടി ക്ഷേത്രകവാടം തുറപ്പിച്ചു് അനാചാരപരിപൂരിതമായ ഹിന്ദുമതത്തിൻെറ ഒരു തീരക്കളങ്കം കഴുകിപ്പിച്ചതു്.

ഇങ്ങനെ നോക്കിയാൽകാണാം, അധൃഷ്യമായ യുവശക്തിയുടെ വിജൃംഭണംകൊണ്ടു മാത്രമാണ് ലോകത്തിൽ വൻകാര്യങ്ങൾ സാധിച്ചിട്ടുള്ളതെന്നു്.

ഒരു കൂട്ടരുണ്ടു്. യുവത്വത്തിൻെറ പുളപ്പിൽ കഴിവിൽകൂടുതൽ പരിശ്രമിച്ചു് നായകസ്ഥാനത്തേക്കു് ആഗതരായവർ. അവിടത്തെ പുതുമോടിയിൽ മനം മയങ്ങി അവർ മടിയുടെ മനോജ്ഞമായ മന്ദഹാസത്തിൽ ചായുന്നു. അങ്ങനെയുള്ളവരാണ് പൊതുജനങ്ങളെ അപഥത്തിൽകൂടിനയിച്ചു് നാശോന്മുഖങ്ങളായ ചിന്തകൾക്കധീനരാക്കുന്നതു്. കഷ്ടം! കഷ്ടം!! സ്വാർത്ഥതെ, നീ വരുത്തിക്കൂട്ടുന്ന വിപത്തുകൾ?

"യുവാക്കളേ! നിങ്ങൾ ഞങ്ങളെ (വൃദ്ധന്മാരെ) ചവിട്ടിത്തള്ളിയിട്ടു് മുന്നോട്ടുകുതിച്ചു ചാടുവിൻ! നിങ്ങൾ ഞങ്ങളെക്കാൾ സുഖമുള്ളവരായിത്തീരട്ടെ!" സുപ്രസിദ്ധനായ റൊമെയിൻറാളണ്ടു് ലോകത്തിലെ യുവാക്കൾക്കു കൊടുക്കുന്ന സന്ദേശമാണിതു്.

യാഥാസ്ഥിതികന്മാരും, ലോകത്തിൻെറ അനന്തമായ ഈ പുരോഗതിയെ മനസ്സിലാക്കി തടയുവാൻ സാദ്ധ്യമല്ലാത്ത ഈ പുരോഗതിയെ സഹായിക്കുന്നതിനായി ഒഴിഞ്ഞുമാറുകയാണ് ചെയ്യേണ്ടതു്. അതു് അത്യാവശ്യമായ സംഗതിയാകുന്നു. എന്തുകൊണ്ടെന്നാൽ സകല തടസ്സങ്ങളേയും നിഷ്ക്കരുണം തട്ടിത്തെറിപ്പിച്ചുകൊണ്ടാണ് ലോകം മുമ്പോട്ടു പോകുന്നതു്. ഇതുകൊണ്ടാണത്രെ മഹാനായ റൊയിൻറാളണ്ടു് യുവാക്കൾക്കു് ഇടമൊഴിഞ്ഞു കൊടുക്കുന്നതു്. ലോകത്തിൻെറ പുരോഗമനം അദ്ദേഹം നല്ലതുപോലെ അറിയുന്നു. അല്ല, അദ്ദേഹം അതിനെ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. അതുകൊണ്ടു മാത്രമാണ് അദ്ദേഹം യുവജനങ്ങളോടു പറയുന്നതു് "ചവിട്ടിത്തള്ളിയിട്ടു് മുമ്പോട്ടു കുതിച്ചുചാടാൻ"

യുവാക്കൾക്കു് സംഘടനയാണിന്നാവശ്യം. സംഘടിച്ചുനിന്നു പ്രവർത്തിക്കയല്ലാതെ ഒററതിരിഞ്ഞുനിന്നു പ്രസംഗിക്കുന്നതുകൊണ്ടു് യാതൊരു ഫലവും ഉണ്ടാകയില്ലെന്നു്, ആയിരം പ്രസംഗങ്ങളേക്കാൾ അല്പം പ്രവൃത്തിക്കു മാത്രമാണ് മാററു കൂടുതലുള്ളതെന്നു്, ഈ ഇരുപതാംനൂററാണ്ടിലെ ആളുകൾക്കു് നല്ലതുപോലെ അറിയാം.

ആയതിനാൽ, യുവാക്കൾ സംഘടിച്ചുനിന്നുകൊണ്ടു് ഈ നായകവേഷധാരികളേയും യാഥാസ്ഥിതികന്മാരെയും ചവിട്ടിത്തള്ളിയിട്ടു് മുന്നോട്ടു കുതിച്ചുചാടാൻ ഉദ്യുക്തരാകട്ടെ! ചാട്ടംകഴിഞ്ഞാൽ നിശ്ചയമായും കേൾക്കും, നായകവേഷധാരികളുടേയും, യാഥാസ്ഥിതികത്വത്തിൻേറയും മരണമുറവിളി.

---

# ഇന്നത്തെ ഫ്രഞ്ചു് മയ്യഴി

(സൂക്ഷ്മഗ്രാഹി)

സ്വാതന്ത്ര്യക്കൊടിയിൻ കീഴിൽ സമത്വത്തണലിൽ സാഹോദര്യക്കാറേററു സമുദായസംഘടന, രാഷ്ട്രീയ പ്രബുദ്ധത മുതലായവകളാൽ കേരളക്കരയിൽ പ്രശോഭിച്ചു കൊണ്ടിരിക്കുന്നതും ഫ്രഞ്ചിന്ത്യയിൽ പ്രധാനസ്ഥാനത്തെ അർഹിക്കുന്നതുമായ ഒരു ചെറുപട്ടണമാണ് ഫ്രഞ്ചുമയ്യഴി. വിദ്യ, സമ്പത്തു്, ഐശ്വര്യം, രാഷ്ട്രീയപ്രബലത മുതലായവകളാൽ ഇവിടത്തെ തീയ്യസമുദായം കേരളത്തിന്നാകമാനം അഗ്രിമോദാഹരണമായി വിളങ്ങുന്നുണ്ടെന്നു എതാനും അരനൂററാണ്ടു കാലങ്ങൾക്കു മുമ്പു തന്നെ ലോകസമക്ഷം വെളിപ്പെട്ട ഒരു വാസ്തവമാണല്ലൊ. 1919 മുതൽ ഇന്നുവരെ രാഷ്ട്രീയപ്രാതിനിധ്യം വഹിച്ചു രാജ്യത്തിൻെറ സർവ്വ സുഖസൌകര്യങ്ങൾക്കും പാത്രീഭൂതരായതു സ്ഥലത്തെ മേയറും, എം. എൽ. എ. യുമായ സർ. സഹദേവനും, ശ്രീ. സുകുമാരനും ആണ്. അഞ്ചുകൊല്ലങ്ങളോളമായി ഇവിടത്തെ അഡ്മിനിസ്ത്രേററർ പദം അലങ്കരിക്കുന്ന ശ്രീ. വേലാണ്ടി കൃഷ്ണനും പൊതുജനങ്ങളുടെ സ്നേഹാദരങ്ങൾക്കു പാത്രീഭവിച്ച ഒരു മാന്യനാണ്. ഇതരസമുദായങ്ങൾക്കു വേണ്ടത്ര സുഖസൌകര്യങ്ങൾ യഥാവിധി ചെയ്തുകൊണ്ടു സ്വസമുദായത്തെ സർവ്വപ്രകാരേണയും മുന്നണിയിൽ നിറുത്തുന്നതാണ് പൊതുജനപ്രതിനിധികളുടെ ജീവിതോദ്ദേശമെന്നു ഇവരുടെ ജീവിതചര്യകൊണ്ടു് ഏവനും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. സ്വസമുദായോന്നമനത്തിനുവേണ്ടി അനുദിനമെന്നപോലെ സാഹസം ചെയ്തുകൊണ്ടിരിക്കുന്നവരും, സ്വാർത്ഥതയെ

ത്തുണവൽഗണിച്ചു അന്യക്കു വേണ്ടി സർവ്വത്യാഗങ്ങളും ചെയ്‌വാൻ സദാസന്നദ്ധരായിരിക്കുന്നവരും സമുദായ ശിരോമണികളുമായ സർ. സഹദേവനും ശ്രീ. സുകുമാരനും തീയ്യസമുദായത്തിനു സീമാതീതമായ അഭിമാനത്തെ ഉളവാക്കുന്നുണ്ടെന്നു ഏതൊരു തീയ്യനും ഖണ്ഡിച്ചു പറയാവുന്നതാണ്. ഇവരുടെ ഭരണപാടവത്താൽ മയ്യഴിയും തന്നിവാസികളും സ്വാതന്ത്ര്യസാഗരത്തിൽ കേളിയാടി സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

അഡ്മിനിസ്ട്രേറ്റർ മുതൽ ഏതു ഡിപ്പാർട്ടുമെൻറിനെ നോക്കുന്നതായാലും തീയ്യരും നാട്ടുകാരുമല്ലാത്ത ഉദ്യോഗസ്ഥന്മാരെ കാണ്മാൻ പ്രയാസം. സ്കൂളുകളുടെ സംഖ്യ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകൾക്കു ഫ്രഞ്ച് വിദ്യാലയമുള്ളതിനു പുറമെ ഇംഗ്ലീഷു വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തി. ആസ്പത്രിൽ ചികിത്സാർത്ഥം പല സുഖസൗകര്യങ്ങളും ഏർപ്പെടുത്തുകയും ഏർപ്പാടുചെയ്കയും ചെയ്തുവരുന്നുണ്ട്. നിരത്തുകൾ കരിങ്കല്ലിട്ടു പാവുന്നു. പൊതുജനങ്ങളുടെ ആവശ്യാർത്ഥം പൊതുകിണറുകൾ വെട്ടിച്ചു; കുറഞ്ഞ പലിശനിരക്കിൽ പണയംവെയ്ക്കാനായി ഗവർമ്മെണ്ടുവക ബാങ്കു സ്ഥാപിച്ചു; ഗ്രാമങ്ങളിൽ ഡിസ്പെൻസറികൾ സ്ഥാപിച്ചു. പോലീസുകാരുടേയും മററുള്ള ഉദ്യോഗസ്ഥന്മാരുടെയും സംഖ്യ വർദ്ധിപ്പിച്ചു രാജ്യക്കാർക്കു പ്രവൃത്തി ഉളവാക്കി. ക്രിസ്തീയപ്രബലതയെ (ഒന്നാംലിസ്റ്റ്) നീക്കി രാഷ്ട്രീയസമാവകാശം സമുദായവ്യത്യാസമെന്യേ വീതിച്ചുകൊടുത്തു. ഇങ്ങനെ അളവററ സുഖസൗകര്യങ്ങൾ ഈ ഭരണകർത്താക്കന്മാരുടെകാലത്തു സിദ്ധിക്കയും ഇനിയും സിദ്ധിക്കാനായി ഏർപ്പാടുകൾ ചെയ്തുവരികയുംചെയ്യുന്നു. മുമ്പൊക്കെ വല്ലകാര്യങ്ങളും ഇവിടുത്തേക്കു ഗവർമ്മെൻറുവക ലഭിക്കണമെങ്കിൽ പുതുശ്ശേരി രാഷ്ട്രീയമേധാവികളുടെ വകയായിവേണം ലഭിപ്പാൻ; ഇപ്പോഴത്തെ പ്രതിനിധികൾ അന്യരുടെ സഹായം കൂടാതെ ഗവർമ്മെൻറിനോടു നേരിട്ടു ആവശ്യപ്പെടുകയും സർവ്വവും സാദ്ധ്യമാക്കുകയും ചെയ്യുന്നു. ഈ 20 കൊല്ലങ്ങളായി തിരഞ്ഞെടുപ്പുകളിലുള്ള വിജയങ്ങളും ഗവർമ്മെൻറിൽ നിന്നു തുടരത്തുടരെയായി ലഭിച്ച സ്ഥാനമാനങ്ങളും മററനേക ബിരുദുകളും ഈ കാര്യങ്ങൾക്കു ലക്ഷ്യംവഹിക്കുന്നതാണ്.

ഏത്ര സുഖസൗകര്യങ്ങളെ പ്രദാനം ചെയ്യുന്നവരായാലും സർവരുടേയും കണ്ണിലുണ്ണികളായിരുന്നാലും 'കാലത്തിനൊത്ത കോലംകെട്ടൽ'എന്ന നിലയിൽ ഇന്നു ലോകമാസകലമുള്ളതായ വിപ്ലവം (ന്യായവിരുദ്ധമായതുക്കം) ചില യുവാക്കന്മാർ ഇവിടെയും തുടങ്ങീട്ടുണ്ടു. ആയതു യശസ്വികളായ ഭരണനേതാക്കന്മാൎക്കു, പ്രത്യേകിച്ചു ദീർഘകാലം ഭരണമേധാവിത്വം വഹിച്ചവൎക്കു അനേകം അസൂയാലുക്കൾ ഉണ്ടായതുകൊണ്ടാണ്. ഇതു ലോകരീതിയാണെന്നു അനുഭവസ്ഥന്മാൎക്കൊക്കെ അറിയാവുന്നതാണല്ലോ. നോട്ടീസുമൂലമായുംപ്രസംഗങ്ങൾ വഴിയായും മുക്കിലും മൂലയിലുംനിന്നു ഭരണനേതാക്കന്മാരെ അവഹേളിക്കുന്നതു അവരുടെ ഒരു 'പ്രാക്കല് കഴിക്കൽ'എന്ന തരത്തിലേ കരുതേണ്ടതായിട്ടുള്ളു. 'കണ്ണീരും പ്രാക്കലും'കഴിച്ചാൽ അതുവരെയുള്ള കിടശാരങ്ങൾ തീൻ ഗുണമുണ്ടാകുമെന്നു വിശ്വസിക്കുന്നവരുണ്ടെങ്കിൽ, ഈ ന്യായവിരുദ്ധവും അടിസ്ഥാനരഹിതവുമായ വിപ്ലവംകൊണ്ട് ഇപ്പോഴത്തെ ഭരണനേതാക്കന്മാൎക്കു മേലിലും ഐശ്വര്യവീര്യാദികൾ ദ്വിഗുണീഭവിക്കയെ ഉള്ളു എന്നു ഇവിടത്തെ ഭൂരിപക്ഷാനുകൂല്യംകൊണ്ടും രാജ്യസ്ഥിതികൊണ്ടും ഏവനും ഗ്രഹിക്കാവുന്നതാണ്.

—

# അന്യപത്രങ്ങൾ

## ഭീഷണിയോ?

—

എസ്. എൻ. ഡി. പി. യോഗത്തിൻെറ ലൈസൻസ് റദ്ദ് ചെയ്യാതിരിക്കാൻ കാരണമുണ്ടെങ്കിൽ പത്തുദിവസത്തിനകം ബോധിപ്പിക്കണമെന്നു കാണിച്ചു തിരുവിതാംകൂർ ഗവർമ്മെണ്ടു യോഗത്തിനയച്ചിരുന്ന നോട്ടീസിനെക്കുറിച്ചു യോഗം ബോർഡ് കൂടിയാലോചിക്കുകയും, ലൈസൻസിൻെറ കാര്യത്തെപ്പററി ഖണ്ഡിതമായ ഒരഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള അധികാരം പൊതുയോഗത്തിനാകയാൽ, അടുത്ത ചിങ്ങമാസത്തിൽ കൂടുന്ന വാൎഷികയോഗത്തീയതിവരേക്കും കാരണം ബോധിപ്പിക്കുന്നതിനുള്ള കാലാവധി നീട്ടിത്തരണമെന്നു ഗവർമ്മേണ്ടിനോടപേക്ഷിക്കുവാൻ തീരുമാനിക്കയും ചെയ്തിരിക്കുകയാണല്ലൊ. എന്നാൽ അങ്ങനെ കാലാവധി നീട്ടിക്കൊടുക്കുവാൻ സാദ്ധ്യമല്ലെന്നും, കവിഞ്ഞാൽ 15 ദിവസങ്ങളിലിടക്ക് മറുപടി ബോധിപ്പിക്കണമെന്നും, ഗവർമ്മെൻറ ഇപ്പോൾ യോഗത്തെ അറിയിച്ചിരിക്കുന്നതായി അസോഷ്യേററഡ് പ്രസ്സിൻെറ തിരുവനന്തപുരം പ്രതിനിധി പ്രസ്താവിച്ചുകാണുന്നു. അതിൽ എത്രകണ്ടു വാസ്തവമുണ്ടെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. വാസ്തവമാണെങ്കിൽ അതു സമുദായത്തിൻെറ നേരെ ഗവർമ്മെൻറിൻെറ ഒരു ഭീഷണിയാണെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. പക്ഷെ അതിൽ യോഗം ഭാരവാഹികൾ പരിഭ്രമിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഗവർമ്മെൻറിൻെറ നോട്ടീസിനെക്കുറിച്ചു പ്രതിപാദിക്കുന്ന സന്ദർഭത്തിൽ യോഗംഭാരവാഹികൾ ലൈസൻസ് റദ്ദ് ചെയ്യാൻ അനുവദിക്കുകയാണെങ്കിൽ അതു കഷ്ടമായിരിക്കുമെന്നു ഞങ്ങൾ ഈ പംക്തികളിൽ പ്രസ്താവിച്ചിരുന്നു. ലൈസൻസില്ലാതെ യോഗത്തിനു പ്രവൎത്തനം തുടൎന്നുകൊണ്ടു പോവാൻ സാദ്ധ്യമല്ലെന്ന വിശ്വാസംകൊണ്ടല്ല ഞങ്ങൾ അങ്ങനെ അഭിപ്രായപ്പെട്ടത്. സമുദായത്തിൻെറ സൎവതോമുഖമായ അഭിവൃദ്ധിക്കുവേണ്ടിയുള്ള പ്രവൎത്തനങ്ങൾക്കു ഹാനികൂടാതെതന്നെ ലൈസൻസ് നിലനിൎത്താമെങ്കിൽ അതൊരിക്കലും അനഭിലഷണീയമായിരിക്കയില്ലെന്ന വിശ്വാസംകൊണ്ടു മാത്രമാണ്. ലൈസൻസില്ലാതെതന്നെ സംഘടിച്ചു നിൽക്കുന്നതിനുള്ള തൻേറടം തിരുവിതാംകൂറിലെ ഈഴവസമുദായത്തിനുണ്ടെന്നു ഞങ്ങൾക്കറിയാം. രാഷ്ട്രീയമായ പ്രവൎത്തനങ്ങൾ ഇന്ന് ഏതൊരു സമുദായത്തിനും ആവശ്യമാണ്. രാഷ്ട്രീയകാര്യങ്ങളിൽ പങ്കില്ലാത്തതും ഇടപെടാത്തതുമായ സമുദായങ്ങളെല്ലാം ഇന്നത്തെ പൊതുജീവിതത്തിൽ പുറംതള്ളപ്പെടുകയേ ഉള്ളൂ. തൻമൂലം ഈഴവസമുദായത്തിൻെറ രാഷ്ട്രീയപ്രവൎത്തനങ്ങൾക്കു തടസ്സമായിനില്ക്കുന്ന ഒരു ലൈസൻസാണ് ആ സമുദായത്തിൻെറ പൊതുസ്ഥാപനമായ എസ്. എൻ. ഡി. പി. യോഗത്തിനുള്ളതെങ്കിൽ ആ ലൈസൻസ് പോകുന്നതിൽ തെല്ലും ഖേദിക്കേണ്ട ആവശ്യമില്ല. തിരുവിതാംകൂറിൽ തന്നെ ലൈസൻസില്ലാതെ സമൎത്ഥമായി പ്രവർത്തനം നടത്തുന്ന പല സാമുദായിക സംഘടനകളുമുണ്ട്. ഇന്ത്യയിലെ ഏററവും വമ്പിച്ച സംഘടനയായ നാഷനൽ കാൺഗ്രസിനു ലൈസൻസില്ല. അതുകൊണ്ടു നാഷനൽ കാൺഗ്രസ്സിൻെറ പ്രവൎത്തനങ്ങൾക്കു യാതൊരു കുഴപ്പവും ഉണ്ടായതായി അറിവില്ല. ആ സ്ഥിതിക്കു എസ്. എൻ. ഡി. പി. യോഗത്തിനു ഒരു തൊട്ടാവാടി ലൈസൻസില്ലെന്നു വച്ചു അത്ര ഭയപ്പെടേണ്ടതുണ്ടെന്നു തോന്നുന്നില്ല.

ലൈസൻസു കൂടിയേ കഴിയൂ എന്നുണ്ടെങ്കിൽ തന്നെ യോഗത്തിനു കൊച്ചിയിലോ മലബാറിലോ ലൈസൻസു എടുക്കുന്നതിനു ഒരു തടസ്സവുമില്ല. സർ ഷൺമുഖത്തെപ്പോലുള്ള ദിവാൻജിമാരുള്ളപ്പോൾ കൊച്ചിയിൽ യോഗത്തിനു തിരുവിതാംകൂറിലെപ്പോലെ അനാവശ്യബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുന്നതല്ലായിരിക്കാം. എങ്കിലും നാട്ടുരാജ്യങ്ങളിൽ എപ്പോഴും പൊതുസംഘടനകൾക്കു ബ്രിട്ടീഷിന്ത്യയിലെപ്പോലെ സ്വാതന്ത്ര്യംഉണ്ടായെന്നു വരുന്നതല്ല. എസ്. എൻ. ഡി. പി. യുടെ നേരെ തിരുവിതാംകൂർ ഗവർമ്മേണ്ടിൻെറ ഭീഷണി പ്രയോഗത്തിൽ വരികയാണെങ്കിൽ യോഗത്തെ മലബാറിലേക്കു ക്ഷണിക്കുന്നതിനു ഞങ്ങൾക്കു സന്തോഷമേ ഉണ്ടാവുകയുള്ളൂ.

(മിതവാദി)

—

## എസ്. എൻ. ഡി. പി. യോഗത്തിൻെറ നേക്ക്

—

തിരുവിതാംകൂർ ഗവർമ്മെൻറിൻെറ പ്രതികാരം ഇപ്പോൾ പാഞ്ഞിരിക്കുന്നത് കേരളത്തിലെ അതിപ്രബലസംഘടനയായ എസ്. എൻ. ഡി. പി. യോഗത്തിൻെറ നേക്കാണ്. മതപരവും സാമൂഹ്യവുമായ കാര്യങ്ങളെ മുൻനിൎത്തി അതിനുവേണ്ടിമാത്രം സ്ഥാപിതമായിട്ടുള്ളതും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതുമായ യോഗം രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നതിനാൽ യോഗത്തിൻെറ രജിസ്റ്റ്രേഷൻ റദ്ദാക്കിക്കളയുമെന്നാണു ഗവർമ്മെൻറിൻെറ ഭീഷണി. ഇതും ഇതിനപ്പുറവും ഉള്ള പ്രവൃത്തികൾ ദിവാൻ സർ സി. പി. യുടെ ഭരണത്തിലുള്ള ഇന്നത്തെ തിരുവിതാംകൂർ ഗവർമ്മെൻറിൽനിന്നു പ്രതീക്ഷിക്കാവുന്ന ഒന്നാകയാൽ ഞങ്ങൾ ഈ വാൎത്തകേട്ടു ഒട്ടും അത്ഭുതപ്പെടുന്നില്ല. പക്ഷേ ഈഴവസമുദായത്തോടുള്ള പ്രതികാരം നിൎവ്വഹിക്കുന്നതിനു എസ്. എൻ. ഡി. പി. യോഗത്തിൻെറ പ്രവൎത്തകന്മാരിൽ ഒരാളായിരുന്ന ചീഫ്സിക്രട്ടറി മി. സി. ഒ. മാധവൻ ആയുധമായി ഭവിച്ച സാഹചര്യവൈചിത്ര്യമാണു അനുകമ്പാർഹമായിരിക്കുന്നത്.

യോഗം രാഷ്ട്രീയകാൎയ്യങ്ങളിൽ ഇതിനുമുമ്പും ഇടപെട്ടിട്ടുണ്ട്. ഗവർമ്മെൻറ അതറിഞ്ഞിട്ടുമുണ്ട്. എന്നാൽ ഇപ്പോൾ ഉത്തരവാദിത്വഭരണത്തിനായി നിലകൊള്ളുന്ന സ്റ്റേറ്റുകാൺഗ്രസിനെ യോഗം സ്വാഗതംചെയ്യുന്നുവെന്നതാ



ജാർജ്ജ് ബർനാഡ് ഷാ

ണെന്നു തോന്നുന്ന യോഗത്തിന്റെ പേരിലുള്ള ചാർജ്ജ്. സ്റ്റേററു കാൺഗ്രസെന്നും ഉത്തരവാദിത്വഭരണമെന്നും കേൾക്കുമ്പോൾ സർ സി. പി. കിടന്നു വിരളുന്നതെന്താണാവൊ?

എസ്. എൻ. ഡി. പി. യോഗം, ലൈസൻസു വാങ്ങി പ്രവർത്തനം നടത്തേണ്ടതായ ഒരു കള്ളുഷാപ്പൊ വെടിമരുന്നുശാലയൊ അല്ല, ഈഴവസമുദായത്തിന്റെ സർവതോമുഖമായ അഭിവൃദ്ധിക്കു നിയമാനുസൃതമായ മാർഗ്ഗത്തിൽ കൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘടനയാണതു്.

രാഷ്ട്രീയകാര്യത്തിൽ ഒരാൾ ഇടപെട്ടതു നിയമവിരുദ്ധമാണെന്ന് പറയാനുള്ള ബുദ്ധിശൂന്യത തിരുവിതാംകൂർ ഗവമ്മെന്റിനുപോലുമുണ്ടാകാനിടയില്ല. ഇതരസമുദായസംഘടനകളും തിരുവിതാംകൂറിൽ എസ്. എൻ. ഡി. പി. യോഗത്തിന്റേതിനു തുല്യമായ കർമ്മപരിപാടിയിൽ അനുവർത്തിച്ചു പ്രവർത്തനം നടത്തുന്നുണ്ടു്. അവയിൽ ചിലതു രജിസ്റ്റർചെയ്തിട്ടുള്ളതും, മററു ചിലതു അപ്രകാരമില്ലാത്തതുമാണ്. പിന്നെ രജിസ്ട്രേഷൻ പോയാലും ഇല്ലെങ്കിലും അതുകൊണ്ടു വലിയ കാര്യമൊന്നുമില്ല. അതിനാൽ ഈ ഓലപ്പാമ്പു കണ്ടു കലുങ്ങാത്ത ഈഴവസമുദായം പരമാദരണീയമായ ഒരാദർശത്തെ മുറുകെപ്പിടിച്ചുകൊണ്ടു അചഞ്ചലരായിതന്നെ പ്രവർത്തനം തുടരണമെന്നു ഞങ്ങൾ ഉദ്ബോധിപ്പിക്കുന്നു. ബുദ്ധിശൂന്യതയുടെ പട്ടികയിൽ ഒരിനംകൂടി വർദ്ധിപ്പിക്കാൻ മാത്രം ഉതകുന്ന ഈ പ്രവൃത്തിയിൽനിന്ന് തിരുവിതാംകൂർ ഗവമ്മെൻറു പിൻവാങ്ങുകയായിരിക്കും നല്ലതു്. (വീരകേസരി)

—

# യുദ്ധത്തെപ്പററി

## ബർനാഡ്ഷാ

ചതഞ്ഞു മുറിഞ്ഞ മൃതശരീരങ്ങൾ കൂടിക്കിടക്കുന്ന നഗരവീഥികളിൽ പിതാക്കളെ വിളിച്ചുകരഞ്ഞുകൊണ്ട് കുട്ടികൾ ചുററിത്തിരിഞ്ഞു നടക്കുന്നതും മരിച്ച മാതാക്കളുടെ മരവിച്ച കൈകളിൽ പിഞ്ചുകുഞ്ഞുങ്ങൾ ശ്വാസംമുട്ടി കൈകാൽ തല്ലുന്നതും ഞാൻ സങ്കല്പിക്കുന്നു. ഇക്കാലത്തു യുദ്ധമെന്നുവച്ചാൽ അതാണ്. അതു് നാളെ സംഭവിച്ചേക്കാം; നാം ഇങ്ങനെ എത്ര ഭയങ്കരമായി തെററുചെയ്യുന്നൊന്നോ എത്ര ദാരുണമായ പ്രാണവേദനയോടെ മരിക്കുന്നൊന്നോ നമ്മുടെയെല്ലാം മാതാവായ പ്രകൃതി തെല്ലും വകവയ്ക്കുന്നില്ലെന്നുള്ളതാണ് എല്ലാററിലും കഷ്ടം.

നമ്മാൽ കഴിവുള്ള കൊലയെല്ലാം നടത്തിയാലും ആ നഷ്ടംതീരാൻ വേണ്ടുവോളം കുട്ടികളെ പ്രകൃതി ഉല്പാദിപ്പിക്കും. മരിച്ചവരുടെ സ്ഥാനങ്ങൾ പ്രകൃതിമാതാവു് നിറയ്ക്കും. ദിവസവും അങ്ങനെ ചെയ്തുകൊണ്ടുതന്നെയിരിക്കുന്നു. പ്രകൃതിക്കു ഒരു സാമ്രാജ്യത്തിന്റെ ജീവൻ ഒരു ഈച്ചയുടേതിനേക്കാൾ വലുതോ ഒരായിരംവർഷം നിങ്ങളോ ഞാനോ ഒരു അരമണിക്കൂറിനെ വിചാരിക്കുന്നതിനേക്കാൾ കാര്യമോ അല്ല.

യുദ്ധം അവസാനിപ്പിക്കുന്നതിനു നാം ദിവ്യപ്രേരണകളെ ഒന്നും ആശ്രയിക്കേണ്ടതില്ല. യുദ്ധം ഇല്ലാതാകണമെന്നുണ്ടെങ്കിൽ മനഃസാക്ഷിയെ മുൻനിർത്തി നാമെല്ലാം യുദ്ധത്തെ വെറുക്കുന്നവരായിത്തീരണം.

യുദ്ധത്തെ അതിന്റെ ആപത്തുകളും അസൗകര്യങ്ങളുംകൊണ്ടല്ല ഞാൻ വെറുക്കുന്നതു്. പിന്നെയോ, ഒരു ന്യൂട്ടനോ ഒരു എയിൻസ്റ്റീനോ ഒരു ബീഥോവനോ ഒരു മൈക്കൽ ഏഞ്ജലോയോ ഒരു ഷേക്സ്പീയറോ ഒരു ഷാ തന്നെയോ ആയേക്കാമായിരുന്നവരുൾപ്പടെ ഇത്ര വളരെ ചെറുപ്പക്കാർ നഷ്ടമാകുന്നതിനാലാണ്. അല്ലെങ്കിൽ അതിലും അത്യാവശ്യമായ ഒരു നെയ്ത്തുകാരനോ ഒരു ഗൃഹനിർമ്മാണവിദഗ്ദ്ധനോ ആകാമായിരുന്ന പലരും അക്കൂട്ടത്തിലുണ്ടായിരുന്നിരിക്കാം. 1914-ൽ ആരുടേയുമല്ലാത്ത ദേശത്തു വധിക്കപ്പെട്ടും അംഗഭംഗം ഭവിച്ചും കിടന്നിരുന്ന ജർമ്മൻ യുവാക്കളേയും അവരുടെ സമീപത്തുതന്നെ കിടന്നിരുന്ന ബ്രിട്ടീഷ് ചെറുപ്പക്കാരേയുംപററി ഞാൻ ദുഃഖിച്ചു. അങ്ങനെ വികാരപരമായി യുദ്ധത്തിൽനിന്നു എനിക്കു ലഭിച്ചതു സംതൃപ്തിയല്ല.

സ്ത്രീകളിൽ സഹജമായുള്ള കലഹശീലം, ധീരതയെപ്പററിയുള്ള മതിപ്പു് എന്നീ മനോഭാവങ്ങൾക്ക് യുദ്ധംമൂലം ഉണ്ടാകുന്ന സംതൃപ്തി ഞാൻ വിസ്മരിക്കുന്നില്ല.

ഇംഗ്ലണ്ടിൽ യുദ്ധാരംഭകാലത്തു പരിഷ്കൃതകളായ യുവതികൾ ഓടിനടന്ന്, യൂണിഫോറം ധരിച്ചിട്ടില്ലാത്ത യുവാക്കന്മാൎക്കു വെള്ളത്തൂവലുകൾ കൊടുക്കുന്നതു ഞാൻ കണ്ടു. കിരാതത്വത്തിൽനിന്നു അവശേഷിച്ചിട്ടുള്ള മററു പലതുംപോലെ ഇതും വളരെ സ്വാഭാവികമാണ്. പക്ഷെ ധീരതയും സമരകുശലതയും യന്ത്രത്തോക്കുകളുടേയും വിഷവാതങ്ങളുടേയും നേരെ വലിയ പ്രയോജനമില്ലെന്നു നമ്മുടെ സ്ത്രീകൾ ഓർക്കേണ്ടിയിരിക്കുന്നു.

യുദ്ധത്തിന്നെതിരായുള്ള സമാധാനവാദപ്രസ്ഥാനം പ്രമാണമായി സ്വീകരിച്ചിരിക്കുന്നതു് 'പർവതപ്രസംഗ'മാണ്. ആ പ്രസംഗം ഏറെ ഹൃദയസ്പൃശ്യമായ ഉൽബോധനമാണ്. നിങ്ങളോടു ദ്വേഷപൂർവം വർത്തിക്കയും നിങ്ങളെ പീഡിപ്പിക്കുകയും ചെയ്യുന്നവരോടു നന്മചെയ്യാൻ അതുപദേശിക്കുന്നു.

പക്ഷെ 'പരസ്പരം സ്നേഹിക്ക' എന്ന തരത്തിലുള്ള ഒരു കല്പനയിൽ മനുഷ്യസ്വഭാവത്തിന്റെ വസ്തുതകൾ അംഗീകരിക്കുന്നതിനുള്ള മൂഢമായ ഒരു വിസമ്മതമാണു ഞാൻ കാണുന്നതു്. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിനെപ്പോലെ ഞാനും പരിപൂർണ്ണനായിരിക്കണമെന്നു നിങ്ങൾ എന്നോടു പറഞ്ഞാൽ, എനിക്കു കഴിയുമായിരുന്നെങ്കിൽ, എന്നു മാത്രമെ എനിക്കു പറയാൻ സാധിക്കയുള്ളു.

ചിലരെപ്പററിയോ മനുഷ്യവർഗ്ഗത്തെപ്പററിയോ നമുക്കുള്ള വെറുപ്പു എത്രതന്നെ നിന്ദ്യമായ ഒരു സഹജീവിയെപ്പോലും വധിക്കാൻ നമുക്കു യാതൊരു അർഹതയും തരുന്നില്ലെന്ന പാഠമാണ് നാം പഠിക്കുവാനുള്ളതു്. ജീവിക്കയും ജീവിക്കാനനുവദിക്കയും ചെയ്യുക എന്നുള്ളതായിരിക്കണം സാമുദായിക നിയമമെന്നു എനിക്കു തോന്നുന്നു. നിർബന്ധപൂർവം ഈ നിയമത്തെ ലംഘിക്കുന്നവരുടെ കാര്യം ഒതുക്കേണ്ടതുപോലെതന്നെ സമാധാനവാദികളും അനാക്രമണവാദികളും തദനുസരണമായി വിവേചനരേഖ വരയ്ക്കുകയും ചെയ്യണം.

മറെറാരു മഹായുദ്ധം നാഗരീകതയെ നശിപ്പിക്കുമെന്നു ഇന്നൊരു പറച്ചിലുണ്ടു്. അതു യുദ്ധം ഏതു തരത്തിലുള്ളതാണെന്നുള്ളതിനെ ആശ്രയിച്ചിരിക്കും. 1914-ലെപ്പോലെ രാജ്യങ്ങൾതമ്മിലുള്ള യുദ്ധമാണെങ്കിൽ അതു നിശ്ചയമായും നാഗരികതയെ നശിപ്പിക്കയില്ല. അതൊരു പക്ഷെ ബ്രിട്ടീഷ് സാമ്രാജ്യത്തെ തവിടുപൊടിയാക്കുകയും ജൂലിയസ് സീസർ കെൻറിൽ വന്നിറങ്ങിയ കാലത്തേപ്പോലെ ഇംഗ്ലണ്ടിനെ അപരിഷ്കൃതമായി ശേഷിപ്പിക്കയും ചെയ്തേക്കാം.

പക്ഷെ, ഏതായാലും നാഗരികതയ്ക്കു രണ്ടു അഭയസ്ഥാനങ്ങളുണ്ടായിരിക്കും. മറെറാരു രാജ്യക്കാരുടെ ആക്രമണം അമേരിക്കൻ ഐക്യസംസ്ഥാനങ്ങളേയും സോവിയററു റഷ്യയേയും സാരമായി ബാധിക്കയില്ല. അവ അത്ര വലുതാണ്. ദൂരം അത്ര വലുതാണ്. അവയെ നശിപ്പിക്കാൻ കഴിയുന്നതു പതിനേഴാം ശതകത്തിലെ മതപരമായ യുദ്ധങ്ങളേപ്പോലുള്ള ആഭ്യന്തരയുദ്ധങ്ങൾക്കാണ്. അത്തരം യുദ്ധമാണു യഥാർത്ഥത്തിൽ നമുക്കിന്നു ആപത്തായിത്തീർന്നിരിക്കുന്നതും.

ബ്രിട്ടീഷ് സാമ്രാജ്യത്തിൽ മുതലാളി തൊഴിലാളി സമരമെന്നൊന്നില്ലെന്നും അവിടെ നാമെല്ലാം തുലോം മാന്യതയുള്ളവരും നമ്മുടെ പാർലമെൻററി ഭരണസമ്പ്രദായത്താൽ തുലോം സംരക്ഷിതരുമാകയാൽ അത്തരം അനിഷ്ടസംഭവങ്ങളൊന്നുമുണ്ടാകാനിടയില്ലെന്നും സൂചി

# സമരം

—

മേടയിൽ, എം. പി. അപ്പൻ
എം. എ. (ആണേഴ്സ്) എൽ. ററി.

തിങ്ങുന്നുസമരത്തിൻ രക്തമേഘങ്ങൾവാനി;
ലിങ്ങുമിന്നന്നില്ലൊററയാശാരശ്മിയുമഹോ!
മന്നിടംനടുങ്ങുമാറിടിനാദവുമാന്നു
ചെന്നിണംവർഷിക്കുന്നിതാകാശപ്പരപ്പയ്യോ!
ഊഴിമേലെങ്ങും ചോരപ്പുഴകളൊഴുകുന്നി-
താഴിവീചികൾചോന്നുകലങ്ങിമറിയുന്നു.
ബോമ്പുകൾപൊട്ടിത്തെറിച്ചെമ്പാടുവ്യാപിച്ചു
ചാമ്പലാകുന്നുരമ്യഭൂഭാഗംപൊടുന്നനെ. [ഹാ!
ധൂമമണ്ഡലംമാറിവിൺതലംതെളിയുമ്പോൾ
ഭീമമാംമഹായുദ്ധം പിന്നെയും തുടരുന്നു.
ജീവിതം രൂപായണാ പൈസയായ്ത്തീന്നല്ലൊ
ഭൂവിലീവിധമെത്ര ചെഞ്ചോരമഴപെയ്താൽ [രീ
ശാന്തിവല്ലരിയെങ്ങും തഴച്ചുപടൎന്നുപൂ-
ങ്കാന്തിയും സൗരഭ്യവും വിശ്വാന്തംവരെവീശും?

—

ക്ഷതയിൽ കഴിയുന്ന ചില ഭോഷന്മാർ അഭിമാനിക്കുന്നു. നാം കഴുത്തുവരെ മുതലാളി തൊഴിലാളിസമരത്തിൽ മുഴുകിയിരിക്കുകയാണ്.

ഇന്നത്തെ നമ്മുടെ രീതികളിൽ എന്താണു തകരാറ്? നാം വേണ്ടിടത്തോളം സാധനങ്ങളുണ്ടാക്കുന്നില്ലെന്നുള്ളതല്ല. പതിനായിരംപേർ കൈകൊണ്ടു ചെയ്തുവന്നതു ഒരു മണിക്കൂർകൊണ്ടു നമ്മുടെ യന്ത്രങ്ങൾ ചെയ്യുന്നു.

പക്ഷെ ഒരു രാജ്യം സാധനങ്ങളുൽപാദിപ്പിച്ചതുകൊണ്ടായില്ല. അതു ശരിയായി വിതരണം ചെയ്കയുംവേണം. അവിടെയാണു നമ്മുടെ സമ്പ്രദായങ്ങൾ കഷ്ടമായനിലയിൽ തകരുന്നതു്.

ഇതു യുക്തിവാദംചെയ്കയൊ കക്ഷിപിടിക്കയൊ ചെയ്യേണ്ട ഒരു കാൎയ്യമല്ല. ഇതു പ്രത്യക്ഷത്തിൽതന്നെ രൂഢവും ദൃഢവുമാണ്. നാം ദൃഢനിശ്ചയത്തോടെ പരിഹാരം ചെയ്തില്ലെങ്കിൽ അതു നമ്മെയും നമ്മുടെ നാഗരികതയേയും തകൎക്കും. എങ്കിലും സദാ ബോൾഷെവിസത്തേയും സ്വാതന്ത്ര്യത്തേയും ഡെമോക്രസിയേയും സർവ്വാധിപത്യത്തേയുംപററി മുറവിളികൂട്ടുകയല്ലാതെ നാമൊന്നും ചെയ്യുന്നില്ല.

എന്റെ ജീവിതകാലത്തു് നമുക്കുവേണ്ടി പ്രൊഫസർ ഫ്ളിൻഡേഴ്സ് പെട്രി ഉത്ഖനനം ചെയ്തിട്ടുള്ള പുതിയ ചരിത്രത്തിലെ ആദ്യപാഠം എന്തെന്നാൽ, ധനം, ജോലി, വിശ്രമം എന്നിവയുടെ ബുദ്ധിഹീനമായ വിതരണത്തെ തുടൎന്നുണ്ടാകാവുന്ന സാമുദായിക നീരസത്തിനും ധനികദരിദ്രകലഹത്തിനും എതിരായി എത്രതന്നെ പ്രശസ്തവും വിശേഷവും ആയിരുന്നാലും നമ്മുടേതുപോലൊരു നാഗരികതയ്ക്കു നിലനില്ക്കുവാൻ സാധിക്കയില്ലെന്നാണ്. നമ്മുടെ സ്കൂളുകളിൽ പഠിപ്പിക്കാത്ത ഒരൊററ ചരിത്രപാഠമുണ്ടെങ്കിൽ അതു ഇതാണ്. ചരിത്രത്തിൽനിന്നു നാമെന്തെങ്കിലും പഠിക്കുന്നുണ്ടെങ്കിൽ അതു മനുഷ്യനു ചരിത്രത്തിൽനിന്നു ഒന്നും പഠിക്കുന്നില്ലെന്നാണ്. ഹെയ്ഗൽ എന്ന ജൎമ്മൻ തത്വജ്ഞാനി പറഞ്ഞിരിക്കുന്നതു എത്രയോ പരമാർത്ഥം!

—

# പട്ടിണിപ്പാവങ്ങൾ

(വക്കം എം. അബ്ദുൽഖാദർ)

(മാരകാകളി)

താമസമില്ലിനിയോമനേ കേഴരു-
താമയമാർന്നമ്മയോതി
ഭാവിയെനോക്കുകയായവൾ സംഭ്രമ
ഭാവപരവശയായി
മാതൃവചസ്സുകളല്പവും കേൾക്കാത്ത
മാതിരിയപ്പൈതൽ മാഴ്കി
തീവിശപ്പൊന്നിലെരിയുകയാണതിൻ
ജീവചൈതന്യമന്നേരം
സാദംപൊറുക്കുവാൻ ക്ലേശം സഹിക്കുവാൻ
സാധിക്കയില്ലതിനൊട്ടും
തിന്നുകയെന്നതിൽ കൂടുതലൊന്നുമ-
തിന്നറിവില്ല; കില്ലില്ല
പിന്നെയും പൊട്ടിക്കരഞ്ഞുടൻ മാതാവിൻ
പിന്നിലിരുന്നതുറക്കെ
തങ്കമേയെന്നുതൻ തള്ളവിളിച്ചതിൻ
തങ്കമുഖത്തു ചുംബിച്ചു
വേദനവന്നവൾ തൻമനഃശക്തിതൻ
വേരുകളൊക്കെയറുത്തു
പേടിയും താപവും മാതൃസിരകളിൽ
പേപിടിച്ചപ്പോളിളകി.
മണ്ണുകൊണ്ടപ്പമുണ്ടാക്കിടുന്നമ്മത-
ന്നുണ്ണിയെപ്പാട്ടിലാക്കീടാൻ
ഭീകരംദാരുണ ദാരിദ്ര്യമേ തവ
ഭീമപരാക്രമമോൎത്താൽ
എത്ര വിചിത്രപവിത്ര ചേതസ്സുക-
ളെത്ര തുടിപ്പൂനിൻ കൈയ്യാൽ
പട്ടിണിപ്പാവത്തിൽ കഷ്ടതകണ്ടുനീ
പൊട്ടിച്ചിരിപ്പൂ കളിപ്പൂ.
'ഇല്ലിനിത്താമസമോമനേ മാമക-
ജീവന്റെ തങ്കക്കുടമേ
നോക്കു നീ വെന്തുപോയപ്പമിതാ നിന-
ക്കേകുവാനമ്മയെടുക്കാം'
തന്മയത്വത്തൊടഭിനയിച്ചുണ്ണിയെ-
ത്തന്മടിത്തട്ടിലിരുത്തി
പട്ടിണിക്കാരി,യപ്പാവമക്കുട്ടിതൻ
പട്ടിണിദേഹം തലോടി
കണ്ണെടുക്കാതെയടുപ്പിലേയ്ക്കമ്മതൻ
'കണ്മണി' നോക്കിയിരുന്നു
ആശാമധുരിമ മാത്രമിറക്കിക്കൊ-
ണ്ടാശിശു നോക്കിയിരുന്നു.
അപ്പമുണ്ടാക്കുകയല്ലമ്മ ചെയ്തതെ-
ന്നല്പവുമക്കുഞ്ഞറിയാ
അന്ധവിശ്വാസ വിരചിതാശ്വാസം ത-
ന്നന്തരംഗത്തിൽ നിറഞ്ഞു.
ആശകൾ വന്നു കൊതികാട്ടി നില്ക്കുകി-
ലാരതിൽ പെട്ടുപോവില്ല?
[illegible] നീയിത്തരുണത്തിലെത്രയ-
നുഗ്രഹവർഷം ചെയ്തില?
അന്ധതേ ജീവിതത്തിന്നൊഴിച്ചുകൂടാത്തൊ [illegible]മാ-
മാവശ്യമാണു നീ നൂനം
നിന്ദ്യമായ് നീയറിയപ്പെടുന്നെങ്കിലും
നിന്നെക്കളയുവാൻ മേലാ
എന്തൊരനുഗ്രഹമാണവിവേകമേ
ചെയ്‌വതു നീയും ചിലപ്പോൾ
ചില്ലിക്കാശൊന്നിനു പോലും പോക്കില്ലാത്ത
തള്ള ചിന്തിക്കയാണേവം
'എൻകുഞ്ഞു പിന്നെയും കേണിടുംദൈവമേ
യെന്തിനി ഞാൻ ചെയ്തിടേണ്ടു?
കുഞ്ഞിക്കൈകൊണ്ടതെൻ നെഞ്ഞത്തടിച്ചു ഹാ!
വിങ്ങിവിങ്ങിക്കരയുമ്പോൾ
കണ്ണുനീർ തൂവിയെന്നാനനം നോക്കിക്കൊ-
ണ്ടമ്മേയെന്നാധി നിറഞ്ഞു,
തീവിശപ്പേററതു പററിക്കരയുമ്പോൾ
ദൈവമേ ഞാനെന്തു ചെയ്യും?
നാലഞ്ചുനാളുകളായി ഞാനെന്നുടെ
നാവു നനയ്ക്കുവതില്ല
രണ്ടു ദിനങ്ങളായിച്ചെറുപൈതലിൻ
പള്ളയൊഴിഞ്ഞു കിടപ്പൂ
മണ്ണുകൊണ്ടപ്പമുണ്ടാക്കിയെന്മട്ടിൽ ഞാ-
നെത്ര വഞ്ചിക്കുമിതിനെ?
മണ്ണപ്പം കൊണ്ടെന്റെ പൈതലിൻവായിൽ
മണ്ണടിച്ചീടുകയില്ല [ഞാൻ
കാശിൻ കടാക്ഷം കിടച്ചവർ ഞങ്ങളിൽ
കാരുണ്യം കാണിപ്പതില്ല
തുള്ളി ജലം പോലും നൽകുന്നില്ലാനന്ദാൽ
തുള്ളിക്കളിക്കുവോരാരും
ഉള്ളവർ ഞങ്ങളെത്തള്ളിക്കളഞ്ഞിടു-
ന്നുള്ളിൽ കനിവിയലാതെ"
കൈകാൽ കുടഞ്ഞതാ കുഞ്ഞു കരഞ്ഞുതു-
ടങ്ങി വിശപ്പു നിമിത്തം
പാലൊളിച്ചന്ദ്രികാധാരയിലന്നേരം
പാരിടം മുങ്ങിക്കിടന്നു
നീലവിശാല വിമോഹന വിണ്ണിങ്കൽ
നിന്നുഡുപങ്ക്തികൾ മിന്നി
പാതിരാപ്പൂക്കളിൽ നിന്നു പരിമളം
വാരിനടന്നു സമീരൻ
ആ മനോഹാരിതയിങ്കൽ പുതഞ്ഞിരു-
ന്നമ്മനം രണ്ടും കരഞ്ഞു.
പട്ടിണിതന്റെ പരുഷമാം മുഷ്ടിയിൽ
പെട്ടവരണ്ടും ഞെരിഞ്ഞു.
കണ്ണുതുറന്നൊന്നു നോക്കുക നീ മുത-
ലാളിത്ത ദുഷ്ടതേ വേഗം
സ്വർണ്ണപ്പടിയിട്ടു മൎത്ത്യമഹിമയെ-
ത്തൂക്കുന്ന നീവീധരത്വം
പൊട്ടിത്തെറിക്കണം പട്ടിണിപ്പാവത്തിൻ
സൗഖ്യങ്ങൾ പൊട്ടിവിടരാൻ
കൎക്കശമാകിന വിത്ത പ്രതാപമേ
നീ തുലഞ്ഞീടാത്തതെന്തേ?
നാറിവളൎന്നിടും നിൻതലകൊയ്യണം
നാകമായ് മാറുവാൻ ലോകം
നാണയക്കുന്നുകൾ വെട്ടി നിരത്തണം
ഞങ്ങൾക്കു മുന്നോട്ടു നീങ്ങാൻ
അമ്മതൻ മേനിയിൽ ചാഞ്ഞു നിശ്ചേഷ്ടമാ-
യമ്മണിപ്പൈതൽ കിടന്നു
മഞ്ഞുകണക്കു മരവിച്ചു പോയതിൻ
മഞ്ജുമെയ്യന്നേരമയ്യോ!
തങ്കമേയെന്നുടനൎത്തുടിപ്പോടവ-
ളോതിയകുഞ്ഞിനെപ്പുൽകി
പട്ടിണിപ്പാടതിൻ പ്രാണനെക്കട്ടൊരു
ദാരുണകൃത്യംനടത്തി
വീണുകിടന്നു ജനനിതന്മാത്രയിൽ
പ്രാണനില്ലാത്തതുപോലെ
വെള്ളിനിലാവിൽനീരാടിയരാത്രിയി-
തൊന്നുമറിയാതെനീങ്ങി.

—

ചെറുകഥ

# ആലപ്പുഴയ്ക്ക്

(പി. കേശവദേവ്)

കുറെ ദിവസങ്ങളായി കുഞ്ഞുകുഞ്ഞു നാണിയോടു പറയാറുണ്ട്, ആലപ്പുഴ ചെന്നാൽ കമ്പനിയിൽ ജോലികിട്ടുമെന്ന്. അവൾ സമ്മതിക്കുകയില്ല. അക്കാര്യം പറയുമ്പോഴെല്ലാം അവൾ ചോദിക്കും, "ഇവിടാരാ" എന്ന്. അവൾക്കു സഹായത്തിനു വേറെ ആരുമില്ലാത്തതിനാൽ, അയാൾ അതിനുത്തരമൊന്നും പറയുകയില്ല. പക്ഷെ, അടുത്തദിവസവും അയാൾ ചോദിക്കും, "നാണീ! ഞാൻ ആലപ്പുഴപ്പോകട്ടെ?" അവൾ ആ പഴയ പല്ലവിതന്നെ പാടും—"ഇവിടാരാ?". അങ്ങനെ ദിവസങ്ങൾ ചിലതു കഴിഞ്ഞു. കർക്കടകമാസമായി—മുഴുത്ത പട്ടിണിയും. കൊച്ചുവാസുവിന് മുഴുപ്പട്ടിണി ആയില്ല—അവനു കുടിക്കാൻ നാണിയുടെ മുലയിൽ പാലുണ്ട്. കുഞ്ഞുകുഞ്ഞും നാണിയും എന്തുകുടിക്കും? എന്തുതിന്നും? ഒടുവിൽ അയാൾ നിശ്ചയിച്ചു, നാണിയുടെ പ്രതിഷേധത്തെ വകവയ്ക്കാതെ ആലപ്പുഴയ്ക്കു പോകുമെന്ന്.

ധാരമുറിയാതെ മഴപെയ്തുകൊണ്ടിരുന്നു. കുഞ്ഞുകുഞ്ഞും നാണിയും അഭിമുഖമായി ഇരിക്കുകയാണ്. പക്ഷെ, അവർ പരസ്പരം നോക്കുന്നില്ല. കൊച്ചുവാസു ഒരു കീറപ്പായിൽ കിടന്നുറങ്ങുന്നുണ്ട്. കുഞ്ഞുകുഞ്ഞ് മൗനം ഭഞ്ജിച്ചു:—"നാണീ!..............."

"ഉം" അവൾ ശിരസ്സുയർത്തി, കുഞ്ഞുകുഞ്ഞിന്റെ മുഖത്തുനോക്കി. അവളുടെ മനസ്സിൽ ഒരു ആന്തലുണ്ടായി. അവൾക്കു മനസ്സിലായി കുഞ്ഞുകുഞ്ഞ് എന്താണു പറയാൻ പോകുന്നതെന്ന്.

കുഞ്ഞുകുഞ്ഞു തുടർന്നുപറഞ്ഞു:—ഞാൻ ആലപ്പുഴപ്പോട്ടെ?"

"ആലപ്പുഴപ്പോയാ, ഇവിടാരാ?" അവൾ പഴയപല്ലവി ആവർത്തിച്ചു.

"ഇവിടെ നിന്നേം കാത്തിരുന്നാ, തിന്നുന്നതെന്താ?"— കഠിനമായ നിരാശയോടുകൂടിയാണയാൾ അങ്ങനെ പറഞ്ഞത്.

നാണി പ്രതീക്ഷിച്ചതല്ല, കുഞ്ഞുകുഞ്ഞിൽനിന്നുള്ള ആ എതിർചോദ്യം. അതിനവൾക്ക് ഉത്തരം തോന്നിയില്ല. അവൾ മൗനമായിരുന്നതേയുള്ളു.

മഴയൊന്നു ശമിച്ചു. കുഞ്ഞുകുഞ്ഞ് നാണിയോടൊന്നും പറയാതെ അവിടെ നിന്നെഴുന്നേറ്റ് പുറത്തേക്കുപോയി. നാണി, ഉറങ്ങുന്ന കൊച്ചുവാസുവിന്റെ അരുകിൽചെന്നു കിടന്നു.

* * *

അടുത്തദിവസം കാലത്തേ, കുഞ്ഞുകുഞ്ഞ് ആലപ്പുഴയ്ക്കു പോകാൻ ഒരുക്കമായി. ആലപ്പുഴ ചെന്നാലുടൻ ജോലികൊടുക്കാമെന്ന് ഒരാൾ ഏറ്റിട്ടുണ്ടെന്നും, കൂലികിട്ടിയാൽ കടം വീട്ടാമെന്നും കുഞ്ഞുകുഞ്ഞു താണുകേണപേക്ഷിച്ചപ്പോൾ, ചാക്കോമാപ്ല ഇരുപത്തിനാലുചക്രം കടംകൊടുത്തു. അതിൽനിന്ന് പതിനാലുചക്രം ചിലവിനായി നാണിക്കുംകൊടുത്തു.

പോകാൻ ഒരുങ്ങിക്കഴിയുന്നതുവരെ നാണി ഒന്നും ഉരിയാടിയില്ല. കുഞ്ഞുകുഞ്ഞ്, വെളുപ്പിച്ചുവച്ചിരുന്ന മുണ്ടെടുത്തുടുത്തു. തോർത്തെടുത്തു പുതച്ചു. യാത്രച്ചിലവിനുള്ള പത്തുചക്രം ഒരു കടലാസുകഷണത്തിൽ പൊതിഞ്ഞ് ഇളിയിൽ തിരുകി. അത്രയുമായപ്പോൾ നാണിയുടെ കണ്ണിൽ വെള്ളംനിറഞ്ഞു. അവൾ സഗദ്ഗദം ചോദിച്ചു:—"എന്നാ വരുന്നെ?"

"കൂലികിട്ടിയാലന്നുതന്നെ ബോട്ടുകേറും"—അയാൾ സ്നേഹപൂർവം അവളെ ഒന്നു തടവി. അവളുടെ ഒക്കത്തിരുന്ന കൊച്ചുവാസു അയാളുടെ നേരെ കയ്യെടുത്തിട്ടു. അയാൾ, അവനെ എടുത്ത് ഒരുമ്മകൊടുത്തു. "നാണീ! എന്റെ കൊച്ചുവാസുനെ നോക്കിക്കോളണേ!"—അയാൾക്കും ഗദ്ഗദമുണ്ടായി.

"പത്തുചക്രം മതിയോ, ആലപ്പുഴെ എത്താൻ?" അവൾ ചോദിച്ചു.

"ഉം"

"അവിടെ ചെന്നാലൊടനെ ജോലികിട്ടില്ലെങ്കി എന്തുചെയ്യും? ഇതീന്നു നാലുചക്രംകൂടെ എടുത്തോ."—അവളുടെ കയ്യിലിരുന്ന ചക്രം അയാളുടെ നേരെനീട്ടി.

"വേണ്ട. ഞാൻ വരുന്നവരെ അതോണ്ടു കഴിയണ്ടായോ"—അയാൾ കുട്ടിയെ അവളുടെ കയ്യിൽ കൊടുത്തിട്ട്, അല്പസമയം ഊർധ്വദൃഷ്ടികളോടെ ധ്യാനനിരതനായി നിന്നു. പെട്ടെന്ന് അയാൾ ഇറങ്ങി നടന്നു.

വഴി തിരിയുന്നിടത്തു നിന്ന് അയാൾ ഒന്നു തിരിഞ്ഞുനോക്കി. നാണി കൊച്ചുവാസുവിനെയും ഒക്കത്തുവച്ച്, അയാളുടെ ഗതിയെ നോക്കിക്കൊണ്ട്, മുറ്റത്തു നിൽക്കുകയാണ്. അയാൾ രണ്ടുമൂന്നടി മുന്നോട്ടു വച്ചു. ഒന്നുകൂടി തിരിഞ്ഞുനോക്കി. നടന്നു മറയുകയും ചെയ്തു.

* * *

മാസം ഒന്നു കഴിഞ്ഞു—കറുത്ത കർക്കടകമാസം കഴിഞ്ഞു. ചിങ്ങം വെളുത്തു.

കുഞ്ഞുകുഞ്ഞിനെപ്പറ്റി ഒരു വിവരവും നാണി അറിയുന്നില്ല. അവൾ ഓരോ നിമിഷവും അയാളുടെ വരവിനെ പ്രതീക്ഷിച്ചിരിക്കുകയാണ്. പതിനാലു ചക്രം കൊണ്ട് അവൾ പന്ത്രണ്ടുദിവസം കഴിച്ചു. മുതലാളൻ തേങ്ങാവെട്ടിക്കാൻ വന്നപ്പോൾ, അവൾചെന്നു സങ്കടം പറഞ്ഞു. അയാൾ രണ്ടു തേങ്ങാ കൊടുത്തു. അതിനു കിട്ടി, ഒന്നരചക്രം. അവളുടെ അകന്ന ഒരമ്മാവൻ ഒരു ദിവസം എവിടെയോ പോയിട്ട്, അവളുടെ വീട്ടിൽചെന്നു. കുഞ്ഞുകുഞ്ഞ് ആലപ്പുഴെ ജോലിക്കു പോയിരിക്കുകയാണെന്നും മറ്റും അറിഞ്ഞപ്പോൾ, അനന്തിരവളുടെ സ്ഥിതിയിൽ സഹതപിച്ച്, അയാൾ എഴുചക്രം കൊടുത്തു. അങ്ങനെ "കുടിച്ചും കുടിയാതെയും" ഒരുമാസം അവൾ ഉന്തിത്തള്ളിവിട്ടു.

പകൽ മുഴുവൻ നാണി, കൊച്ചുവാസുവിനേയും ഒക്കത്തിരുത്തി, കുഞ്ഞുകുഞ്ഞു പോയ വഴിയിൽ നോക്കിക്കൊണ്ടങ്ങിനെ നിലയാണ്. "ജോലി കിട്ടേണ്ട, തിന്നാനൊന്നും വേണ്ട, ഇങ്ങു വന്നാമതി"—അതാണവളുടെ പ്രാർത്ഥന.

കൊച്ചുവാസു സംസാരിക്കും. അമ്മ, അച്ഛ, പാപ്പം, കാക്ക—അത്രയും വാക്കുകളെ അവന്റെ നിഘണ്ടുവിലുള്ളു. എപ്പോഴും ആ വാക്കുകളെത്തന്നെ അവൻ തിരിച്ചും മറിച്ചും ഉരുവിട്ടുകൊണ്ടിരിക്കും. അച്ഛ, പാപ്പം, അമ്മ, കാക്ക—അങ്ങനെയാവും ചിലപ്പോൾ. നാണി അതിനെ വ്യാഖ്യാനിക്കും:—"ഉം. അച്ഛൻ പാപ്പം കൊണ്ടുവരും. അമ്മ അതു കാക്കക്കുകൊടുക്കാതെ, മോനു തരും". അവൾ അവനെ 'കിക്കിളി'യിട്ടു ചിരിപ്പിക്കും. അവൻ ചിരിച്ചു ചിരിച്ചു ശ്വാസം മുട്ടും.

ചിലപ്പോൾ "അച്ഛ, അച്ഛ, അച്ഛ...."എന്നു മാത്രം അവൻ പറഞ്ഞുകൊണ്ടിരിക്കും. നാണി, വഴിയിലേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു പറയും:—"അതാവരുന്നു, മോന്റെ അച്ഛൻ." കുറെനേരം അവൻ ചൂണ്ടിയഭാഗത്തേക്ക് കൗതുകത്തോടുകൂടി നോക്കും. ആരെങ്കിലും വഴിയിൽകൂടി പോകുന്നതുകണ്ടാൽ അവൻ ആഹ്ലാദത്തോടുകൂടി വിളിക്കുകയായി:—"അച്ഛ, അച്ഛ, അച്ഛ......."

അങ്ങനെ നാണിയുടെ വിനാഴികകളും, നാഴികകളും, ദിനങ്ങളും, രാത്രികളും കഴിഞ്ഞുകൊണ്ടിരുന്നു. ഓണം അടുത്തു കുഞ്ഞുകുഞ്ഞു വന്നില്ല. കുഞ്ഞുകുഞ്ഞിനെപ്പറ്റി ഒരു വിവരവും ഇല്ല.

ഉത്രാടം ഉച്ചതിരിഞ്ഞു. നാണി വഴിയിലേക്കു നോക്കിക്കൊണ്ട് മുറ്റത്തു നിലയാണ്. "ഇന്നു വരും. ഇന്നുവരാതിരിക്കത്തില്ല."—അവൾ സ്വയം പറഞ്ഞുകൊണ്ടിരുന്നു. "ഇല്ല. ഇല്ല"—അങ്ങനെ ഒരു സ്വരം അവളുടെ ഉള്ളിൽനിന്നു കേൾക്കായി. അതു കേൾക്കാത്തമട്ടിൽ അവൾ ഉറപ്പിച്ചുപറഞ്ഞു:—"ഇന്നുവരും. ഇന്നുവരും. ഇന്നുവരാതിരിക്കത്തില്ല."

സന്ധ്യകഴിഞ്ഞു. അന്നുമുഴുവൻ നാണി ഒന്നും കഴിച്ചിട്ടില്ല. മുലയിൽ പാലുമില്ല. കൊച്ചുവാസു വാടിത്തളർന്ന് ഉറക്കമായി. അയൽവീടുകളെല്ലാം, ആഹ്ലാദംകൊണ്ടു തുള്ളുകയാണ്. കുട്ടികൾ ആർപ്പുവിളിച്ചും, പാട്ടുപാടിയും, ഓണത്തപ്പനെ എതിരേൽക്കുന്നു.

നാണി കൊളുത്തിവച്ച സന്ധ്യാദീപം, വെറും തിരികത്തി അണഞ്ഞു—അന്ധകാരം, പട്ടിണിക്കു മറപിടിച്ചു.

"മാവേലിനാടുവാണീടുംകാലം..........."—അങ്ങനെ എല്ലാവരും മാവേലികാലത്തെ സ്മരിക്കുന്നു. എല്ലാവീട്ടിലും മാവേലിവരുന്നുണ്ട്. നാണിയുടെ കുടിലിൽമാത്രം അദ്ദേഹത്തെ കണ്ടില്ല.

അങ്ങനെ ഇരുന്നിരുന്ന്, അവൾ ഒന്നു കിടന്നു. അവൾ ഉറങ്ങിപ്പോയി.

ചെറ്റവാതിലിൽ ആരോ മുട്ടി. നാണി പിടച്ചെഴുന്നേറ്റു. അവൾ നിശ്ചയിച്ചു, കുഞ്ഞുകുഞ്ഞാണതെന്ന്. വേറെ ആരുണ്ട്, അവളുടെ വാതിലിൽ മുട്ടാൻ? അവളുടെ ഹൃദയം തുടിച്ചു. മനസ്സ് ആഹ്ലാദംകൊണ്ടു തുള്ളി. അവൾ നിസ്സങ്കോചം വാതിൽതുറന്നു. അവൾ ചോദിച്ചു:—"എന്താ, ഇത്ര താമസിച്ചത്?"

"വിളക്കില്ലേ:"—പുറത്തുനിന്ന ആൾ ചോദിച്ചു.

കുഞ്ഞുകുഞ്ഞിന്റെ ശബ്ദമല്ല! നാണിക്കു പരിഭ്രമമായി. അവൾ ഉൽക്കണ്ഠയോടുകൂടി ചോദിച്ചു:—"ആരാത്?"

"ഞാൻ—കുട്ടപ്പൻ. ആലപ്പുഴെന്നു വരികയാ"

നാണിയുടെ ഉൽക്കണ്ഠ വർദ്ധിച്ചു. അവൾ ചോദിച്ചു:—"എന്താ കുട്ടപ്പാ, വർത്താനം? എന്നെ ചതി..........."

"ഇല്ല, പേടിക്കേണ്ട പെങ്ങളെ. കുഞ്ഞുഞ്ഞു ചേട്ടൻ പറഞ്ഞിട്ടാ, ഞാനിങ്ങോട്ടു കേറീത്. ഒരു രൂപായും, കൊച്ചുവാസുനൊരുടുപ്പും തന്നയച്ചിട്ടുണ്ട്."

നാണിക്കു ആശ്വാസമായി. കുഞ്ഞുകുഞ്ഞു ജീവനോടുകൂടിത്തന്നെ ഇരിക്കുന്നു! ഒരു രൂപ

യും, കൊച്ചു വാസുവിന് ഓണത്തിനൊരുടുപ്പും, കൊടുത്തയച്ചിരിക്കുന്നു! അവൾ ചോദിച്ചു:—"എന്താ വരാഞ്ഞതു്?നാളെയോണമല്ല്യോ?"

കുട്ടപ്പൻ പറഞ്ഞു:—"ഈ ഒരു രൂപായാണ്: ഇങ്ങോട്ടും അങ്ങോട്ടും ബോട്ടുകൂലി കൊടുത്താപ്പിന്നെ എന്തൊണ്ടാവാനാ, പെങ്ങളെ? അടുത്തമാസത്തി കൂടുതലു് കൂലി കിട്ടുമ്പ വരാമെന്നു പറയാൻ പറഞ്ഞു."

"ആലപ്പുഴെ സൊകമാണോ കുട്ടപ്പാ?"

"കുഞ്ഞൂഞ്ഞു ചേട്ടൻ ജോലിപഠിച്ചു വരികയാ. നല്ലപോലെ നെയ്യാലേ, നല്ല കൂലി കിട്ടത്തൊള്ളൂ. പിന്നൊരു കാര്യം—എന്നും ജോലി കിട്ടത്തില്ല പെങ്ങളേ"—അയാൾ തീപ്പെട്ടി ഉരച്ചു് ഒരു ബീഡി കത്തിച്ചുകൊണ്ടു തുടന്നു:—"വിളക്കിലൊന്നുമില്ലേ, പെങ്ങളെ?"

"ഒന്നുമില്ല കുട്ടപ്പാ"

കുട്ടപ്പൻ വീണ്ടും തീപ്പെട്ടി ഉരച്ചു. ഇരുപത്തി എട്ടര ചക്രം നാണിയുടെ കയ്യിൽ എണ്ണി ഇട്ടുകൊടുത്തു. ഉടുപ്പും കൊടുത്തു. നാണി ഒന്നു മന്ദഹസിച്ചു.

"ഇനി ആലപ്പുഴെ പോകുമ്പഴിതിലേവരാം" അങ്ങനെ പറഞ്ഞിട്ട് കുട്ടപ്പൻ പോവുകയും ചെയ്തു.

ഏഴ ചക്രം കൊണ്ടു് നാണി ഓണം ഘോഷിച്ചു. ബാക്കി ഇരുപത്തിഒന്നര ചക്രമുണ്ടു്. അതുകൊണ്ടു കഴിയണം, ഒരു മാസം.

ഓണംകഴിഞ്ഞു് കുട്ടപ്പൻ ആലപ്പുഴക്കുപോകും വഴി നാണിയെ വന്നുകണ്ടു. അവൾ,അവളുടെ ദുരിതങ്ങളെല്ലാം അയാളോടു വിസ്തരിച്ചുപറഞ്ഞു. പതിനാലുചക്രം ചിലവിനുകൊടുത്തിട്ടുപോയതും, അമ്മാവൻ വന്നപ്പോൾ ഏഴുചക്രം കൊടുത്തതും, മുതലാളൻ രണ്ടുതേങ്ങാ കൊടുത്തതും അങ്ങിനെ ഒരു മാസം കഴിഞ്ഞുകൂടിയതും, കൊച്ചുവാസുവിൻെറ ശാഠ്യങ്ങളും, അച്ഛനെ കാണാൻ അവൻ എപ്പോഴും "അച്ഛ, അച്ഛ" എന്നു വിളിക്കുന്നതും, അങ്ങനെ പലതും അവൾ പറഞ്ഞു. ഒടുവിൽ അവൾ ഇങ്ങനെ ഉപസംഹരിച്ചു:—"ഇനി കൂലികിട്ടുന്നന്നു് ഇങ്ങുപോരാൻ പറയണം. കഞ്ഞും കാലും എത്താത്തടത്തുപോയി കെടന്നാ, ഇവിടാര്? പഷ്ണിയാണേലും, സമാതാനമൊണ്ടല്ലോ."

നാണിയുടെ ദുരിതസന്ദേശവും വഹിച്ചുകൊണ്ടു്, കുട്ടപ്പൻ ആലപ്പുഴക്കുപോയി.

* * *

വീണ്ടും മാസം ഒന്നു തികയാറായി. നാണിയുടെ ഇരുപത്തിഒന്നരചക്രം തീർന്നു. ഒരു അയൽവീട്ടിൽ നെല്ലുകുത്തിയതിനു കിട്ടിയ കൂലിയും, താമസിക്കുന്ന പറമ്പിൽ വീണ ഓല ശേഖരിച്ചുവച്ചിരുന്നതു് വിററിട്ടുകിട്ടിയ ചക്രവും, എല്ലാംകൊണ്ടു് അവൾ ഒരുമാസം കഴിച്ചുകൂട്ടി.

കുഞ്ഞുകുഞ്ഞിൻെറ വിവരമൊന്നും ഇല്ല. കുട്ടപ്പനും വരുന്നില്ല. നാണിക്കു പരിഭ്രമമായി. അവൾ കുട്ടപ്പൻെറ വീട്ടിൽചെന്നു അന്വേഷിച്ചു. അവർ പറഞ്ഞു, കുട്ടപ്പൻ തുലാമാസം ഒടുവിലേ വരികയുള്ളു എന്നു്. എന്തു ചെയ്യും!

അതിനിടയിൽ കൊച്ചുവാസുവിന് ഒരു പനിവന്നു. രണ്ടു രാത്രിമുഴവൻ നാണി ഉറക്കമിളച്ചിരുന്നു ശുശ്രൂഷിച്ചു. ദൈവാധീനം!—പനി അങ്ങനെയങ്ങുമാറിപ്പോയി.

ഒരു ദിവസം കൊച്ചുവാസുവിനെ ഒക്കത്തിരുത്തിക്കൊണ്ടു്, നാണി മുററത്തുനിൽക്കുകയായിരുന്നു. കീറിയ കാക്കിഷർട്ടും, തലയിലൊരുകെട്ടും, ചെവിയ്ക്കിടയിൽ പേനയും, മഷിക്കുപ്പിയും, ഒരു കടലാസുകെട്ടും ആയി ഒരാൾ നാണിയുടെ നേരെവന്നു. കുറെ അകലെനിന്നിട്ടു് അയാൾ കടലാസുകെട്ടഴിച്ചു തിരിഞ്ഞുകൊണ്ടുപറഞ്ഞു:—"ഒരെഴുത്തുണ്ടു്."

എഴുത്തോ! നാണിക്ക് എഴുത്തു വരികയോ! അവളുടെ ഉള്ളിൽ ഒരു ആന്തലുണ്ടായി. വെമ്പലോടുകൂടി അവൾ ചോദിച്ചു:—"അയ്യോ! എന്ത്വാ, ദീനം?"

അഞ്ചൽപ്യൂൺ ഒന്നു ചിരിച്ചു. എഴുത്തു നാണിയുടെ മുമ്പിൽ ഇട്ടുകൊടുത്തിട്ട് അയാൾ പറഞ്ഞു:—"വായിച്ചുനോക്കണം." അയാൾ തിരിച്ചുപോവുകയുംചെയ്തു.

നാണി നിശ്ചയിച്ചു, കുഞ്ഞുകുഞ്ഞിനു ദീനമാണെന്നു്. അല്ലെങ്കിൽ എന്തിനു എഴുത്തയക്കണം? അവൾ എഴുത്തും എടുത്തുകൊണ്ടു് അയൽവീട്ടിലെ രാഘവൻെറ അടുക്കലേക്കു ഓടി.

"രാഘവാ! ഇതൊന്നു വായിച്ചേ. കൊച്ചുവാസൂൻെറച്ഛനു ദീനമാന്നു; എഴുത്തുവന്നിരിക്കുന്നു."—അങ്ങനെ പറഞ്ഞു് അവൾ എഴുത്തു രാഘവൻെറ കയ്യിൽകൊടുത്തു.

രാഘവൻ എഴുത്തുപൊട്ടിച്ചു് ഒന്നു വായിച്ചുനോക്കി. അവൻ ചിരിച്ചുകൊണ്ടു ചോദിച്ചു:—"ദീനമാണെന്നാരുപറഞ്ഞു?" ദീനക്കാര്യമൊന്നും ഇതിലില്ലല്ലൊ."

നാണിക്കു വിശ്വാസമായില്ല. അവൾ ദയനീയമായി പറഞ്ഞു:—"നേരുപറ, രാഘവാ. ദീനമില്ലെങ്കിപ്പിന്നെ എഴുത്തയക്കുമോ?"

രാഘവൻ എഴുത്തു് ഉച്ചത്തിൽ വായിച്ചു. നാണിക്കു സമാധാനമായി. കുഞ്ഞുകുഞ്ഞിന് ദീനമൊന്നും ഇല്ല. അടുത്തആഴ്ച കൂലികിട്ടുമ്പോൾ ചിലവിനു ചക്രംകൊടുത്തയക്കാമെന്നു് എഴുതിയിരിക്കുന്നു. രണ്ടുമൂന്നുപ്രാവശ്യം കൊച്ചുവാസുവിൻെറ കാര്യം ചോദിച്ചിട്ടുമുണ്ടു്. ഒരു ചായക്കടയിലാണ് കുഞ്ഞുകുഞ്ഞിൻെറ താമസം. പിന്നെ 'തൊഴിലാളിസംഘടനയെന്നോ മുതലാളിമാരുടെ ചൂഷണമെന്നോ, ഒക്കെ എഴുതിയിരിക്കുന്നു. അതൊന്നും നാണിക്കു മനസ്സിലായില്ല. അവൾ ചോദിച്ചു:—"അതെന്താ രാഘവാ, തൊഴിലാളി........അതെന്ത്വാ?"

രാഘവൻ പറഞ്ഞുകൊടുത്തു:—"വേലക്കാരുടെ സംഘമാ, അതു്. അവരുടെ കാര്യം പറയാൻ."

മനസ്സിലായ ഭാവത്തിൽ നാണി തലകുലുക്കി. "പിന്നെ, മൊതലാളിമാരുടെ..........അതെന്ത്വാ?"

ചൂഷണം! അതു രാഘവനും അറിഞ്ഞുകൂടാ. അവൻ മനസ്സിലായ ഭാവത്തിൽ പറഞ്ഞു:—"മൊതലാളിമാരുടെ ചൂഷണമോ? അതു്, മൊതലാളിമാരു വഴക്കു പറയുന്നതാ".

അതെന്തുമാവട്ടെ; കുഞ്ഞുകുഞ്ഞിനു ദീനമൊന്നും ഇല്ലല്ലൊ; ചിലവിനുള്ള ചക്രം അയാൾ കൊടുത്തയക്കുമല്ലൊ; കൊച്ചുവാസുവിനെപ്പററിയും അന്വേഷിച്ചിട്ടുണ്ടല്ലൊ. അതുമതി—നാണിക്കു ആശ്വാസമായി. അവൾ എഴുത്തുംവാങ്ങിക്കൊണ്ടു തിരിച്ചു പോരുകയും ചെയ്തു.

* * *

അടുത്ത ആഴ്ച കുട്ടപ്പൻ വന്നു. ഒന്നര രൂപയും, നാണിക്ക് ഒരുടുപ്പുമുണ്ടും ജമ്പറും, കൊച്ചുവാസുവിനു കുറെ പലഹാരങ്ങളും കൊണ്ടുവന്നു. ആലപ്പുഴയിലെ വിശേഷങ്ങൾ പറഞ്ഞകൂട്ടത്തിൽ, കുഞ്ഞുകുഞ്ഞു തൊഴിലാളിപ്രസ്ഥാനത്തിൽ പങ്കെടുക്കുന്നുണ്ടെന്നും, അതുകൊണ്ടു മുതലാളികൾക്കു അയാളോടു വിരോധമാണെന്നും, കുഞ്ഞുകുഞ്ഞിനു പ്രസംഗിക്കാൻ അറിയാമെന്നും, തൊഴിലാളി യോഗങ്ങളിൽ അയാളുടെ പ്രസംഗങ്ങൾ ഉണ്ടാകാറുണ്ടെന്നും, തൊഴിലാളികൾക്ക് അയാളെ വലിയ കാര്യമാണെന്നും മററും കുട്ടപ്പൻ നാണിയോടു പറഞ്ഞു. ഒടുവിൽ കുട്ടപ്പൻ ഇങ്ങനെ തുടന്നു:—"ഇപ്പഴാളുമാറിപ്പോയി പെങ്ങളേ! ഷർട്ടും, നേര്യതും എല്ലാം ഇട്ടോണ്ടാ, നടക്കുന്നെ".

നാണി ശൃംഗാരദ്യോതകമായി ഒന്നു ചിരിച്ചു. "ഉടുപ്പും മററൊക്കെ ഇട്ടാ,ആളറിയത്തില്ല കുട്ടപ്പാ. മുമ്പൊണ്ടാര്ന്നതാ, ഒരുടുപ്പ്. അതും ഇട്ടോണ്ടു പോകുന്നകണ്ടാ, ഉദ്യോഗത്തനാന്നു തോന്നും........പിന്നെ, മൊതലാളിമാക്ക് എന്താ കുട്ടപ്പാ വിരോതം?"

കുട്ടപ്പൻ സഗൗരവംപറഞ്ഞു—"കുഞ്ഞൂഞ്ഞു ചേട്ടനോടുമാത്രമല്ല വിരോധം. വേറേയും ചിലരൊണ്ടു്, തൊഴിലാളികളുടെ കാര്യം പറയുന്നവര്, അവര് മൊതലാളിമാരുടെ അക്രമങ്ങളെല്ലാം പ്രസംഗിക്കും. അതാ വിരോധം."

നാണിക്കൊന്നും മനസ്സിലായില്ല. "തൊഴിലാളിക്കാര്യമെന്ത്വാ? മൊതലാളിമാരുടെ അക്രമമെന്ത്വാ?"

കുട്ടപ്പൻെറ ഭാവംമാറി. അയാൾ പൂർവ്വാധികം ഗൗരവത്തിൽ പറഞ്ഞു—"വേല ചെയ്താ കൂലികിട്ടത്തില്ല പെങ്ങളെ. അതാ, തൊഴിലാളിക്കാര്യം. അതാ, മൊതലാളിമാരുടെ അക്രമം. ദിവസോം ദിവസോം കൂലികുറയ്ക്കും. അതു പാടില്ലെന്നുപറഞ്ഞാ, കമ്പനീന്നുപൊറത്തു്. അതു് അക്രമമല്ല്യോ?"

"കിട്ടുന്നോവാങ്ങണം, കുട്ടപ്പാ. വഴക്കുപറഞ്ഞാ, അതും കിട്ടാതാവത്തില്ല്യോ?"

"വേല എടുക്കുന്നോക്കാ ദെണ്ണം"—കുട്ടപ്പൻ ആവേശത്തോടുകൂടിയാണങ്ങിനെ പറഞ്ഞതു്.

നാണി ഊൽപ്പഠ്യഷ്ടികളോടെ പറഞ്ഞു—"എൻറീശ്വരാ! കായും പുത്തനും കിട്ടില്ലേലും, ജീവനോടിങ്ങുവന്നാമതി."

കുട്ടപ്പൻ യാത്രപറഞ്ഞുപോയി.

പിന്നേയും മാസം ഒന്നരകഴിഞ്ഞു. കുഞ്ഞുകുഞ്ഞുവന്നില്ല. അയാളുടെ എഴുത്തും ഇല്ല. കുട്ടപ്പനേയും കാണുന്നില്ല.

"ദീനമാന്നോ?"—അതാണു നാണിയുടെ സംശയം. "ദീനമാണങ്കി, എഴുത്തയക്കത്തില്ല്യോ?"—അതുകൊണ്ടു ദീനമല്ലെന്നവൾ തീരുമാനിച്ചു. അവടെ വല്ലോം..........."—സ്ത്രീസഹജമായ ഒരു സംശയം! പക്ഷെ, ആ സംശയത്തേയും അവൾ സ്വയം നിഷേധിച്ചു—"ചെ! അങ്ങനെ ചെയ്യത്തില്ല."

ഒന്നരരൂപാ എടന്നാതീർന്നു. ആലപ്പുഴനിന്നു രൂപകൊടുത്തയക്കുമ്പോൾ കൊടുക്കാമെന്ന കരാറിൽ, രാഘവൻെറ അമ്മയോടു് എട്ടു ചക്രം കടംവാങ്ങി. അതും തീർന്നു. അതേ കരാറിൽതന്നെ കൊച്ചുണ്ണിമുതലാളിയുടെ പീടികയിൽനിന്നു് രണ്ടിടങ്ങഴി അരിവാങ്ങി. അതും തീർന്നു. മാസം രണ്ടുകഴിഞ്ഞു, കുഞ്ഞുകുഞ്ഞു വന്നില്ല. കുട്ടപ്പനും വന്നില്ല.

അവൾ രാഘവൻെറ അടുത്തുചെന്നു പറഞ്ഞു:—"രാഘവാ! ഒരെഴുത്തയക്കാവോ?"

എഴുതേണ്ടതെല്ലാം അവൾ പറഞ്ഞുകൊടുത്തു. രാഘവൻ എഴുതി. പിന്നെ ഒരു കുഴപ്പം! കുഞ്ഞുകുഞ്ഞിൻെറ മേൽവിലാസം മറന്നുപോയി. എഴുതിയ കത്തു് അയച്ചുമില്ല.

നാണി മൂന്നുപ്രാവശ്യം കുട്ടപ്പൻെറ വീട്ടിൽ ചെന്നു് അന്വേഷിച്ചു. ഒരു വിവരവും കിട്ടിയില്ല. കുഴങ്ങി! അവൾ എന്തുചെയ്യും? അവൾ

ക്ക് ഒരാശ്രയമേ ഉള്ളൂ ഈ ലോകത്തിൽ: അവളുടെ കൊച്ചുവാസുവിന്റെ അച്ഛൻ—അവളെ പതിനേഴാമത്തെ വയസ്സിൽ കല്യാണം കഴിച്ച കാന്തൻ—അവൾക്ക് അയാളും, അയാക്ക് അവളും മാത്രമേ ആലംബമുള്ളൂ.

പട്ടിണി—മുഴുത്തപട്ടിണി—അങ്ങനെ കഴിഞ്ഞു, നാലുദിവസം. അവളുടെ ഹൃദയവും, അവളുടെ വയറും ഒരുപോലെ എരിയുകയായിരുന്നു. ഒടുവിൽ അവൾ നിശ്ചയിച്ചു, ആലപ്പുഴക്കു പോകണമെന്ന്. അവൾ രാഘവന്റെ അമ്മയുടെ അടുത്തുചെന്നു കരഞ്ഞപേക്ഷിച്ചു. ആ സ്ത്രീക്ക് ഒരു കരുണതോന്നി. അവരുടെ കയ്യിലുണ്ടായിരുന്ന പന്ത്രണ്ടരചക്രം നാണിക്കുകൊടുത്തു. നാണി, ആലപ്പുഴക്കു പോകാൻ ഒരുക്കമായി.

അവൾക്കു കുഞ്ഞുകുഞ്ഞു കൊടുത്തയച്ച മുണ്ടും ജമ്പറും എടുത്തു ധരിച്ചു. ഓണത്തിനു കൊടുത്തയച്ച കൊച്ചുടുപ്പ്, കൊച്ചുവാസുവിനെ അണിയിച്ചു. മുററത്തിറങ്ങി കിഴക്കോട്ടു തൊഴുതുനിന്നുകൊണ്ട് ഒന്നു പ്രാത്ഥിച്ചു. ഓച്ചിറ പരദേവക്ക് ഒരു ആൾരൂപം നേന്നു—ഭഗവതിക്ക് ഒരു പായസവും. ഭൂമിതൊട്ട് നെറുകയിൽവച്ചു. കൊച്ചുവാസുവിനെ എടുത്തു ഒക്കത്തുവച്ചു ഒരു നടയുംകൊടുത്തു.

* * *

മണി നാലുകഴിഞ്ഞു, നാണി കയറിയിരുന്ന ബോട്ട് ആലപ്പുഴ ജട്ടിയിൽ അടുത്തപ്പോൾ എന്തൊരു തിക്കും തിരക്കും! ബോട്ടുകൾ ഇങ്ങനെവരുന്നുപോകുന്നു. നോക്കുന്നിടത്തെല്ലാം ഊക്കൻ കെട്ടിടങ്ങൾ. വലിയവലിയ ആളുകൾ—“ഉദ്യോകത്തന്മാർ”—“ഉടുപ്പും കോട്ടും തലക്കെട്ടും ഒള്ളവർ”—അവരങ്ങനെ നിൽക്കുന്നു, ബോട്ടുകടവിൽ “കൊച്ചി-എറണാകുളം”—അങ്ങനെ ഒരുവിളി ഒരുഭാഗത്ത്, “കൊല്ലം, കൊല്ലം”—അതു വേറൊരുഭാഗത്ത്. നാണിയുണ്ടോ, ഇതുവല്ലതും കണ്ടിരിക്കുന്നു! ഇതുവല്ലതും കേട്ടിരിക്കുന്നു! അവൾ കൊച്ചുവാസുവിനേയുംകൊണ്ടു ബോട്ടിൽനിന്നിറങ്ങി, അമ്പരന്നുനിന്നുപോയി.

ഒരു ചെറുപ്പക്കാരൻ ശൃംഗാരഭാവത്തിൽ അവളുടെ അടുത്തുചെന്നിട്ടു പറഞ്ഞു:—“കൊച്ചി, എറണാകുളം”

നാണിക്കു മനസ്സിലായില്ല. അവൾ ചോദിച്ചു:—“കൊച്ചുവാസുന്റച്ഛനെവിടാ?”

അയാൾക്കു ചിരിവന്നു. “കൊച്ചുവാസുന്റച്ഛനോ?”—അല്പം ഒന്നാലോചിച്ചിട്ട് അയാൾ വഴിപറഞ്ഞുകൊടുത്തു, “നേരെയങ്ങുചെന്നാൽ കാണാം” ചിരി അടക്കിക്കൊണ്ട് അയാൾ തിരിഞ്ഞുനടന്നു.

നാണി, റോഡിലിറങ്ങി വലത്തോട്ടുതിരിഞ്ഞുനടന്നു. കുറച്ചങ്ങുചെന്നപ്പോൾ, നാലുഭാഗത്തേക്കും വഴികൾ. അവൾ എങ്ങോട്ടാണു പോവുക? അവൾ അങ്ങനെ അവിടെനിന്നു.

ഒരു റിക്ഷാവണ്ടിക്കാരൻ അവളോടു ചോദിച്ചു:—“എയ്! പോവാം”

അവൾചോദിച്ചു:—“കൊച്ചുവാസുന്റച്ഛനെവിടാ?”

“കൊച്ചുവാസുന്റച്ഛനോ!”—അവൻ പൊട്ടിച്ചിരിച്ചു. അല്പം അകലെ നിൽക്കുന്ന മറെറാരുറിക്ഷാവണ്ടിക്കാരനോട് അവൻ വിളിച്ചു പറയുകയാണ്!—“എടാ, ഉവ്വേ! കൊച്ചുവാസുന്റച്ഛനെ കാണിച്ചുകൊടുക്കാമൊ?”

അവനും പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു:—“പാലംകേറി നേരെ ചെല്ലാൻ പറ.”

അവർ ഒന്നിച്ച് ആത്തുചിരിച്ചു. നാണിക്കു കോപം വന്നു. അവൾ പിന്നെ ആരോടും ഒന്നും ചോദിച്ചില്ല. വരുന്നതു വരട്ടെ!—അവൾ വലത്തോട്ടു തിരിഞ്ഞ് പാലം കടന്നു.

അവിടേയും നാലുഭാഗത്തേക്കും വഴികൾ. അവൾ റോഡരുകിലേക്കു മാറി നിലയായി. കൊച്ചുവാസു പീടികയിലേക്കു ചൂണ്ടിക്കാണിച്ചുകൊണ്ട്, “അപ്പ, പാപ്പം, അമ്മ, പാപ്പം....” എന്നിങ്ങനെ പറയുന്നുണ്ട്. നാണി അതൊന്നും കാണുകയും കേൾക്കുകയും ചെയ്യുന്നില്ല. അവൾ കൊച്ചുവാസുവിന്റെ അച്ഛനെ അന്വേഷിക്കുകയാണ്.

ഇടതു ഭാഗത്തുള്ള റോഡിൽ, അകലെ നിന്ന്, ഒരു ഇരമ്പൽ! നാണി ശ്രദ്ധിച്ചു. ഒരു വലിയ ജനക്കൂട്ടം ദൂരെ നിന്നു വരികയാണ്. അവർ എന്തൊക്കെയോ വിളിച്ചു പറയുന്നുണ്ട്. മുൻപിൽ ചില കൊടികളും മററും ഉയർത്തിപ്പിടിച്ചിട്ടുണ്ട്.

ജനക്കൂട്ടം അടുത്തു തുടങ്ങി. ഒരു മുറുക്കാൻ കടയിൽ ഇരുന്നിരുന്ന ഒരുവൻ മറെറാരുവനോടു ചോദിക്കുകയാണ്:—“അതെന്തോന്നാടോ?”

“തൊഴിലാളികളുടെ പണിമുടക്കാ. അവരുടെ ഘോഷയാത്രയാ വരുന്നെ.”

വേറൊരുവൻചോദിച്ചു:—“ഘോഷയാത്രയും യോഗവും ഒന്നും പാടില്ലെന്നുത്തരവില്ല്യോടോ?”

രണ്ടാമൻ പറഞ്ഞു:—“ആ; അതെനിക്കറിഞ്ഞൂടാ.”

ഘോഷയാത്ര അടുത്തെത്തിക്കഴിഞ്ഞു. മുൻപിൽ നാലുപേർ കൊടികൾ പിടിച്ചിട്ടുണ്ട്. അവരിലൊരുത്തൻ പാടുന്നു. മററുള്ളവർ ഏററുപാടുന്നു. ഇടക്കിടെ പാട്ടു നിറുത്തിയിട്ട് അവർ എന്തൊക്കെയോ ഉച്ചത്തിൽ വിളിച്ചു പറയുന്നു.

ഘോഷയാത്ര നാണിയുടെ അരുകിൽക്കൂടി മുന്നോട്ടു നീങ്ങി, വഴിപോക്കരെല്ലാം റോഡിന്റെ ഇരുപാശ്വങ്ങളിലും നിന്ന് ഉററു നോക്കുകയാണ്.

ഒരു ശബ്ദം! നാണിക്കു പരിചയമുള്ള ഒരു സ്വരം! ഹൃദയത്തുടിപ്പോടുകൂടി അവൾ ജനക്കൂട്ടത്തിലേക്കു നോക്കി. “മുതലാളിത്വം നശിക്കട്ടെ”—കൈ ഉയർത്തിപ്പിടിച്ചുകൊണ്ട് കുഞ്ഞുകുഞ്ഞു ഉച്ചത്തിൽ പറയുകയാണ്.

നാണി മുന്നോട്ടു കുതിച്ചു. അവൾ ആൾക്കൂട്ടത്തിലേക്ക് ഇരച്ചു കയറി.

“പോലീസ്! പോലീസ്!”

പെട്ടെന്ന് ഒരു നിശ്ശബ്ദത! ഒരു നിശ്ചലത!...............ഒരു സംഘം പോലീസ് അടുത്തെത്തിക്കഴിഞ്ഞു.

“മുതലാളിത്വം നശിക്കട്ടെ”—കുഞ്ഞുകുഞ്ഞിന്റെ ശബ്ദം ഉച്ചത്തിൽ മുഴങ്ങി.

അടി!............“മുതലാളിത്വം നശിക്കട്ടെ!”—കുഞ്ഞുകുഞ്ഞ് വീണ്ടും വിളിച്ചുപറഞ്ഞു.

അടി! അടി! അടി!............“മുതലാളിത്വം നശിക്കട്ടെ!”—കുഞ്ഞുകുഞ്ഞിന്റെ ശബ്ദം പതറിപ്പോയി. അടി! അടി! അടി!...........കുഞ്ഞുകുഞ്ഞു നിലംപതിച്ചു.

നാണി എല്ലാംമറന്നു—അവളുടെ കൊച്ചുവാസുവിനേയും, അവളെത്തന്നെയും മറന്നു. അവൾ മുന്നോട്ട് ആഞ്ഞുകുതിച്ചു.

അടി! അടി! അടി! അടി!...........ജനങ്ങൾ നാലുപാടും ഓട്ടം തുടങ്ങി. അടി! അടി! അടി!........

“അയ്യോ! എന്റെ കൊച്ചുവാസുന്റച്ഛൻ” നാണി മലന്നടിച്ചു വീണു. അവളുടെ കൊച്ചുവാസു തെറിച്ചു ദൂരെപ്പോയി. ഒന്ന്, രണ്ട്, മൂന്ന്, നാല്—നാലുപേർ അവളുടെ നെഞ്ചിൽ ചവുട്ടി ഓടിപ്പോയി.

## ഇതു നിങ്ങൾക്കറിയാമോ?

1921-ലെ കാനേഷുമാരി കണക്കുപ്രകാരം ഇന്ത്യയിൽ എഴുതുവാനും വായിക്കുവാനും അറിയാവുന്നവരുടെസംഖ്യ 7ശതമാനമായിരുന്നു. 1931-ൽ 8ശതമാനമായിവദ്ധിച്ചിരിക്കുന്നെന്നു കണ്ടു. 1921-മുതൽ 1931-വരെയുള്ള 10കൊല്ലങ്ങൾക്കിടയിൽ ഉണ്ടായ വർദ്ധനവു ഒരു ശതമാനമെന്നത്ഥം. 150 കൊല്ലത്തെ പരിശ്രമഫലമാണിതു്. ഈ നിലതന്നെ തുടന്നുപോവുകയാണെങ്കിൽ ഇന്ത്യയിൽ എല്ലാവക്കും വിദ്യാഭ്യാസം സിദ്ധിക്കുവാൻ ഇനി 920കൊല്ലം വേണ്ടിവരും.

ഇനി റഷ്യയിലെ സ്ഥിതിയെന്തെന്നു നോക്കുക. 1921-ൽ റഷ്യയിൽ വിദ്യാഭ്യാസം സിദ്ധിച്ചവരുടെ കണക്കു 34 ശതമാനമായിരുന്നു. 1931-ൽ അതു 90 ശതമാനമായി വർദ്ധിച്ചു. എന്നുവച്ചാൽ 10 കൊല്ലംകൊണ്ട് അവിടെയുണ്ടായ വർദ്ധനവ് 56 ശതമാനമാണ്. ഈ പുരോഗതിപ്രകാരംറഷ്യയിൽ ഇപ്പോൾ വിദ്യാഭ്യാസം സിദ്ധിക്കാത്തവരുണ്ടായിരിക്കാനവകാശമില്ല.

ചിലവിന്റെ സ്ഥിതിയെന്തെന്നു ചിന്തിക്കാം. ഇംഗ്ലണ്ടിൽ ഒരു കുട്ടിക്ക് വിദ്യാഭ്യാസത്തിനു ചിലവാക്കുന്നതു 38ക. ഇന്ത്യയിൽ 6 അണയും.

ലോകത്തിലെ വിദ്യാഭ്യാസത്തിന്റെ സ്ഥിതി ചുരുക്കത്തിൽ ഇങ്ങനെപറയാം:—

| | നിരക്ഷരരുടെ ശതമാനം |
|---|---|
| ഇൻഡ്യ | 92 |
| ബ്രി: ഇൻഡ്യ | 82 |
| ഇംഗ്ലണ്ട് | 8 |
| ഫ്രാൻസ് | 6 |
| കാനഡാ | 5 |
| ഐക്യനാടുകൾ | 4 |
| ജപ്പാൻ | 4 |
| ആസ്ത്രേലിയാ | 2 |
| ജമ്മനി | 1 |
| റഷ്യ | 0 |

## സ്വത്തുവേണമെങ്കിൽ പുകവലിക്കരുത്

ഇംഗ്ലണ്ടിൽ ബസ്റ്റൺ എന്ന ഗ്രാമത്തിൽ താമസിച്ചിരുന്നവരും കഴിഞ്ഞ ഒക്ടോബറിൽ മരണംപ്രാപിച്ചവരുമായ മിസ്സ് ആനിഫോൾഡർ എന്ന സ്ത്രീ, അവരുടെ മരണപത്രത്തിൽ എഴുതിവച്ചിരുന്നതു്, തന്റെ സ്വത്തിനു അവകാശികളായിത്തീരുന്ന സ്ത്രീകൾ സിഗററു ഉപയോഗിക്കുന്നവരായിത്തീരരുതെന്നും, ആ ശീലം അവക്കുണ്ടെങ്കിൽ, തന്റെ സ്വത്തിൽ അവക്കുള്ള അവകാശം നഷ്ടപ്പെടുന്നതാണെന്നും ആയിരുന്നു.

“അയ്യോ! എന്റെ കുഞ്ഞ്! എന്റെ പൊന്നച്ഛൻ!”—അതു് ആരും കേട്ടില്ല. ആ രോദനം പുറത്തു വന്നില്ല. അവളുടെ കണ്ണ് അടഞ്ഞുപോയി.

# ഈ അത്ഭുതലോകം

## ഇരുനിറമുള്ള പുഷ്പം

ന്യൂയാക്കിലുള്ള ഒരു തോട്ടത്തിൽ ഒരു വിശേഷപ്പെട്ട റോസാച്ചെടിയുണ്ട്. ഇതിൽ ചുവന്നതും വെളുത്തതും ആയ പൂക്കൾ ഉണ്ടാകുന്നു. ഇതിൻെറ കാരണം കണ്ടുപിടിക്കാൻ ശാസ്ത്രജ്ഞന്മാർ തലപുകഞ്ഞാലോചിക്കുന്നു.

* * *

## കുരുടനായ സ്കിപ്പിംഗ് ചാമ്പിയൻ

കുരുടനായ മി. ചാർലസ് ബ്രാഡ്ലി ആസ്ത്രേലിയായിലെ സ്കിപ്പിംഗ് ചാമ്പിയൻ ആണ്. അരമിനിട്ടിൽ 153 ഒററക്കറക്കവും 79 ഇരട്ടക്കറക്കവും ചെയ്യാൻ അയാൾക്കു സാധിക്കും.

* * *

## ചുംബനം ഒന്നിനു ൫ ഡാളർ

ഡോറൊത്തിയാ കെൻറ എന്ന സുന്ദരിയായ യുവതി സാൻഫ്രാൻസിസ് കോയിൻ ഈയിടെ നടന്ന ഒരു ഉദ്യാനവിരുന്നിൽവച്ച് ചുംബനം ഒന്നിനു അഞ്ചു ഡാളർ വിലക്കു വില്പന നടത്തി. അവൾക്കു അന്നു ഒട്ടുവളരെ പണം സമ്പാദിക്കാൻ സാധിച്ചു.

* * *

## രോമമുള്ള വൃക്ഷം

സ്പെയിനിലും അമേരിക്കയിൽ മിസിസിപ്പിയുടെ തീരത്തും തടിയിലും ശിഖരങ്ങളിലും ഇലകളിലും രോമംകൊണ്ടു മൂടപ്പെട്ട ഒരുതരം വൃക്ഷമുണ്ട്. ഇവ ആഹാരം സമ്പാദിക്കുന്നതു് ഭൂമിയിൽനിന്നു വേരുകളുടെ സഹായത്തോടുകൂടിയല്ല. ഈ രോമങ്ങളാണ് ആഹാരസമ്പാദനം ചെയ്യുന്നതു്.

* * *

## ഒരു അത്ഭുതശിശു

പത്തു ഔൺസ് കൊള്ളുന്ന ഒരു പാത്രത്തിൽ സൂക്ഷിക്കാവുന്നത്രമാത്രം വലിപ്പമുള്ള ഒരു കുട്ടി ഇംഗ്ലണ്ടിൽ കെററിംഗ് ആശുപത്രിയിൽ ജനിച്ചിരിക്കുന്നു. ഈ കുട്ടിയെ ഒരു ടംബ്ളറിൽ സൂക്ഷിക്കുവാൻ സാധ്യമാണത്രെ. ഒരു ഇലക്ട്രിക്കുപെട്ടിയുടെ സഹായത്തോടുകൂടിയാണ് ഈ കുട്ടിക്കു ചൂട് ഏല്പിക്കുന്നതു്.

* * *

## ൨,000 പവൻവിലയുള്ള പോസ്റ്റ്സ്റ്റാമ്പ്

പടിഞ്ഞാറെ ആസ്ത്രേലിയായിൽ നടപ്പിലിരിക്കുന്ന ഒരു സ്റ്റാമ്പിലുള്ള അരയന്നത്തിൻെറ പടം തലതിരിച്ച് അച്ചടിച്ചുപോയതുകൊണ്ട് നാലു പെൻസ്മാത്രം വിലകാണേണ്ട ആ സ്റ്റാമ്പിനു 2000 പവൻ വിലയായിരിക്കുന്നു ആ മാതിരി 50 സ്റ്റാമ്പേ ലോകത്തുള്ളു ഓരോന്നിനും 2000 പവൻ വീതമാണ് വില.

* * *

## മുടി നശിപ്പിച്ചതിന്

റെനെബർകോവിസ് എന്നു പേരായി 9 വയസ്സ് പ്രായമുള്ള ഒരു ബാലികയുടെ മുടി എക്സറെചികിത്സമൂലം നഷ്ടപ്പെടുകയാൽ ആ കുട്ടിക്കു 5000 പവനും അവളുടെ അച്ഛനു 500 പവനും നഷ്ടംകൊടുക്കുവാൻ മിസ്സിസ് ബെല്ലാലെനിൻ എന്ന സ്ത്രീയോടു ന്യൂയോക്കിലെ ഒരു ജഡ്ജി കല്പിച്ചിരിക്കുന്നു. ഈ സ്ത്രീയാണു ചികിത്സനടത്തി കുട്ടിയുടെ മുടി നഷ്ടപ്പെടുത്തിയതു്.

* * *

## ഒരു വിദ്യ

സ്നേഹിതനെ പരിഹസിക്കുകയോ പററിക്കുകയോ ചെയ്യണമോ? വിദ്യപറഞ്ഞുതരാം. ജന്നലിൽ കണ്ണാടിക്കുതകിടണം. അതിൽ ഈയംകൊണ്ട് പരിഹാസവാചകം എഴുതണം. എഴുത്തുകളെ തുണികൊണ്ടഴിക്കണം. സ്നേഹിതൻ വരുമ്പോൾ ആ അക്ഷരങ്ങളുടെ പുറത്തു തീ നീരാവികൊള്ളിക്കണം. അപ്പോൾ അവ വീണ്ടും പ്രത്യക്ഷപ്പെടും.

* * *

## പുകവലിയിൽനിന്നുള്ള ആദായം

ഇമ്പീരിയൽ ടുബേക്കൊ കമ്പനിക്കാക് കഴിഞ്ഞ ഒരു കൊല്ലത്തിൽ 10,756,013 പവൻ ആദായമുണ്ടായിട്ടുണ്ട്. ഇതത്രയും പുകവലിയിൽ നിന്നു കിട്ടിയിട്ടുള്ള ആദായമാണ്. ഇതു ഒരു കമ്പനിയുടെ കണക്കു മാത്രമാണ്. ആകെ കഴിഞ്ഞ ഒരു കൊല്ലത്തിൽ ബ്രിട്ടനിൽ 65,000,000,000 സിഗരററുകൾ ചിലവായിട്ടുണ്ട്. അതായതു 200,000,000 പവൻ പുകവലിക്കു ചിലവായിട്ടുണ്ടെന്നർത്ഥം.

* * *

## സോപ്പിൻെറ ചെലവു്

പരിഷ്കൃതലോകം പ്രതിവർഷം 10,000,000,000, റാത്തൽ സോപ്പ് ഉണ്ടാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. 1,500,000,000 പേർ അഥവാ ലോകത്തിലെ ജനസംഖ്യയിൽ മുക്കാൽ പങ്കും സോപ്പ് ഉപയോഗിക്കുന്നവരാണ്. പരിഷ്കൃതനാടുകളിൽ ഒരാൾ ശരാശരി 66 റാത്തൽ സോപ്പു പ്രതിവഷം ഉപയോഗിക്കുന്നു. നെതർലാൻഡ്സ്, ഡെൻമാർക്ക്, കാനഡാ, ജമ്മനി, ഇംഗ്ലണ്ട്, ഫ്രാൻസ്, ഈ രാജ്യങ്ങളാണ് യഥാക്രമം ഏററവും അധികം സോപ്പുപയോഗിക്കുന്നതു്. മിക്കവാറും അതതു രാജ്യങ്ങൾക്കാവശ്യമായ സോപ്പ് ഈ രാജ്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. ചൈനായാണു ഏററവും കുറച്ചു സോപ്പുപയോഗിക്കുന്നതു്. അവിടെ ഒരാൾ ശരാശരി രണ്ട് ഔൺസ് സോപ്പുമാത്രമെ ഉപയോഗിക്കുന്നുള്ളു. ഐക്യനാടുകളിൽ ചിലവാക്കുന്ന സോപ്പിൻെറ അരശതമാനം മാത്രമാണ് അതു്. ആകെ ഉണ്ടാക്കുന്ന സോപ്പിൻെറ എട്ട് ശതമാനം ററായിലററ് സോപ്പുകളാണ്.

* * *

## രക്തബാങ്കുകൾ

രക്തക്കുറവുകൊണ്ട് ചിലപ്പോൾ രോഗികൾക്കു സ്വാസ്ഥ്യന്മാരുടെ രക്തം പകരേണ്ടിവരും. ഇതിലേക്കു രക്തം വില്ക്കുന്നവരുണ്ട്. ആവശ്യപ്പെടുമ്പോൾ മാത്രമാണ് ഇവരിൽനിന്നു രക്തം എടുക്കുന്നതു്. രക്തം എടുത്തു റിഫ്രിജറേട്ടറിൽ കേടുവരാതെ സൂക്ഷിക്കുന്ന ചില ശാലകൾ ചിക്കാഗോവിലും മററും ഉണ്ട്. അവയെയാണ് രക്ത ബാങ്കുകൾ എന്നു പറയുന്നതു്. ഈ ബാങ്കുകളിൽ രോഗികൾക്കാവശ്യമുള്ള തരത്തിലുള്ള രക്തം എപ്പോഴും കിട്ടും. അവരവരുടെ രക്തംതന്നെ മുൻകൂട്ടി എടുത്തു ബാങ്കിൽ ഡെപ്പാസിററുചെയ്തു തങ്ങൾക്കു വേണ്ടിവരുമ്പോൾ ഉപയോഗിക്കാനും ആവശ്യമില്ലാതെ വന്നാൽ മററുള്ളവക്കു കൊടുക്കാനും സാധിക്കും. ആരോഗ്യമുള്ള ഗർഭിണികളുടെ രക്തം ഇങ്ങനെ എടുത്തു സൂക്ഷിച്ചിട്ട് പ്രസവത്തിൽ അവക്കു ആവശ്യംവന്നാൽ ഉപയോഗിക്കയും ഇല്ലെങ്കിൽ മററുള്ളവക്കായി വില്ക്കുകയും ചെയ്യുന്നുണ്ട്.

* * *

## ലോകത്തിലേക്കും വലിയ കാർ

ഇംഗ്ലണ്ടിൽ വൂൾവർഹാംപ്ടൺ എന്ന സ്ഥലത്തുള്ള ഒരു വക്ഷാപ്പിൽ ലോകത്തിലേക്കും ഏററവും വലിയ ഒരു മോട്ടാർകാറിൻെറ പണി പൂർത്തിയായിരിക്കുന്നു. ആരേയും അറിയിക്കാതെ എത്രയും രഹസ്യമായിട്ടാണ് ഇതിൻെറ നിമ്മാണം സാധിച്ചിരിക്കുന്നതു്.

36 അടി നീളമുള്ള ഗംഭീരാകൃതിയായ ഒരു സ്ട്രീംലൈൻഡ് കാറാണ് ഇതു്. സാധാരണ ഒരു കാറിൻെറനീളം 14 അടിയാണല്ലൊ. 300 കുതിരശക്തിവീതമുള്ള രണ്ടു എൻജനും എട്ടു ചക്രങ്ങളും കൈകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള ടയറുകളുമാണ് ഇതിനുള്ളതു്. ഓരോ ടയറിനും നൂറിൽക്കൂടുതൽ പവൻവീതം ചെലവായിരിക്കുന്നു.

ക്യാപ്ററൻ ജാർജ് എയ്സ്റ്റൺ എന്നയാളാണ് ഈ കാറിൻെറ ഉടമസ്ഥനും നിമ്മാതാവും. വേഗതയുടെ ലോകറിക്കാർഡ് തനിക്കു നേടണമെന്നാണ് ക്യാപ്ററൻെറ ആഗ്രഹം. അത്ഭുതപൂർവ്വമായ ഈ വാഹനം മണിക്കൂറിൽ 400മൈൽ വേഗത്തിൽ ഓടുമെന്ന് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. സ്ട്രീംലൈൻഡ് മാതൃകയാകയാൽ ഗംഭീരാകൃതിയായ ഒരു മത്സ്യത്തിൻെറ ആകൃതിയാണ് ഇതിനുള്ളതു്. ഇന്നത്തെ സ്പീഡ് റിക്കാർഡ് നേടീട്ടുള്ള സർ മാൽക്കോം ക്യാംബെല്ലിൻെറ ബ്ളൂബേർഡ് എന്ന കാറിനേക്കാൾ ഇരട്ടിശക്തി ഈ പുതിയ കാറിനുണ്ടെന്നു പറയപ്പെടുന്നു. രണ്ടുവഷകാലത്തിനു മുമ്പു സർ മാൽക്കോം ലോകറിക്കാർഡ് നേടിയതു്, മണിക്കൂറിൽ 301മൈയിൽ വേഗതയുള്ള "ബ്ളൂബേർഡ്" മുഖേനയാണ്.

പുതിയ കാറിൻെറ മുൻവശത്തു നാലു ചക്രങ്ങൾ ഘടിപ്പിച്ചിരിക്കുന്നു. അവയെല്ലാം സ്റ്റീയറിങ്ങുമായി ബലമായി ബന്ധിച്ചിട്ടുമുണ്ട്. പിൻവശത്തുള്ള ചക്രങ്ങളാകട്ടെ, വൻതരം ലോറികളുടേതുപോലെ ഇരട്ടപന്നവയാണ്. 38 വയസ്സുപ്രായമുള്ള ക്യാപ്ററൻ എയ്സ്റ്റൺ വലിയ സമ്പന്നനൊന്നുമല്ല. തൻെറ സ്വത്തുമുഴുവൻ അദ്ദേഹം ഈ കാറിൻെറ നിമ്മാണത്തിനുവേണ്ടി ചെലവഴിച്ചിരിക്കുന്നു. അത്ഭുതകരമായ ഈ വാഹനത്തിൻെറ വിവരങ്ങളൊന്നും അദ്ദേഹം ആരോടും പറയുന്നില്ല.

———